33rd Year of Service 2025

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

October 27, 2025 Vol. XXXIII No. 44

## Rosa Mystica Care Home

Near Caritas Matha Hospital, MC Road, Kottayam, Phone: 8547917898, 8547444579

web:www.rosamysticacarehome.com, You Tube: Rosa mystica Care Home, E-mail:rosamysticacarehome@gmail.com

Branch: Opp.CMS College Main ground, Kottayam-01, Phone: 8547917898, 6238917898,7012783053, 8547916898



Branch all ready started in Kottayam





**കുറച്ചു കാലത്തേക്കോ, സ്ഥിരമായിട്ടോ വിശ്രമജീവിതം ആഗ്രഹിക്കുന്നവർക്കായ് ആരോഗ്യവും സന്തോഷവും സമാധാനവും നിറഞ്ഞ ഭവനാന്തരീക്ഷം ഞങ്ങൾ ഒരുക്കുന്നു.**

### ഞങ്ങളുടെ സേവനങ്ങൾ





- 24 മണിക്കൂറും യൂറോപ്യൻ നിലവാരമുള്ള നേഴ്സിംഗ് പരിചരണം
- ഫിസിയോ തെറാപ്പി & സ്പീച്ച് തെറാപ്പി
- ഡോക്ടറിന്റെ സേവനം (Doctor Visit)
- വിദഗ്ദ്ധ പാലിയേറ്റിവ് കെയർ വിഭാഗം
- Tracheostemy Care, Suction, Bed Ridden with Bedsore care തുടങ്ങി ഒരു ഹോസ്പിറ്റലിൽ കൊടുക്കുന്ന എല്ലാവിധ നേഴ്സിംഗ് കെയർ.
- Folyes catheter and Ryles tube insertion etc...
- Peg tube Feeding
- Critical care support Exg. Ventilator, Bipap etc..
- Heavy Residents നെ lift ചെയ്യുവാൻ ആധുനിക ഉപകരണം (Sling hoist)
- ആംബുലൻസ് സൗകര്യം
- സോഷ്യൽ വർക്കർമാരുടെ (M.S.W) മേൽനോട്ടം
- കൗൺസിലിംഗ്, മാനസിക ഉല്ലാസം നൽകുന്ന പ്രോഗ്രാമുകൾ
- Homely Food
- എ.സി & നോൺ എ.സി. മുറികൾ
- സ്വയം ചലിക്കുവാൻ സാധിക്കാത്തവർക്കുപോലും പ്രകൃതിയുടെ ഭംഗി ആസ്വദിക്കുവാൻ ഇവിടെ അവസരം ഒരുക്കപ്പെടുന്നു.
- ആവശ്യമെങ്കിൽ Hospital Admission with our Bystander





- പരസഹായം വേണ്ടവർക്ക് അവരുടെ മനസ്സറിഞ്ഞ്, ഹൃദയംതൊട്ട് അവരുടെ കൈ കാലുകളായി റോസാ മിസ്റ്റിക്ക പ്രവർത്തിക്കുന്നു.
- ജോലിയിൽ നിന്ന് വിരമിച്ചവർക്ക് വിശ്രമജീവിതം ആനന്ദകരമാക്കാൻ അവസരം ഒരുക്കുന്നു

BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY

SUNNY FINANCIAL STRATEGIES, LLC

**Tom Sunny, CFP®, CLU®, RICP®**
**Financial Advisor & Planner**
847-414-9116 tom@sunnyfinancial.com

- Comprehensive Financial Planning
- Risk Management & Insurance: Life/Disability/Long Term Care/Health/Medicare
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Business Plans/Employee Benefits/Pension
- Retirement Income/Retirement Savings
- Tax Planning Strategies
- Estate Planning: Trusts/Wills
- Education Funds



www.sunnyfinancial.com

475 N Martingale Rd, Suite 1250, Schaumburg, IL 60173

Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.



*Affordable Mortgages Made Easy!*

**ACHIEVE MORTGAGE GROUP, INC.**
NMLS#2449193



**SABU C. ACHETTU**
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net



**SMITHA JAMES**
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com



**THRESIAMMA JOB (THERESA)**
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com



**Achieve Real Estate**
*Achieve Your Dreams*
Call us for All your Needs
**Shawn S. Achettu**
Realtor / Broker
847-529-7962
realtorachettu@gmail.com
**Phone: 847-687-5100**
834 E. Rand Road, Suite 6, Mount Prospect, IL 60056



Scanned with CamScanner



SEEKING A
# SENIOR PASTOR
IPC ORLANDO, FLORIDA

**The India Pentecostal Church** of Central Florida in Orlando, Florida is seeking a Senior Pastor to lead the congregation. IPC Orlando is a vibrant and growing church with a membership that consists of both English and Malayalam speaking adults of diverse age groups, as well as both children and young adults.

The Senior Pastor at a minimum must have a Bachelor's Degree in Christian Theology with fifteen years of ministry experience in leading a similar multi-lingual congregation in the U.S. or Canada.

As the congregation continues to experience consistent growth during the last thirty-eight years, the leader is primed and ready to continue the expansion by relating to a wide variety of people and ages.

Has a desire to disciple our congregation toward depth and service to our Lord and Savior, Jesus Christ.

A U.S. or Canada citizen or permanent resident.

Please contact no later than 20 September 2025 with a current biodata addressed to:
**Pastor Search Committee, IPC Orlando,**
**11551 Winter Garden Vineland Road, Orlando, FL 32836**
(407) 484-8838 psc@ipcorlando.org www.ipcorlando.org



# YOUTH PASTORAL VACANCY

## Bethel Pentecostal Assembly, Bay Area, California

Indian Pentecostal Church seeking a full-time Youth Pastor with a calling and passion to shepherd, teach, mentor and guide the children and youth of a growing Church in the Bay area based on Biblical principles that are culturally relevant. If you are an ordained, married, pentecostal Pastor under 45 yrs of age with a formal theological education who grew up in the US, have previous experience of working with the younger generation and lead by the Holy Spirit to take on this responsibility and legally eligible to work in the US, please contact us in writing at bethelpentecostalca@gmail.com with three references before Sept 12, 2025.

33rd Year of Service 2025
NOT OUR MERIT BUT HIS GRACE · KERALA EXPRESS
# കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 തൊണ്ടിമുതലിൽ പൊരുത്തക്കേട്
9 കേരളത്തിൽ ഭരണം മാറും: അപു ജോൺ ജോസഫ്
11 വി.കെ. ശ്രീകണ്ഠന് സ്വീകരണം നല്കി
16 ചിക്കാഗോ ഗീതാമണ്ഡലം ദീപാവലി ആഘോഷിച്ചു
24 കലാവേദി കരോക്കെ നൈറ്റ് ന്യൂയോർക്കിൽ അരങ്ങേറി




## തെരുവുനായ നിയന്ത്രണം: സംസ്ഥാനങ്ങൾക്ക് സുപ്രീം കോടതിയുടെ നോട്ടീസ്

ന്യൂഡൽഹി: തെരുവുനായ പ്രശ്നത്തിൽ കടുത്ത അതൃപ്തിയുമായി സുപ്രീം കോടതി. തെലങ്കാന, ബംഗാൾ സംസ്ഥാനങ്ങൾ ഒഴിച്ച്, മറ്റു സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ നവംബർ മൂന്നിന് നേരിട്ടു ഹാജരാകണമെന്നാണ് ജസ്റ്റിസ് വിക്രംനാഥ് നിർദേശം നൽകിയിരിക്കുന്നത്. വിഷയത്തിൽ സംസ്ഥാനങ്ങൾ സത്യവാങ്മൂലം നൽകണമെന്ന് സുപ്രീം കോടതി ആവശ്യപ്പെട്ടിരുന്നു. തെലങ്കാനയും ബംഗാളും മാത്രമാണ് അതു നൽകിയത്. കേരളം ഉൾപ്പെടെ സത്യവാങ്മൂലം നൽകാത്ത സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാർ ഹാജരാകണമെന്നാണ് നിർദേശം.

(ശേഷം 34-ാം പേജിൽ)



ചിക്കാഗോ പൗരാവലി നല്കിയ സ്വീകരണത്തിന് മറുപടി പറഞ്ഞുകൊണ്ട് കേരളാ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്റർ അപു ജോൺ ജോസഫ് പ്രസംഗിക്കുന്നു. (ഇടത്തുനിന്ന്): ജെയ്ബു മാത്യു കുളങ്ങര, മാത്യു തട്ടാമറ്റം, സണ്ണി വള്ളിക്കളം, പ്രവീൺ തോമസ്, ഷിബു മുളയാനിക്കുന്നേൽ, സൂസൻ ഡാനിയൽ എന്നിവരാണ് വേദിയിൽ.
(ഫോട്ടോ: മോനു വർഗീസ്)

(അഭിമുഖം: പേജ് 9)

# ഇരുപത്തിയൊന്നാം നൂറ്റാണ്ട് നമ്മുടേത്: ആസിയാൻ ഉച്ചകോടിയിൽ നരേന്ദ്ര മോദി



ആസിയാൻ ഉച്ചകോടിയെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യുന്നു.

ന്യൂഡൽഹി: കിഴക്കൻ മേഖലയിൽ ശ്രദ്ധിക്കുകയെന്ന ഇന്ത്യൻ നയത്തിന്റെ നെടുംതൂണാണ് ആസിയാൻ കൂട്ടായ്മയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയും ആസിയാൻ രാജ്യങ്ങളും തമ്മിൽ വ്യാപാരപങ്കാളിത്തം മാത്രമല്ല, സാംസ്കാരികമായും ഇഴചേർന്നുകിടക്കുന്നവരാണെന്നും അദ്ദേഹം പറഞ്ഞു.

മലേഷ്യൻ തലസ്ഥാനമായ ക്വാലാലംപുരിൽ ഒക്ടോബർ 26-ന് തുടങ്ങിയ 22-ാം ആസിയാൻ ഉച്ചകോടിയെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു മോദി. ഡൽഹിയിൽനിന്ന് വെർച്വലായാണു പ്രധാനമന്ത്രി നേതാക്കളെ അഭിസംബോധന ചെയ്തത്. പല രാജ്യങ്ങളും യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ തീരുവ ഭീഷണിയിൽ തുടരുന്നതിനിടെയാണു പ്രധാനമന്ത്രി നിലപാട് വിശദീകരിച്ചത്. ഇരുപത്തിയൊന്നാം നൂറ്റാണ്ട് നമ്മുടേതാണെന്ന് ഇന്ത്യയെയും ആസിയാനെയും ഉദ്ദേശിച്ച് പ്രധാനമന്ത്രി പറഞ്ഞു. ലോകജനസംഖ്യയുടെ ഏതാണ്ട് നാലിലൊന്നിനെ പ്രതിനിധീകരിക്കുന്നത് നമ്മളാണ്. ഭൂമിശാസ്ത്രം മാത്രമല്ല സംസ്കാരവും മൂല്യവുമെല്ലാം പങ്കുവെക്കുന്നവരാണ് ആസിയാൻ രാജ്യങ്ങൾ. വ്യാപാരത്തിലും സാംസ്കാരിക മേഖലയിലും പങ്കാളികളുമാണ്.

ആസിയാൻ കമ്യൂണിറ്റി വിഷൻ 2045-ഉം ഇന്ത്യയുടെ വികസിത് ഭാരത് 2047-ഉം ലോകത്തിന് സമ്പന്നമായൊരു ഭാവി സമ്മാനിക്കും. ഭക്ഷ്യസുരക്ഷ, ഊർജസുരക്ഷ, കാലാവസ്ഥാ മാറ്റം തുടങ്ങിയ നിർണായക വിഷയങ്ങളിൽ ആസിയാൻ രാജ്യങ്ങളുമായി സഹകരണം ശക്തമാക്കുമെന്നും മോദി പറഞ്ഞു. പ്രകൃതിദുരന്തങ്ങളിൽ ഇന്ത്യ എപ്പോഴും ആസിയാൻ പങ്കാളികൾക്കൊപ്പം ഉറച്ചുനിന്നിട്ടുണ്ട്. സമുദ്ര സുരക്ഷയുൾപ്പെടെ മേഖലകളിൽ സഹകരണം വ്യാപിക്കും. ആസിയാനെ വിജയകരമായി നയിച്ച മലേഷ്യൻ പ്രസിഡണ്ട് അൻവർ ഇബ്രാഹിമിനെ അഭിനന്ദിക്കുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

മോദിയുടെ അഭാവത്തിൽ വിദേശകാര്യമന്ത്രി എസ്. ജയശങ്കറാണ് ഉച്ചകോടിയിൽ ഇന്ത്യൻ പ്രതിനിധിയായി പങ്കെടുക്കുന്നത്. ഇന്ത്യാ-പസഫിക് മേഖലയിലെ സുരക്ഷ, സമാധാനം ഉൾപ്പെടെ വിഷയങ്ങൾ ഉച്ചകോടിയിൽ ചർച്ച ചെയ്യും.

# ശബരിമല സ്വർണക്കൊള്ള: തൊണ്ടിമുതലിൽ പൊരുത്തക്കേട്

തിരുവനന്തപുരം: ശബരിമല സ്വർണക്കൊള്ളക്കേസിൽ ഒന്നാംപ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി നടത്തിയ തെളിവെടുപ്പിൽ 576 ഗ്രാം സ്വർണം പിടിച്ചെടുത്തെങ്കിലും നഷ്ടപ്പെട്ട സ്വർണത്തിൽ കണ്ടെത്താനുള്ളത് ഇനിയുമേറെ.

മൂന്നു തവണയായി ഉണ്ണികൃഷ്ണൻ പോറ്റി ശബരിമലയിൽനിന്ന് കൊണ്ടുപോയത് 4584 ഗ്രാം സ്വർണമാണെന്നാണ് ദേവസ്വം വിജിലൻസ് റിപ്പോർട്ട് ചെയ്തത്. എന്നാൽ, 2019-ൽ തിരികെ സ്ഥാപിച്ച പാളികളിൽ പൂശിയിരിക്കുന്നത് 900.5 ഗ്രാം സ്വർണം. ഇതിൽ തന്നെ 712 ഗ്രാം സ്വർണം ഗോവർധൻ ഉൾപ്പെടെ മൂന്ന് വ്യക്തികൾ സംഭാവന നല്കിയതാണെന്നും കണ്ടെത്തിയിട്ടുണ്ട്. നിലവിൽ തൊണ്ടിയായി കണ്ടെത്തിയത് 576 ഗ്രാം സ്വർണം മാത്രമാണെന്നിരിക്കെ, ബാക്കി സ്വർണത്തെക്കുറിച്ച് ദുരൂഹത തുടരുകയാണ്.

തൊണ്ടിമുതലുമായി തിരിച്ചെത്തിയാൽ, നിലവിലെ വലിയ വിവാദങ്ങളിൽ നിന്ന് തലയൂരാമെന്നും കൂടുതൽ പേരിലേക്ക് അന്വേഷണമുണ്ടാകില്ലെന്നും ദേവസ്വം ബോർഡും സർക്കാരും പ്രതീക്ഷിക്കുന്നുണ്ടെങ്കിലും കാണാതായ സ്വർണത്തിന്റെ കണക്ക് തടസ്സമാകും.

വിജിലൻസ് ശേഖരിച്ച ദേവസ്വം രേഖകളിൽ 1999-ൽ യുബി ഗ്രൂപ്പ് പൂശിയ സ്വർണത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. ദ്വാരപാലക ശില്പങ്ങളിൽ 1564.190 ഗ്രാമും ശ്രീകോവിലിന്റെ വാതിൽ പാളിയിലും കട്ടിളയിലുമായി 2519.760 ഗ്രാമുമാണ് പതിച്ചിരുന്നത്. കോവിലിനു ചുറ്റുമുള്ള 8 തൂണുകളിലും വശങ്ങളിലെ പാളികളിലുമായി 4302.660 ഗ്രാം സ്വർണം പതിപ്പിച്ചിരുന്നുവെന്നും രേഖകളിലുണ്ട്.



ഇതിനിടെ ഒന്നാം പ്രതി ഉണ്ണികൃഷ്ണൻ പോറ്റിയുമായി ബെംഗ്ലൂരുവിലും ബെല്ലാരിയിലും ചെന്നൈയിലുമായി നടത്തിയ തെളിവെടുപ്പിനുശേഷം അന്വേഷണസംഘം ക്രൈംബാഞ്ച് ആസ്ഥാനത്ത് തിരിച്ചെത്തി. ശബരിമലയിൽ തെളിവെടുപ്പ് നടത്തിയശേഷം രണ്ടാംപ്രതി മുരാരി ബാബുവിനെ കസ്റ്റഡിയിൽ വാങ്ങി ഉണ്ണികൃഷ്ണൻ പോറ്റിക്ക് ഒപ്പമിരുത്തി ചോദ്യം ചെയ്തു. കണ്ടെടുത്ത സ്വർണമടക്കം അന്വേഷണസംഘം റിപ്പോർട്ട് കോടതിയിൽ ഹാജരാക്കും.

# ബിഹാറിൽ ടൺ കണക്കിന് സ്വർണ അയിര് കണ്ടെത്തി

പാറ്റ്ന: ഇന്ത്യയിലെ ദരിദ്ര സംസ്ഥാനമെന്ന ചീത്തപ്പേര് മാറ്റാൻ ബിഹാറിന്റെ മണ്ണിനടിയിൽ ടൺ കണക്കിന് സ്വർണശേഖരം കണ്ടെത്തിയതായി റിപ്പോർട്ട്. ബിഹാറിലെ ജമുയി ജില്ലയിൽ 222.8 ദശലക്ഷം ടൺ സ്വർണം അയിര് ഉണ്ടെന്നാണ് ജിയോളജിക്കൽ വിഭാഗം കണ്ടെത്തിയിരിക്കുന്നത്. ഇതോടെ കർണാടക, രാജസ്ഥാൻ തുടങ്ങിയ സംസ്ഥാനങ്ങളെ മറികടന്ന് ബിഹാർ ഇന്ത്യയിലെ സ്വർണ ഉത്പാദനത്തിൽ ഒന്നാം സ്ഥാനത്തെത്തും.

ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ (ജിഎസ്ഐ) കണ്ടെത്തൽപ്രകാരം ഇന്ത്യയുടെ മൊത്തം കരുതൽ സ്വർണശേഖരത്തിന്റെ 44 ശതമാനത്തിനു തുല്യമായ സ്വർണശേഖരമാണ് ബിഹാറിലുള്ളതെന്നു കരുതുന്നു. ഇത് തീർച്ചയായും ബിഹാറിനെ വലിയ സാമ്പത്തിക ശക്തിയായി മാറ്റും. ഖനനപ്രവർത്തനങ്ങൾ വിജയകരമായാൽ ബിഹാറിന് രാജ്യത്തിന്റെ ശക്തമായ സാമ്പത്തിക ചാലകശക്തിയായി മാറാൻ കഴിയും. പ്രശസ്തമായ കോലാർ, ഹുട്ടി സ്വർണ ഖനികളുള്ള കർണാടക ഇതോടെ ബിഹാറിനു പിന്നിലാകും. ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, നാഷണൽ മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ച് വൈകാതെ ഖനനം ആരംഭിക്കുമെന്നാണ് ബിഹാർ അഡീഷണൽ ചീഫ് സെക്രട്ടറിയും മൈൻസ് കമ്മീഷണറുമായ ഹർജോത് കൗർ ബമ്ര പറയുന്നത്.

# ഇനി കെട്ടിട നിർമാണത്തിന് ഉടൻ പെർമിറ്റ്

തിരുവനന്തപുരം: ഉയരം പരിഗണിക്കാതെ 300 ചതുരശ്രമീറ്റർ (3229.17 ചതുരശ്രയടി) വരെ വിസ്തീർണമുള്ള ഇരുനില വീടുകൾക്ക് അപേക്ഷിച്ചാലുടൻ കെട്ടിട നിർമാണ പെർമിറ്റ് നല്കാൻ തീരുമാനം. ഇതോടെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഒട്ടേറെ നിർണായക ഭേദഗതികൾ തയ്യാറായി. നിയമവകുപ്പിന്റെ പരിശോധന കൂടി പൂർത്തിയായാൽ വിജ്ഞാപനമാകും.

നിലവിൽ 7 വരെ മീറ്റർ ഉയരമുള്ള വീടുകളെയാണ് സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് ലഭിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വാണിജ്യ കെട്ടിടങ്ങൾക്ക് സെൽഫ് സർട്ടിഫൈഡ് പെർമിറ്റ് നല്കാനുള്ള വിസ്തീർണവും വർദ്ധിപ്പിക്കും. നിലവിൽ നൂറ് ചതുരശ്ര മീറ്റർ (1076.39 ചതുരശ്രഅടി) എന്നത് 250 ചതുരശ്ര മീറ്ററായി (2890.96 ചതുരശ്ര അടി) ഉയർത്തും. ഇതോടെ ചെറുകിട, ഇടത്തരം വാണിജ്യ കെട്ടിടങ്ങളുടെ നിർമാണങ്ങൾക്ക് അപേക്ഷിച്ചാൽ ഉടൻ അനുമതി ലഭിക്കും.

വ്യവസായ കെട്ടിടങ്ങളുടെ നിർമാണത്തിനും ഇളവുകൾ ബാധകമാക്കിയിട്ടുണ്ട്. ജി ഒന്ന് കാറ്റഗറിയിൽ 200 ചതുരശ്രമീറ്റർ (2152.78 ചതുരശ്ര അടി) വരെ വിസ്തൃതിയുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറികളിലുള്ളതുമായ മുഴുവൻ വ്യവസായ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്കും അപേക്ഷിച്ചാൽ ഉടൻ പെർമിറ്റ് ലഭിക്കുന്ന രീതിയിൽ ചട്ടങ്ങൾ ഉദാരമാക്കാനാണ് തീരുമാനം. കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ സമഗ്ര മാറ്റത്തിനാണ് സർക്കാർ നീക്കം. 117 ചട്ടങ്ങളിൽ ഇരുനൂറിലധികം ഭേദഗതികളാണ് വരുന്നത്. കേരളത്തിന്റെ സ്ഥലപരമായ പരിമിതികളും സവിശേഷതകളും പരിഗണിച്ച് പ്രത്യേക ഇളവ് നല്കും. തദ്ദേശ അദാലത്തിലും നവകേരള സദസ്സിലും ഉയർന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചാണ് ഈ നടപടി.

# ഡോ. ആന്റണി കാട്ടിപ്പറമ്പിൽ കൊച്ചി രൂപത ബിഷപ്

ഫോർട്ട്കൊച്ചി: ഡോ. ആന്റണി കാട്ടിപ്പറമ്പിൽ (55) കൊച്ചി രൂപതയുടെ നിയുക്ത ബിഷപ്പായി. സ്ഥാനാരോഹണച്ചടങ്ങുകൾ ഡിസംബറിൽ നടക്കും. തീയതി പിന്നീട് തീരുമാനിക്കും. വത്തിക്കാനിൽ ലിയോ പതിനാലാമൻ മാർപാപ്പ പുതിയ ബിഷപ്പിനെ പ്രഖ്യാപിച്ചതിനൊപ്പം കൊച്ചി ബിഷപ്സ് ഹൗസ് ചാപ്പലിൽ രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ് ഡോ. ജെയിംസ് റാഫേൽ ആനാപറമ്പിൽ വത്തിക്കാനിൽ നിന്നുള്ള സന്ദേശം വായിച്ചു.

തുടർന്ന് വരാപ്പുഴ ആർച്ച്ബിഷപ് ഡോ. ജോസഫ് കളത്തിപ്പറമ്പിൽ, സ്ഥാനമൊഴിഞ്ഞ ബിഷപ് ഡോ. ജോസഫ് കരിയിൽ, ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ എന്നിവരും ചേർന്ന് നിയുക്ത ബിഷപ്പിനെ സ്ഥാനീയചിഹ്നങ്ങൾ അണിയിച്ചു.

മുണ്ടംവേലി സെ. ലൂയിസ് ഇടവകാംഗങ്ങളായിരുന്ന കാട്ടിപ്പറമ്പിൽ പരേതരായ അഗസ്റ്റിൻ ജേക്കബ്-ട്രീസ ജേക്കബ് ദമ്പതികളുടെ ഇളയമകനാണ് ഡോ. ആന്റണി കാട്ടിപ്പറമ്പിൽ. 1970 ഒക്ടോബർ 14-നായിരുന്നു ജനനം. ആനി, തങ്കമ്മ, എൽസി, കുഞ്ഞപ്പൻ, ട്രീസാമ്മ എന്നിവരാണ് സഹോദരങ്ങൾ.

പൊന്തിഫിക്കൽ ഉർബാനിയ യൂണിവേഴ്സിറ്റിയിൽ നിന്നു ബൈബിൾ അധിഷ്ഠിത ദൈവശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദം നേടിയ ഡോ. ആന്റണി കാട്ടിപ്പറമ്പിൽ 1998 ഓഗസ്റ്റ് 15-ന് ഇവകപള്ളിയിൽ ബിഷപ് ഡോ. ജോസഫ് കുരീത്തറയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. കൊച്ചി അരമന ക്കോടതിയുടെ ചുമതലക്കാരനും കുമ്പളം സെ. ജോസഫ് ഇടവക വികാരിയുമായി സേവനമനുഷ്ഠിക്കുന്നതിനിടെയാണ് സഭ പുതിയ ദൗത്യം ഏല്പിക്കുന്നത്.



പത്തൊൻപത് മാസത്തെ കാത്തിരിപ്പിനൊടുവിലാണ് പുരാതനമായ കൊച്ചി രൂപതയ്ക്ക് പുതിയ ഇടയനെ ലഭിക്കുന്നത്.

2024 മാർച്ചിൽ ബിഷപ് ഡോ. ജോസഫ് കരിയിൽ സ്ഥാനമൊഴിഞ്ഞ ശേഷം ഒക്ടോബർ നാല് വരെ അഡ്മിനിസ്ട്രേറ്ററാണ് രൂപതയുടെ ചുമതല വഹിച്ചിരുന്നത്.

# മോഹൻലാലിന്റെ ആനക്കൊമ്പ് ലൈസൻസ് റദ്ദാക്കി

കൊച്ചി: ആനക്കൊമ്പ് കൈവശംവെക്കാൻ നടൻ മോഹൻലാലിനു സർക്കാർ നൽകിയ ലൈസൻസ് ഹൈക്കോടതി റദ്ദാക്കി. നടപടിക്രമങ്ങളിൽ വീഴ്ചയുണ്ടായെന്നു ചൂണ്ടിക്കാട്ടിയാണ് ഉത്തരവ്. മോഹൻലാലിന് വീണ്ടും ലൈസൻസിന് അപേക്ഷിക്കാൻ തടസമില്ല. ലൈസൻസ് അനുവദിക്കാനുള്ള സർക്കാരിന്റെ നടപടിക്രമങ്ങളിൽ സാങ്കേതികമായ പിഴവുണ്ടായി. നടപടിക്രമങ്ങൾ ഗസറ്റിൽ അടക്കം വിജ്ഞാപനം ചെയ്തിട്ടില്ലെന്നു ചൂണ്ടിക്കാട്ടിയാണു കോടതി ഉത്തരവ്. ആവശ്യമെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് വീണ്ടും ലൈസൻസ് നൽകുന്നതിനു തടസമില്ല. ഇക്കാര്യത്തിൽ പുതിയ വിജ്ഞാപനം ഇറക്കാനും ജസ്റ്റിസുമാരായ എ.കെ. ജയശങ്കരൻ നമ്പ്യാർ, ജോബിൻ സെബാസ്റ്റ്യൻ എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

2011 ഡിസംബർ 21-ന് ആദായനികുതി വകുപ്പ് നടത്തിയ റെയ്ഡിലാണു മോഹൻലാലിന്റെ തേവരയിലെ വീട്ടിൽനിന്നു രണ്ടുജോഡി ആനക്കൊമ്പുകൾ കണ്ടെത്തിയത്. ലൈസൻസ് രേഖകൾ ഹാജരാക്കാതിരുന്നതോടെ വനംവകുപ്പ് നടനെ പ്രതിയാക്കി കേസെടുത്തു. 2015-ൽ പെരുമ്പാവൂർ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചതിനു പിന്നാലെ കേസ് പിൻവലിക്കാനുള്ള നടപടിയും അന്നത്തെ സർക്കാർ തുടങ്ങി. ഇതിനുപിന്നാലെയാണു ആനക്കൊമ്പുകൾ കൈവശംവെക്കാനുള്ള ലൈസൻസ് നൽകി സർക്കാർ ഉത്തരവിറക്കിയത്. ഈ നടപടി ചോദ്യംചെയ്തുള്ള ഹർജിയിലാണു ഹൈക്കോടതി ഉത്തരവ്.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 44
October 27, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

വളരെ ചെറിയ കാര്യങ്ങളെപ്പറ്റി വളരെ ആഴത്തിൽ അറിയുന്നവനാണ് വിദഗ്ധൻ.
**സാമുവൽ ബട്‌ലർ**

വാഗ്ദാനം ചെയ്യാൻ തുനിയുന്നവന് മറക്കാനും കഴിയും.
**തോമസ് ഫുള്ളർ**

# യുഎസ് ഹെലികോപ്റ്ററും യുദ്ധവിമാനവും ദക്ഷിണ ചൈന കടലിൽ തകർന്നുവീണു

വാഷിങ്ടൺ: നിരീക്ഷണ പറക്കലിനിടെ യുഎസ് നാവികസേനയുടെ ഹെലികോപ്റ്ററും യുദ്ധവിമാനവും ദക്ഷിണ ചൈനയിലെ കടലിൽ തകർന്നു വീണു. ആളപായമില്ല.


യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ ഏഷ്യൻ സന്ദർശനത്തിനിടെയാണ് അപകടം. വ്യത്യസ്ത സമയങ്ങളിൽ നടന്ന അപകടങ്ങളെക്കുറിച്ച് യുഎസ് അന്വേഷണം ആരംഭിച്ചു.

വിമാനവാഹിനിയായ യുഎസ്എസ് നിമിറ്റ്സിൽ നിന്ന് പരീക്ഷണ പറക്കൽ നടത്തുമ്പോഴാണ് എംഎച്ച് 60 ആർ ഹെലികോപ്റ്റർ കടലിൽ തകർന്നു വീണത്. മൂന്നുപേരെ രക്ഷപ്പെടുത്തി. 30 മിനിട്ടുകൾക്കുശേഷമാണ് ബോയിങ് എഫ്എ-18 എഫ് സൂപ്പർ ഹോണറ്റ് വിമാനം തകർന്നു വീണത്. നിരീക്ഷണ പറക്കൽ നടത്തുകയായിരുന്നു വിമാനം. പൈലറ്റുമാരെ രക്ഷപ്പെടുത്തി.

തകർന്നു വീഴാനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷണം ആരംഭിച്ചതായി യുഎസ് നാവികസേന പ്രസ്താവനയിൽ അറിയിച്ചു. എഫ്എ-18 എഫ് വിമാനത്തിന്റെ വില 60 മില്യൻ (ഏകദേശം 528 കോടി) യുഎസ് ഡോളറാണ്. അമേരിക്കൻ സേനയിലെ പഴക്കമുള്ള വിമാനവാഹിനിയാണ് നിമിറ്റ്സ്. അടുത്തവർഷം സർവീസിൽനിന്ന് പിൻവലിക്കും.

ഏഷ്യയിൽ ത്രിരാഷ്ട്ര സന്ദർശനത്തിനെത്തിയ യുഎസ് പ്രസിഡണ്ട് ഡോണൾഡ് ട്രംപിനെ സാക്ഷിയാക്കി തായ്‌ലൻഡും കംബോഡിയയും സമാധാന കരാർ ഒപ്പിട്ടിരുന്നു. ഒക്ടോബർ 26-ന് മലേഷ്യയിലെത്തിയ ട്രംപ് ആസിയാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ജപ്പാനും ദക്ഷിണ കൊറിയയും കൂടി സന്ദർശിച്ച ശേഷമാണ് ട്രംപ് മടങ്ങുക.

# സിഎംഎ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനവും കേരളപ്പിറവി ആഘോഷവും ഒക്ടോ. 31-ന്



ചിക്കാഗോ: ചിക്കാഗോ മലയാളി അസോസിയേഷന്റെ (സിഎംഎ) 2025-27 കാലഘട്ടത്തിലേക്കുള്ള ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനവും 69-ാമത് കേരളപ്പിറവി ആഘോഷവും ഒക്ടോബർ 31-ന് വൈകുന്നേരം 7.30-ന് മോർട്ടൻഗ്രോവിലെ സെ. മേരീസ് ക്നാനായ ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെടുന്നു.

കഴിഞ്ഞ 53 വർഷമായി ചിക്കാഗോയിൽ നിലകൊള്ളുന്ന നോർത്ത് അമേരിക്കയിലെ തന്നെ ഏറ്റവും പുരാതനമായ സംഘടനകളിലൊന്നായ ചിക്കാഗോ മലയാളി അസോസിയേഷൻ പ്രവർത്തന മികവുകൊണ്ടും അംഗത്വബലം കൊണ്ടും നോർത്ത് അമേരിക്കയിലെ മലയാളി സംഘടനകളുടെ ഇടയിൽ തലയുയർത്തി നിൽക്കുന്നു.

ഈ സംഘടനയുടെ അടുത്ത രണ്ടു വർഷത്തേക്കുള്ള മികവുറ്റ പ്രവർത്തനങ്ങൾ ഔപചാരികമായി അനുഗ്രഹിച്ച് തുടക്കം കുറിക്കുന്നത് പ്രസ്തുത സംഘടനയെ നാളിതുവരെ വിജയകരമായി നയിച്ച മുൻ പ്രസിഡണ്ടുമാരാണ്. അതോടൊപ്പം 69-ാമത് കേരളപ്പിറവിയുടെ ആഘോഷങ്ങൾ ആദരണീയനായ ചിക്കാഗോ സീറോമലബാർ സഭാ പിതാവ് മാർ ജോയി ആലപ്പാട്ട് നിർവഹിക്കുന്നതായിരിക്കും. തുടർന്ന് സാറാ അനിലിന്റെ നേതൃത്വത്തിലുള്ള ചിക്കാഗോ മണവാളൻസ് ഗ്രൂപ്പിന്റെ കലാപരിപാടികൾ അരങ്ങേറും.

# ഇന്ത്യയുമായുള്ള സ്വതന്ത്ര വ്യാപാര കരാറിന് ജപ്പാൻ

തിരുവനന്തപുരം: ഈ വർഷാവസാനത്തോടെ ഇന്ത്യയുമായുള്ള സ്വതന്ത്ര്യവ്യാപാര കരാറിന് അന്തിമരൂപമാകുമെന്ന് ജർമനി പ്രതീക്ഷിക്കുന്നതായി കർണാടകയിലെയും കേരളത്തിലെയും ജർമൻ കോൺസൽ ജനറൽ അഹിം ബർകർട്ട്, ജർമൻ ഐക്യദിന പരിപാടിയിൽ അതിഥികളെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

ഇന്ത്യയും ജർമനിയും തമ്മിൽ നിരന്തരം വളർന്നുകൊണ്ടിരിക്കുന്ന ബന്ധം ഈ വർഷാവസാനത്തോടെ ഇന്തോ യൂറോപ്യൻ സ്വതന്ത്രവ്യാപാര കരാർ അന്തിമമാക്കാനുള്ള സന്നദ്ധതയാണ് കാണിക്കുന്നതെന്ന് അഹിം ബർകർട്ട് പറഞ്ഞു.

യുഎൻ ചാർട്ടറിലെ തത്വങ്ങളോടുള്ള പ്രതിബദ്ധതയിൽ ഇരു രാജ്യങ്ങളും ഐക്യത്തിലാണെന്ന് ലോകമെമ്പാടും നടന്നുകൊണ്ടിരിക്കുന്ന സംഘർഷങ്ങളെക്കുറിച്ച് പരാമർശിച്ചുകൊണ്ട് അദ്ദേഹം ചൂണ്ടിക്കാട്ടി.

ഗൊയ്ഥെ സെന്റർ തിരുവനന്തപുരം ഡയറക്ടറും ഫെഡറൽ റിപ്പബ്ലിക് ഓഫ് ജർമനിയുടെ കേരളത്തിലെ ഓണററി കോൺസലുമായ ഡോ. സയ്യിദ് ഇബ്രാഹിം ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

ഗൊയ്ഥെ സെന്റർ ചെയർമാൻ ജി. വിജയരാഘവൻ സ്വാഗതം പറഞ്ഞു.

ജർമൻ മോഡൽ പാർലമെന്റിലെ വിജയികൾക്ക് അഹിം ബർകർട്ട് പുരസ്കാരം നൽകി. തുടർന്ന് മ്യൂണിക്ക് ആസ്ഥാനമായ ബക്ക് റോജർ സൈഡ്ട്രാക്കേഴ്സ് അവതരിപ്പിച്ച സംഗീത പരിപാടിയും നടന്നു.

# പുന്നത്തുറ സഹ. ബാങ്കിൽ 16 കോടി രൂപയുടെ തട്ടിപ്പ്

കോട്ടയം: പുന്നത്തുറ സഹകരണ ബാങ്കിൽ വ്യാജ ആധാരം ചമച്ചും അനധികൃത വായ്പ അനുവദിച്ചും 16 കോടി രൂപയുടെ തട്ടിപ്പ് നടത്തിയെന്ന് ബാങ്ക് ഓഡിറ്റിങ്ങിൽ കണ്ടെത്തൽ. സംസ്ഥാന ക്രൈംബ്രാഞ്ചും വിജിലൻസും ബാങ്കിലെത്തി പ്രാഥമിക അന്വേഷണം നടത്തി.

2012 മുതൽ 2022 വരെ നടന്ന തട്ടിപ്പിനെക്കുറിച്ച് അന്വേഷണം വേണമെന്നു യുഡിഎഫ് ഭരണസമിതി സംസ്ഥാന ക്രൈംബ്രാഞ്ചിനും വിജിലൻസിനും അയർക്കുന്നം പോലീസിലും നൽകിയ പരാതിയെത്തുടർന്നാണ് നടപടി. തട്ടിപ്പ് നടന്നെന്നു സ്ഥിരീകരിച്ച് രജിസ്ട്രേഷൻ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ട് പുറത്തുവന്നു.

വ്യാജരേഖകൾ ചമച്ച് മുൻ ഭരണസമിതിയിലെ ചില അംഗങ്ങൾ തട്ടിപ്പ് നടത്തിയെന്നാണ് പരാതി. തട്ടിപ്പിനിരയായ ട്രാവൻകൂർ സിമന്റ്സിലെ മരങ്ങാട്ടുപിള്ളി, മൂലവട്ടം സ്വദേശികളായ ജീവനക്കാർ അയർക്കുന്നം പോലീസിൽ പരാതി നൽകി. ഈ പരാതികൾ സംസ്ഥാന ക്രൈംബ്രാഞ്ചിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തിനു കൈമാറുമെന്നു പോലീസ് അറിയിച്ചു.

ഒട്ടേറെപ്പേരുടെ പേരിൽ വ്യാജ പ്രമാണം തയാറാക്കിയും വ്യക്തിഗത വായ്പകൾ നൽകിയും തട്ടിപ്പ് നടത്തിയെന്ന് ഇപ്പോഴത്തെ ഭരണസമിതി കുറ്റാന്വേഷണ ഏജൻസികൾക്കു നൽകിയ പരാതിയിൽ പറയുന്നുണ്ട്.

2003-ൽ പരാതിക്കാരുടെ ഒപ്പം ജോലി ചെയ്തിരുന്നയാളുടെ നിർബന്ധത്തെത്തുടർന്നാണ് ബാങ്കിൽ അംഗത്വം എടുത്തത്. ഇയാൾ ഭരണ സമിതിയിലേക്കു മത്സരിച്ചപ്പോൾ വോട്ട് ചെയ്തു. ഇതു മാത്രമാണ് പരാതിക്കാരന് ബാങ്കുമായുള്ള ബന്ധം.

ഇക്കഴിഞ്ഞ ഓഗസ്റ്റ് എട്ടിനു പരാതിക്കാരന്റെ വീടിനു മുന്നിൽ ബാങ്ക് അധികൃതർ വായ്പയെടുത്ത 19,560,14 രൂപ തിരികെ അടയ്ക്കണമെന്ന നോട്ടീസ് പതിച്ചു. തുടർന്ന് ഇവർ നടത്തിയ അന്വേഷണത്തിലാണ് ബാങ്ക് ഭരണസമിതിയിലെ ചില അംഗങ്ങളുടെ നേതൃത്വത്തിൽ മറ്റൊരാളുടെ പേരിലുള്ള വിലകുറഞ്ഞ 30 സെന്റ് പരാതിക്കാരുടെ പേരിലേക്ക് എഴുതി മാറിയ വ്യാജരേഖകൾ ഉപയോഗിച്ച് ബാങ്കിൽ നിന്നു വായ്പയെടുത്തെന്നു കണ്ടെത്തിയത്.

ഇതോടെ ഇവർ ബാങ്കിൽനിന്നു രേഖകളുടെ പകർപ്പ് ആവശ്യപ്പെട്ടു. തുടർന്നാണ് പോലീസിൽ പരാതി നൽകിയത്. സംഭവത്തെക്കുറിച്ച് അന്വേഷണം നടക്കുന്നതായും തട്ടിപ്പ് നടത്തിയവരെ കണ്ടെത്താൻ പരാതി നൽകിയെന്നും ഇപ്പോഴത്തെ ഭരണസമിതി അറിയിച്ചു.

തട്ടിപ്പുമായി ബന്ധമുണ്ടെന്നു കണ്ടെത്തിയ സെക്രട്ടറിയെ ബാങ്ക് അധികൃതർ സസ്പെൻഡ് ചെയ്യുകയും പിന്നീട് പിരിച്ചുവിടുകയും ചെയ്തു. സെക്രട്ടറിയെ സമീപകാലത്ത് മരിച്ച നിലയിൽ കണ്ടെത്തി. ഇതു സംബന്ധിച്ച വിവരങ്ങളും അന്വേഷണ സംഘങ്ങൾ ബാങ്കിൽനിന്നു തേടിയതായി സൂചനയുണ്ട്.

# പോഷകാഹാര പദ്ധതിക്ക് 93.4 കോടി

തിരുവനന്തപുരം: അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം ഉറപ്പാക്കുന്ന അനുപൂരക പോഷക പദ്ധതിക്ക് 93.4 കോടി രൂപ അനുവദിച്ചതായി മന്ത്രി കെ.എൻ. ബാലഗോപാൽ അറിയിച്ചു. സംയോജിത ശിശു വികസന-സേവന പദ്ധതി (ഐസിഡിഎസ്)യുടെ പ്രധാന ഭാഗമാണിത്.

കുട്ടികളുടെയും അമ്മമാരുടെയും പോഷകാഹാരക്കുറവു പരിഹരിക്കാനും ആരോഗ്യം മെച്ചപ്പെടുത്താനും ആവശ്യമായ പ്രവർത്തനങ്ങളാണു പദ്ധതിയിൽ ഏറ്റെടുക്കുന്നത്. ആറുവയസിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയവരാണു പദ്ധതിയുടെ ഗുണഭോക്താക്കൾ. അങ്കണവാടികൾ വഴിയാണ് ഇവർക്ക് പോഷകാഹാരം ഉറപ്പാക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ചു സംസ്ഥാന വനിതാ ശിശു വികസന വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. കേരളത്തിൽ അങ്കണവാടി കുട്ടികൾക്കു പാലും മുട്ടയും വിതരണം ചെയ്യുന്ന 'പോഷക ബാല്യം' പദ്ധതിയും ഇതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

# മോനിപ്പള്ളിയിൽ തീർത്ഥാടകസംഘത്തിന്റെ ബസ് മറിഞ്ഞ് ഒരു മരണം

കുറവിലങ്ങാട്: ക്ഷേത്രദർശനം കഴിഞ്ഞ് മടങ്ങിയ സംഘം സഞ്ചരിച്ചിരുന്ന ബസ് മറിഞ്ഞ് ഒരാൾ മരിച്ചു. എംസി റോഡിൽ കുറവിലങ്ങാടിനും മോനിപ്പള്ളിക്കുമിടയിൽ ചീങ്കല്ലേൽ ഭാഗത്താണ് അപകടം. ഇരിട്ടി സ്വദേശിനി സിന്ധു പ്രബീഷാണ് മരിച്ചത്. 40 പേർക്ക് പരുക്കേറ്റു. 31 പേരെ മോനിപ്പള്ളി എംയുഎം ആശുപത്രിയിലും സാരമായ പരുക്കേറ്റവരെ കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിച്ചു. ഡ്രൈവർക്കും പരുക്കേറ്റിട്ടുണ്ട്. ആകെ 46 പേരാണ് സംഘത്തിലുണ്ടായിരുന്നത്.

ഒക്ടോബർ 27-ന് പുലർച്ചെ പന്ത്രണ്ടേമുക്കാലോടെയാണ് അപകടമുണ്ടായത്. കണ്ണൂർ ഇരിട്ടിയിലുള്ള ടൂർ ഓപ്പറേറ്ററുടെ നേതൃത്വത്തിൽ നടത്തിയ തീർത്ഥാടനത്തിൽ പങ്കെടുത്ത് മടങ്ങിയ സംഘമാണ് അപകടത്തിൽപ്പെട്ടത്. 23-ന് വൈകുന്നേരമാണ് തീർത്ഥാടകസംഘം ഇരിട്ടിയിൽനിന്ന് യാത്രതിരിച്ചത്. 26-ന് കന്യാകുമാരി, ചെങ്കൽ, ശിവഗിരി ക്ഷേത്രങ്ങൾ സന്ദർശിച്ചശേഷം മടങ്ങുകയായിരുന്നു. മോനിപ്പള്ളി ചീങ്കല്ലേൽ ഭാഗത്ത് വളവ് തിരിയുന്നതിനിടയിൽ ബസിന്റെ നിയന്ത്രണം നഷ്ടപ്പെടുകയായിരുന്നുവെന്നാണ് പറയുന്നത്. മറിഞ്ഞ ബസ് നിരങ്ങിനീങ്ങിയതായും പറയുന്നുണ്ട്.

അപകടമുണ്ടാകുമ്പോൾ ബസിലുണ്ടായിരുന്ന ഏറെപ്പേരും ഉറക്കത്തിലായിരുന്നു. ഒരു കാർ എതിർദിശയിലെത്തിയതായും തുടർന്ന് ബസ് വളവ് തിരിയുന്നതിനിടയിൽ മറിയുകയായിരുന്നുവെന്നുമാണ് ബസിൽനിന്ന് പരുക്കേൽക്കാതെ രക്ഷപ്പെട്ട റിട്ട. ബാങ്ക് മാനേജർ വി. നാരായണൻ പറയുന്നത്. നാരായണനും ഭാര്യയും സുഹൃത്തും യാത്രാസംഘത്തിലുണ്ടായിരുന്നു. നാരായണനും ഭാര്യയുമടക്കം ആറുപേർ മാത്രമാണ് പരുക്കേൽക്കാതെ രക്ഷപ്പെട്ടതെന്നും അദ്ദേഹം പറയുന്നു. അപകടത്തെത്തുടർന്ന് നാട്ടുകാർ ഓടിയെത്തി രക്ഷാപ്രവർത്തനം നടത്തി.



എംസി റോഡിൽ മോനിപ്പള്ളിയിൽ ഒരാളുടെ മരണത്തിനിടയാക്കിയ ബസ് അപകട സ്ഥലത്തു നടത്തിയ രക്ഷാപ്രവർത്തനം.

കുറവിലങ്ങാട് പോലീസും കടുത്തുരുത്തി ഫയർഫോഴ്സും സ്ഥലത്തെത്തി നടപടികൾക്ക് നേതൃത്വം നൽകി. സിന്ധുവിന്റെ മൃതദേഹം മോനിപ്പള്ളി എംയുഎം ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പേരാവൂർ മണത്തണ കരിയാടൻ ഹൗസിൽ പരേതനായ സുധാകരൻ നമ്പ്യാരുടെയും ദേവിയമ്മയുടെയും മകളാണ് മരിച്ച സിന്ധു.

ഭർത്താവ്: പ്രബീഷ്. മക്കൾ: സിദ്ധാർഥ് (ഗൾഫ്), അഥർവ് (മണത്തണ ഗവ. ഹയർസെക്കൻഡറി സ്കൂൾ വിദ്യാർത്ഥി). സഹോദരങ്ങൾ: സുരേഷ് കുമാർ, രാജീവൻ.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# വോട്ടർ പട്ടിക പരിഷ്കരണമുയർത്തുന്ന ആശങ്കകൾ

കേരളം ഉൾപ്പെടെ അടുത്ത വർഷം തെരഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് സംസ്ഥാനങ്ങളിലും സമഗ്ര വോട്ടർ പട്ടിക പരിഷ്കാരത്തിനുള്ള (എസ്ഐആർ) ഒരുക്കം അടിയന്തരമായി പൂർത്തിയാക്കാൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകിയിരിക്കുകയാണ്. എന്നാൽ, തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള മുന്നൊരുക്കങ്ങൾ കേരളത്തിൽ ആരംഭിച്ച സാഹചര്യത്തിൽ എസ്ഐആർ നടപടികൾ പൂർത്തിയാക്കാൻ സാവകാശം വേണമെന്നാണ് കേരളത്തിന്റെ ആവശ്യം. ഇതുമായി ബന്ധപ്പെട്ട വിശദമായ കത്ത് കേരളത്തിന്റെ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ രത്തൻ ഖേൽക്കർ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന് നൽകിയതായാണ് റിപ്പോർട്ട്. എസ്ഐആറുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങളും ആശങ്കകളും ജനങ്ങളിലും രാഷ്ട്രീയപാർട്ടികളിലും ഉൾപ്പെടെ നിലനിൽക്കുന്ന സാഹചര്യംകൂടി കേരളത്തിലുണ്ട്.

തെരഞ്ഞെടുപ്പ് കമ്മീഷൻ ഡൽഹിയിൽ സംഘടിപ്പിച്ച എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും സിഇഒമാരുടെ ദ്വിദിന കോൺഫറൻസിലാണ് പാൻ-ഇന്ത്യൻ എസ്ഐആറിനു തയാറാകാൻ കമ്മീഷൻ നിർദേശം നൽകിയിരിക്കുന്നത്. കോൺഫറൻസിൽ കേരളം, തമിഴ്നാട്, ആസാം, ബംഗാൾ, പുതുച്ചേരി എന്നിവിടങ്ങളിലെ സിഇഒമാരുമായി നേരിട്ട് ആശയവിനിമയം നടത്തിയതായി കമ്മീഷൻ വാർത്താക്കുറിപ്പിൽ അറിയിച്ചു. വിവിധ ഘട്ടങ്ങളിലായി നടക്കുന്ന എസ്ഐആർ അടുത്തവർഷം തെരഞ്ഞെടുപ്പുകൾ നടക്കുന്ന ഈ സംസ്ഥാനങ്ങളിലുൾപ്പെടെയായിരിക്കും ആദ്യം നടപ്പിലാക്കിത്തുടങ്ങുക. ഈയൊരു പശ്ചാത്തലത്തിൽ, കേരളം കത്തിലൂടെ നടത്തിയ നീക്കത്തിന്റെ ഫലപ്രാപ്തി കാത്തിരുന്ന് അറിയാം. എസ്ഐആറിനെ തുടർന്ന് ബിഹാറിൽ ലക്ഷക്കണക്കിന് ആളുകൾക്ക് വോട്ടവകാശം നഷ്ടപ്പെട്ടിരുന്നു. ഈയൊരു വസ്തുത രാജ്യവ്യാപകമായി ചർച്ച ചെയ്യപ്പെടുകയും കേരളം ഉൾപ്പെടെ കേന്ദ്ര ഭരണത്തെ എതിർക്കുന്ന പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ എസ്ഐആറിനെതിരെ വലിയ തോതിലുള്ള പ്രതിരോധത്തിനു കാരണമാവുകയും ചെയ്തു. എന്നാൽ, വോട്ടർപട്ടികയുടെ ശുദ്ധീകരണത്തിനും അർഹതയുള്ളവർക്ക് വോട്ട് ഉറപ്പിക്കാനും എസ്ഐആർ വഴിതെളിക്കുമെന്ന വാദത്തിൽ കേന്ദ്രസർക്കാർ ഉറച്ചുനിൽക്കുന്നു. ഇന്ത്യൻ പാർലമെന്റിലേക്കും സംസ്ഥാന നിയമസഭകളിലേക്കുള്ള വോട്ടർപട്ടിക തയാറാക്കുന്നതിന്റെ മേൽനോട്ടവും നിയന്ത്രണവും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവാദിത്വമാണ്. പരിഷ്കരണം നടത്താനും തെരഞ്ഞെടുപ്പ് കമ്മീഷന് നിയമപരമായി അധികാരമുണ്ട്. സാധാരണ രണ്ടു തരത്തിലാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക പരിഷ്കരിക്കുന്നത്. ഒന്നാമതായി, ഇപ്പോൾ നടത്തുന്ന വിധത്തിലുള്ള വോട്ടർപട്ടിക പരിഷ്കരണം അഥവാ, എസ്ഐആർ. രണ്ടാമതായി, പതിവായി നടത്താറുള്ള എസ്എസ്ആർ. തെരഞ്ഞെടുപ്പ് കമ്മീഷൻ എസ്എസ്ആറിലൂടെ ഓരോ തവണയും ഇലക്ടറൽ റോൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങളോടെ പട്ടിക പ്രസിദ്ധീകരിക്കുകയാണ് ചെയ്യുന്നത്. എസ്എസ്ആർ പ്രകാരം പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ തിരുത്തലുകൾക്കുള്ള അവസരം വോട്ടർമാർക്ക് ലഭിക്കുകയും ചെയ്യും.

അപൂർവമായി മാത്രം തെരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിക്കുന്ന എസ്ഐആർ കേരളത്തിൽ അവസാനമായി നടന്നത് 2002-ലാണ്. അതിനുശേഷം രാജ്യവ്യാപകമായി ഒട്ടേറെ കുടിയേറ്റങ്ങളും മറ്റും നടന്നതിനാൽ സമഗ്ര വോട്ടർ പട്ടിക പരിഷ്കാരം നിർബന്ധമാണെന്ന് കേന്ദ്രം ആവശ്യപ്പെടുന്നു. അന്നത്തെ എസ്ഐആറിനു ശേഷം കേരളത്തിൽ 2.24 കോടി വോട്ടർമാരായിരുന്നു പട്ടികയിൽ ഉണ്ടായിരുന്നത്. 2025 ജൂലൈയിലെ വോട്ടർപട്ടിക അനുസരിച്ച് 2.78 വോട്ടർമാരാണ് കേരളത്തിലുള്ളത്. വോട്ടർപട്ടികയിൽ പേരുള്ള എല്ലാവർക്കും എന്യൂമറേഷൻ ഫോം നൽകുന്നതാണ് എസ്ഐആറിന്റെ ആദ്യഘട്ടം. നിലവിലെ എസ്ഐആർ വോട്ടർ പട്ടികയിൽ ഉള്ളവർക്ക് ബൂത്ത് ലെവൽ ഓഫീസർ നൽകുന്ന ഈ ഒരു ഫോം പൂരിപ്പിച്ച് നൽകിയാൽ മാത്രം മതിയാകും. 2002-ലെ എസ്ഐആർ പ്രകാരം പട്ടികയിൽ പേരില്ലാത്തവരും പിന്നീട് ചേർക്കപ്പെട്ടതുമായ 54 ലക്ഷത്തോളം ആളുകൾ അവരുടെ ജനനവർഷം അടിസ്ഥാനപ്പെടുത്തി പൗരത്വം തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടി വരും. ബൂത്ത് ലെവൽ ഓഫീസർമാർ അറിയിക്കുന്നത് അനുസരിച്ചായിരിക്കും ഓരോ വീടുകളിലും എത്തി പരിശോധനയുണ്ടാവുക. ബിഹാറിൽ സംഭവിച്ചതുപോലെ അത്രയധികം ആളുകളുടെ പേരുകൾ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെടുന്ന സാഹചര്യം കേരളത്തിൽ ഉണ്ടാകില്ലെന്നാണ് പ്രാഥമിക വിലയിരുത്തൽ. പൗരത്വം തെളിയിക്കാൻ സമർപ്പിക്കേണ്ട രേഖകളുടെ കാര്യത്തിലും സമയബന്ധിതമായി പരിശോധന പൂർത്തിയാക്കാൻ കഴിയുമോ എന്നതിലുമാണ് കേരളത്തിന്റെ മുഖ്യമായ ആശങ്ക. ശുദ്ധീകരണ പ്രക്രിയയുടെ ഭാഗമായി അർഹമായ വോട്ടർമാർക്ക് അവസരം നിഷേധപ്പെടുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുത്.

ധൃതിപിടിച്ച് എസ്ഐആർ നടപ്പാക്കാനാണ് ശ്രമമെന്ന ആക്ഷേപം നടപടിയുടെ ഉദ്ദേശലക്ഷ്യങ്ങളെ തന്നെ ചോദ്യംചെയ്യാനേ ഉപകരിക്കൂ. കൂടാതെ, കേരളത്തിൽ എസ്ഐആർ നടപ്പാക്കുന്ന രീതിയിലും പരിശോധനാ മാനദണ്ഡങ്ങളിലും നിലനിൽക്കുന്ന ആശങ്കകൾ പൂർണമായി നീക്കാനും നടപടി ഉണ്ടാകണം. പ്രവാസികൾ ഏറെയുള്ള നാടാണ് കേരളം. വീട്ടിലെത്തി രേഖകളുടെ പരിശോധന നടക്കുമ്പോൾ പ്രവാസികളുടെ കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത് എന്നതിലും വലിയ അവ്യക്തതയാണ് ജനങ്ങൾ പങ്കുവെക്കുന്നത്.

# കേന്ദ്ര സർക്കാരിന്റെ 'ഭാരത് ടാക്സി സർവീസിന് തുടക്കം കുറിച്ചു

ന്യൂഡൽഹി: ഒല, ഊബർ ഉൾപ്പെടെയുള്ള സ്വകാര്യ ടാക്സി സർവീസ് കമ്പനികൾക്കു വെല്ലുവിളിയായി കേന്ദ്ര സർക്കാരിന്റെ ആദ്യ സഹകരണ ടാക്സി സർവീസ് 'ഭാരത് ടാക്സി'ക്ക് തുടക്കം കുറിച്ചു. കേന്ദ്ര സഹകരണ മന്ത്രാലയത്തിന്റെയും നാഷണൽ ഇ-ഗവേണൻസ് ഡിവിഷന്റെയും (എൻഇജിഡി) കീഴിൽ വികസിപ്പിച്ചതാണു സംരംഭം. ഡ്രൈവർമാർക്ക് വരുമാനത്തിന്റെ പൂർണ അവകാശം നൽകുകയും യാത്രക്കാർക്ക് സ്വകാര്യ ക്യാബുകൾക്കു പകരം സർക്കാർ മേൽനോട്ടത്തിലുള്ള ബദലും 'ഭാരത് ടാക്സി' വാഗ്ദാനം ചെയ്യുന്നു.

വൃത്തിഹീനമായ വാഹനങ്ങൾ, ഉയർന്ന യാത്രാക്കൂലി, ഏകപക്ഷീയമായ റദ്ദാക്കലുകൾ, യാത്രാക്കൂലിയിലെ വർധന എന്നിങ്ങനെ നിരവധി പഴികൾ ആപ്പ് അധിഷ്ഠിത സ്വകാര്യ ടാക്സി സേവനങ്ങളെക്കുറിച്ച് ഉയർന്നിരുന്നു. കമ്പനികൾ ഈടാക്കുന്ന ഉയർന്ന കമ്മീഷൻ നിരക്കുകളിൽ പല ഡ്രൈവർമാരും അതൃപ്തിയും പ്രകടിപ്പിച്ചിട്ടുണ്ട്.

സ്വകാര്യ സംരംഭകരിൽ നിന്നു വ്യത്യസ്തമായി, ഭാരത് ടാക്സി ഡ്രൈവർമാർ കമ്മീഷൻ നൽകേണ്ടതില്ല. പകരം ദൈനംദിനമോ ആഴ്ചതോറുമോ അല്ലെങ്കിൽ പ്രതിമാസമോ ഫീസ് മാത്രം നൽകണം. ഇത് ഡ്രൈവർമാർക്ക് കൂടുതൽ വരുമാനം നേടാൻ അനുവദിക്കുമെന്ന് സർക്കാർ കരുതുന്നു.

ഭാരത് ടാക്സിയുടെ പരീക്ഷണഘട്ടം നവംബറിൽ ഡൽഹിയിൽ ആരംഭിക്കും. 650 വാഹനങ്ങളും അവയുടെ ഉടമസ്ഥരായ ഡ്രൈവർമാരും സർവീസിന്റെ ഭാഗമാകും.

വിജയകരമാണെങ്കിൽ, ഡിസംബറിൽ പൂർണ തോതിലുള്ള പ്രവർത്തനം ആരംഭിക്കും. തുടർന്ന് സേവനം ഇന്ത്യയുടെ മറ്റ് പ്രധാന നഗരങ്ങളിലേക്ക് വ്യാപിപ്പിക്കും.

ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച്, പുരുഷന്മാരും സ്ത്രീകളുമായ 5,000 ഡ്രൈവർമാർ രാജ്യവ്യാപകമായി പ്രാരംഭ ഘട്ടത്തിൽ പങ്കാളികളാകും. അടുത്ത വർഷത്തോടെ മുംബൈ, പൂനെ, ഭോപ്പാൽ, ലഖ്നൗ, ജയ്പുർ എന്നിവയുൾപ്പെടെ 20 നഗരങ്ങളിലേക്ക് സേവനം വ്യാപിപ്പിക്കും.

2026 മാർച്ചോടെ നിരവധി മെട്രോ മേഖലകളിൽ ഭാരത് ടാക്സിയുടെ പ്രവർത്തനങ്ങൾ സ്ഥാപിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2030 ആകുമ്പോഴേക്കും, പ്ലാറ്റ്ഫോമിൽ ഒരു ലക്ഷം ഡ്രൈവർമാരെ ഉൾപ്പെടുത്തി, ജില്ലാ ആസ്ഥാനങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സർവീസ് എത്തുമെന്നാണ് പ്രതീക്ഷ.

സഹകരണ സംരംഭമായിട്ടാകും ഭാരത് ടാക്സിയുടെ പ്രവർത്തനം. കഴിഞ്ഞ ജൂണിൽ 300 കോടി രൂപ പ്രാരംഭ മൂലധനത്തോടെ സ്ഥാപിതമായ സഹകാർ ടാക്സി കോ-ഓപ്പറേറ്റീവ് ലിമിറ്റഡാണ് പ്ലാറ്റ്ഫോം പ്രവർത്തിപ്പിക്കുന്നത്.

അമുൽ ബ്രാൻഡിന് പേരുകേട്ട ഗുജറാത്ത് കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷന്റെ മാനേജിങ് ഡയറക്ടർ ജയൻ മേത്ത അദ്ധ്യക്ഷനായി പുതുതായി രൂപീകരിച്ച ഗവേണിങ് കൗൺസിലിനാണ് മേൽനോട്ടം.

# തദ്ദേശ തെരഞ്ഞെടുപ്പ്: പുതിയ വോട്ടർമാർ 3.32 ലക്ഷം

തിരുവനന്തപുരം: തദ്ദേശ തെരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർ പട്ടികയിൽ നീക്കിയത് 1.88 ലക്ഷം (1,88,054) വോട്ടർമാരെ. ഫോം 5 വഴി അപേക്ഷ നൽകി 1.32 ലക്ഷം (1,32,782) വോട്ടർമാരെ നീക്കം ചെയ്തപ്പോൾ, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരായ (ഇആർഒ) തദ്ദേശസ്ഥാപന സെക്രട്ടറിമാർ നേരിട്ട് 55,272 പേരെ ഒഴിവാക്കി. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ കർശന നിർദേശത്തെത്തുടർന്നാണ് ഇആർഒമാരുടെ നടപടി.

ഫോം 5-ൽ അപേക്ഷിച്ചതിലേറെയും പ്രാദേശിക രാഷ്ട്രീയനേതാക്കളാണ്. ഒരാളെ വോട്ടർപട്ടികയിൽനിന്നു നീക്കം ചെയ്യാനുള്ള അപേക്ഷയിൽ അതതു വാർഡിലെ ഒരാൾകൂടി ഒപ്പിടണം. അപേക്ഷ ഓൺലൈനു പുറമേ നേരിട്ടും നൽകണമെന്നായിരുന്നു വ്യവസ്ഥ. അതേസമയം, നീക്കംചെയ്യുന്ന വ്യക്തിക്കു നോട്ടീസ് നൽകി അയാളുടെ ഭാഗംകൂടി കേൾക്കണമെന്നതു പാലിച്ചിട്ടുണ്ടോയെന്നു വ്യക്തമല്ല.

സെപ്റ്റംബർ 29-നു പ്രസിദ്ധീകരിച്ച കരടു വോട്ടർപട്ടികയിൽ 2.83 കോടി (2,83,12,468) വോട്ടർമാരുണ്ടായിരുന്നത് അന്തിമപട്ടികയിൽ 2,84,30,761 ആയി വർധിച്ചു. 1.88 ലക്ഷം പേരെ നീക്കം ചെയ്തശേഷം പേരുചേർക്കാൻ ലഭിച്ച 3.32 ലക്ഷം അപേക്ഷകൾ അംഗീകരിച്ചു. 4.62 ലക്ഷം (4,62,877) പേരാണ് വോട്ടർപട്ടികയിൽ ചേർക്കാൻ അപേക്ഷിച്ചതെങ്കിലും ഇതിൽ 1.30 ലക്ഷം (1,30,586) പേരെ അംഗീകരിച്ചില്ല. നേരിട്ടു ഹാജരാകാതിരുന്നതിനാലോ കൃത്യമായ രേഖകൾ നൽകാതിരുന്നതിനാലോ ആണിത്. പ്രവാസി വോട്ടർമാരുടെ എണ്ണം 2484 എന്നത് 2841 ആയി വർധിച്ചു. 357 പേർ പുതുതായി എത്തി. പേരിലും വിലാസത്തിലും രേഖകളിലുമുള്ള 3474 വോട്ടർമാരുടെ തെറ്റുകൾ തിരുത്തി നൽകി.

കൂടുതൽ വോട്ടർമാരുടെ പേരുകൾ നീക്കംചെയ്തത് തൃശൂർ, മലപ്പുറം ജില്ലകളിലാണ്. ഫോം 5 വഴി ലഭിച്ച അപേക്ഷകൾ പരിഗണിച്ച് തൃശൂരിൽ 24,471 പേരെ പട്ടികയിൽനിന്നു നീക്കിയപ്പോൾ മലപ്പുറത്ത് 18,426 പേരെ ഒഴിവാക്കി.

കോഴിക്കോട്ട് 16,012 പേരെയും എറണാകുളത്ത് 16,100 പേരെയും നീക്കിയിട്ടുണ്ട്. ഇആർഒമാർ സ്വമേധയാ നീക്കംചെയ്ത വോട്ടർമാർ കൂടുതൽ തിരുവനന്തപുരത്താണ്-7482. തൃശൂരിൽ 6348 പേരെയും എറണാകുളത്ത് 6139 പേരെയും ഇങ്ങനെ നീക്കംചെയ്തു. പാലക്കാട്, മലപ്പുറം, കോഴിക്കോട്, കോട്ടയം ജില്ലകളിലായി നാലായിരത്തിലേറെപ്പേരെ വീതം ഇങ്ങനെ ഒഴിവാക്കി.


# ബാങ്ക് നിക്ഷേപം, ലോക്കർ: നാല് നോമിനികൾ വരെയാകാം

ന്യൂഡൽഹി: നവംബർ ഒന്നു മുതൽ ബാങ്ക് നിക്ഷേപങ്ങൾക്കും ലോക്കറുകൾക്കും നാല് നോമിനികളെ (അവകാശികൾ) വരെ വയ്ക്കാൻ അവസരമൊരുങ്ങുന്നു. പാർലമെന്റ് പാസാക്കിയ ബാങ്കിങ് ഭേദഗതി നിയമത്തിൽ ഇതു സംബന്ധിച്ച വ്യവസ്ഥയാണ് നവംബർ ഒന്നിന് പ്രാബല്യത്തിലാകുന്നത്. നിലവിൽ ലോക്കർ, ഡിപ്പോസിറ്റ് അക്കൗണ്ട് എന്നിവയ്ക്ക് ഒരു നോമിനിയെയാണ് അനുവദിച്ചിരിക്കുന്നത്. അവകാശികളില്ലാത്ത നിക്ഷേപങ്ങൾ പെരുകുന്നതടക്കം ഒഴിവാക്കാനാണ് നോമിനികളുടെ എണ്ണം വർധിപ്പിക്കുന്നത്.

1949-ലെ ബാങ്കിങ് നിയന്ത്രണ നിയമത്തിലാണ് കേന്ദ്രം ഭേദഗതി വരുത്തിയത്. നോമിനികളെ നാമനിർദേശം ചെയ്യുന്നതിന്റെ രീതികളും മറ്റും പ്രതിപാദിക്കുന്ന ബാങ്കിങ് കമ്പനീസ് (നോമിനേഷൻ) ചട്ടവും വൈകാതെ കേന്ദ്രം വിജ്ഞാപനം ചെയ്യും. രണ്ടു തരത്തിൽ നോമിനികളെ നാമനിർദേശം ചെയ്യാം. ഒന്ന് ഒരേസമയം നാല് നോമിനികൾക്കായി അവകാശം വീതിച്ചു കൊടുക്കാം. ഉദാഹരണമായി, നിലവിൽ ഭാര്യയെ മാത്രം നോമിനിയാക്കിയ വ്യക്തിക്ക് ഇനി മുതൽ ഭാര്യ: 50 ശതമാനം, മകൻ 30 ശതമാനം, മകൾ 20 ശതമാനം എന്നിങ്ങനെ അവകാശം വീതിക്കാം. വ്യക്തി മരിച്ചാൽ നിക്ഷേപത്തിന്റെ 50 ശതമാനം ഭാര്യയ്ക്കും ബാക്കി മക്കൾക്കും ലഭിക്കും. നിക്ഷേപം പങ്കുവെക്കേണ്ട അനുപാതം വ്യക്തിക്ക് തീരുമാനിക്കാം. പരമാവധി നാല് പേരെ വരെ ഇത്തരത്തിൽ നോമിനിയായി വയ്ക്കാം. നിക്ഷേപം ലഭിക്കുന്നതിന് മുൻപ് നോമിനികളിൽ ഒരാൾ മരിച്ചാൽ അയാളുടെ വിഹിതത്തിന്മേലുള്ള അവകാശം മറ്റു നോമിനികളിലേക്ക് സ്വാഭാവികമായി വന്നുചേരില്ല. ഈ വിഹിതത്തിന് നോമിനിയില്ലെന്ന തരത്തിലായിരിക്കും ബാങ്ക് പരിഗണിക്കുക. ഈ തുക ബാങ്ക് നിലവിലെ രീതിയനുസരിച്ച് നിയമപരമായ അവകാശിയെ കണ്ടെത്തി കൈമാറും.

രണ്ട് ക്രമമനുസരിച്ച് അവകാശം നൽകാം. ഈ രീതിയനുസരിച്ച് നാല് നോമിനികളെ നാമനിർദേശം ചെയ്താലും ഒരു സമയത്ത് ഒരാൾക്ക് മാത്രമേ അവകാശമുണ്ടാകൂ. ഉദാഹരണത്തിന് ഭാര്യ, മകൻ, മകൾ, സഹോദരൻ എന്ന ക്രമത്തിലാണ് നോമിനികളെ നിർദേശിച്ചിരിക്കുന്നതെങ്കിൽ വ്യക്തിയുടെ മരണശേഷം ക്രമത്തിൽ ഒന്നാമതുള്ള ഭാര്യയ്ക്കായിരിക്കും അവകാശം. വ്യക്തിയുടെ മരണസമയത്ത് ഭാര്യയും ജീവിച്ചിരിപ്പില്ലെങ്കിൽ മാത്രമേ മകന് ലഭിക്കൂ. ഇനി മകനും ജീവിച്ചിരിപ്പില്ലെങ്കിൽ മകൾക്ക് നൽകും. ക്രമം നോമിനേഷൻ സമയത്ത് വ്യക്തമാക്കിയിരിക്കണം. ക്രമം നൽകിയില്ലെങ്കിൽ നോമിനേഷൻ ഫോമിൽ നോമിനികളുടെ പേര് എഴുതിയ ക്രമമായിരിക്കും പരിഗണിക്കുക.ലോക്കറുകളിൽ ഒരേസമയം നാല് നോമിനികൾക്കായി അവകാശം വീതിച്ചു നൽകാനാവില്ല. പകരം ക്രമമനുസരിച്ച് മാത്രമായിരിക്കും അവകാശം. ഉദാഹരണത്തിന് ഭാര്യ, മകൻ, മകൾ എന്ന ക്രമത്തിലാണെങ്കിൽ വ്യക്തിയുടെ മരണശേഷം ഭാര്യയ്ക്ക് ലോക്കറിലെ വസ്തുക്കൾ എടുക്കാം. ഭാര്യയും ജീവനോടെയില്ലെങ്കിൽ മകനായിരിക്കും അവകാശം.


MEDICARE PLANS
QUESTIONS ANSWERED
• ZERO PREMIUM PPO PLANS
• PRESCRIPTION DRUG BENEFIT
• DENTAL, VISION & HEARING
• WORLD WIDE COVERAGE
• FREE GYM MEMBERSHIP
• SUPPLEMENT BENEFITS
CONTACT
Raj Surendran, MBA
Senior Medicare Specialist
708-945-3985
www.questwealthgroup.com
rsurendran007@gmail.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


LIFE MEMBER
Million Dollar Advocates Forum
The Top Trial Lawyers In America™
ACCIDENT ATTORNEYS
AV PREEMINENT®
Peer Rated for Highest Level of Professional Excellence
2025
LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY
Fee Discounts On Certain Cases For Malayalee Clients
Home Visits Available
CRIFASE LAW FIRM, LTD.
312-855-0511
Free Consultation/Your Call Is Always Welcome
Like A Family Friend
Steve Crifase
Steve@Crifaselaw.com
Michael Crifase
Michael@Crifaselaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com
BBB ACCREDITED BUSINESS
A+ Rating
Better Business Bureau

# അവയവമാറ്റത്തിൽ ചരിത്രമെഴുതി കോട്ടയം മെഡിക്കൽ കോളജ്

ഗാന്ധിനഗർ: ഇന്ത്യയിൽ ആദ്യമായി ഒറ്റദിവസം ഹൃദയം, ശ്വാസകോശം, വൃക്ക, എന്നിങ്ങനെ മൂന്നു പ്രധാന അവയവങ്ങൾ മാറ്റി വയ്ക്കുന്ന സർക്കാർ ആശുപത്രിയായി കോട്ടയം മെഡിക്കൽ കോളജ്. സർക്കാർ ആശുപത്രിയിൽ ശ്വാസകോശം മാറ്റിവയ്ക്കുന്നതും ആദ്യമായാണ്.

പതിനൊന്നാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൂടിയാണു കോട്ടയം മെഡിക്കൽ കോളജിൽ നടന്നത്. മസ്തിഷ്ക മരണം സംഭവിച്ച തിരുവനന്തപുരം പൂഴനാട് കാവിൻ പുറത്ത് വീട്ടിൽ എ. ആർ. അനീഷിന്റെ (38) അവയവങ്ങളാണ് ദാനം ചെയ്തത്.

പൂജപ്പുര സെൻട്രൽ ജയിലിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസറായ എ. ആർ. അനീഷിന്റെ ഹൃദയം ഉൾപ്പെടെ ഒൻപതു അവയവങ്ങളാണു ദാനം ചെയ്യുന്നത്. ഹൃദയം, ശ്വാസകോശം, രണ്ട് വൃക്ക, പാൻക്രിയാസ്, കരൾ, കൈ, രണ്ട് നേത്രപടലം എന്നിവയാണ് ദാനം ചെയ്തത്. ഒരു വൃക്കയും ഹൃദയവും ശ്വാസകോശവും രണ്ടു നേത്രപടലങ്ങളും കോട്ടയം മെഡിക്കൽ കോളജിലേയും ഒരു വൃക്കയും പാൻക്രിയാസും കൈയും കൊച്ചി അമൃത ആശുപത്രിയിലെ രോഗികൾക്കുമാണു നൽകിയത്.

കെ- സോട്ടോയുടെ നേതൃത്വത്തിലാണ് അവയവ കൈമാറ്റ നടപടിക്രമങ്ങളും ഏകോപനവും നടന്നത്. കേരളത്തിൽ സർക്കാർ മേഖലയിൽ ആദ്യത്തെ കരൾ, ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നതും കോട്ടയം മെഡിക്കൽ കോളജിലാണ്.


കഴിഞ്ഞ 17-ന് ശബരിമലയിൽ ദർശനം കഴിഞ്ഞ് അനീഷ് തിരിച്ചു വരുമ്പോൾ രാത്രി 8.30 നു പമ്പയിൽ വച്ച് തലയിടിച്ച് വീഴുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. ഉടൻ തന്നെ പത്തനംതിട്ടയിലെ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും തുടർന്ന് കോട്ടയം മെഡിക്കൽ കോളജിലേക്ക് പ്രവേശിപ്പിക്കുകയുമായിരുന്നു.

ഒക്ടോബർ 22-ന് ബുധനാഴ്ച അനീഷിന് മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനെതുടർന്ന് കുടുംബാംഗങ്ങൾ അവയവദാനത്തിന് സന്നദ്ധരാവുകയായിരുന്നു. അമ്മ അംബികാ കുമാരി.


എ. ആർ. അനീഷ്

തീവ്ര ദുഃഖത്തിലും അവയവം ദാനം ചെയ്യാൻ സന്നദ്ധരായ ബന്ധുക്കളെ ആരോഗ്യമന്ത്രി വീണാ ജോർജ് നന്ദി അറിയിക്കുകയും ആദരാഞ്ജലി അർപ്പിക്കുകയും ചെയ്തു.

# പീയൂഷ് പാണ്ഡെ ഓർമയായി



മുംബൈ: ഇന്ത്യൻ പരസ്യരംഗത്തെ ഇതിഹാസം പീയൂഷ് പാണ്ഡെ (70) അന്തരിച്ചു. ശ്വാസകോശ രോഗത്തെ തുടർന്നു ചികിത്സയിലായിരുന്നു.

പത്മശ്രീ ജേതാവാണ്. ജനപ്രിയ പരസ്യങ്ങൾ ഒരുക്കി ശ്രദ്ധ നേടിയ അദ്ദേഹം അഭിനയത്തിലും സ്പോർട്സിലും കഴിവ് തെളിയിച്ചിട്ടുണ്ട്. രഞ്ജി ട്രോഫിയിൽ രാജസ്ഥാനു വേണ്ടി കളിച്ചിട്ടുള്ള പാണ്ഡെ, ജയ്പൂർ സ്വദേശിയാണ്. ഹിന്ദി സിനിമകളുടെ ഭാഗമായും പ്രവർത്തിച്ചിട്ടുണ്ട്.

1982-ൽ 27-ാം വയസ്സിലാണ് പരസ്യ നിർമാണ കമ്പനി ഒഗിൽവിയിൽ ചേരുന്നത്. 2023 വരെ അതേ കമ്പനിയിൽ തുടർന്നു. വിരമിക്കുമ്പോൾ കമ്പനിയുടെ വേൾഡ് വൈഡ് ചീഫ് ക്രിയേറ്റീവ് ഓഫീസറും ഇന്ത്യയിലെ എക്സിക്യൂട്ടീവ് ചെയർമാനുമായിരുന്നു.

പ്രമുഖ ബ്രാൻഡുകൾക്കും ഗുജറാത്ത് ടൂറിസം ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾക്കുംവേണ്ടി പരസ്യങ്ങൾ ചെയ്തു. 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അധികാരത്തിലെത്തിച്ച പരസ്യവാചകം 'അബ് കി ബാർ മോദി സർക്കാർ' (ഇത്തവണ മോദിയുടെ സർക്കാർ) എന്ന പരസ്യവാചകത്തിന്റെ സൂത്രധാരനാണ്.

നിതാ പാണ്ഡെയാണ് ഭാര്യ. പ്രധാനമന്ത്രി നരേന്ദ്ര മോദി, ധനമന്ത്രി നിർമല സീതാരാമൻ, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ്, വ്യവസായി ഗൗതം അദാനി, നടൻ അമിതാഭ് ബച്ചൻ തുടങ്ങിയവർ അനുശോചിച്ചു.

# സാമൂഹികമാധ്യമ ഉള്ളടക്കം നീക്കൽ: അധികാരം ഉന്നതോദ്യോഗസ്ഥർക്ക്

ന്യൂഡൽഹി: സാമൂഹികമാധ്യമങ്ങളിലെ നിയമവിരുദ്ധ ഉള്ളടക്കങ്ങൾ നീക്കം ചെയ്യണമെന്ന് നിർദേശിക്കാൻ കുറഞ്ഞത് ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥർക്കേ ഇനി അധികാരമുണ്ടാകൂ. പോലീസിലാണെങ്കിൽ കുറഞ്ഞത് ഡിഐജി (ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ) റാങ്കിലുള്ള ഉദ്യോഗസ്ഥരാകണം ഇത് ചെയ്യേണ്ടതെന്നും ഐടി ചട്ടത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്രം വ്യക്തമാക്കി. ഇതിനായി ഐടി ചട്ടത്തിലെ മൂന്നാം (ഒന്ന്)(ഡി) വകുപ്പിൽ വരുത്തിയ ഭേദഗതി നവംബർ 15-ന് പ്രാബല്യത്തിൽ വരും.

സർക്കാരിലെ ജൂനിയർ ഉദ്യോഗസ്ഥരും പോലീസിലെ താഴ്ന്ന റാങ്കിലുള്ളവരും നിയമവിരുദ്ധ ഉള്ളടക്കങ്ങൾ നീക്കാൻ ഡിജിറ്റൽ മാധ്യമങ്ങൾക്ക് നിർദേശം നൽകാറുണ്ടായിരുന്നു. ഇതിനെതിരെ സാമൂഹികമാധ്യമ ഇടനിലക്കാർ (ഫെയ്സ്ബുക്ക്, യുട്യൂബ് പോലുള്ളവ) വ്യാപകമായി വിമർശനവും ഉന്നയിച്ചിരുന്നു. സർക്കാർ നടപടികളുടെ വിശ്വാസ്യത വർധിപ്പിക്കുന്നതാണ് പുതിയ നീക്കമെന്ന് ഐടി മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

നിശ്ചിതവകുപ്പിൽ ജോയിന്റ് സെക്രട്ടറി ലഭ്യമല്ലെങ്കിൽ ഡയറക്ടർക്കോ തുല്യപദവിയുള്ള മറ്റ് ഉദ്യോഗസ്ഥർക്കോ നിർദേശം നൽകാം. എന്ത് നിയമലംഘനമാണ് നടത്തിയതെന്ന് നോട്ടീസിൽ വ്യക്തമാക്കണം. ചട്ടം ദുരുപയോഗം ചെയ്യാതിരിക്കാൻ സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥൻ കൃത്യമായ ഇടവേളകളിൽ വിലയിരുത്തൽ നടത്തണം. സംസ്ഥാന തലത്തിലാണെങ്കിൽ ആഭ്യന്തര സെക്രട്ടറി, ഐടി സെക്രട്ടറി എന്നിവരാണ് ഇത് ചെയ്യേണ്ടത്.

ഐടി നിയമത്തിലെ 79 (മൂന്ന്)(ബി) പ്രകാരമാണ് സാമൂഹിക മാധ്യമ ഇടനിലക്കാരോട് നിയമവിരുദ്ധ ഉള്ളടക്കങ്ങൾ നീക്കാൻ ആവശ്യപ്പെടുന്നത്. ഇതു സംബന്ധിച്ച വിവിധ ഉത്തരവുകൾ ചോദ്യംചെയ്ത് എക്സ് (പഴയ ട്വിറ്റർ) ഇപ്പോൾ സർക്കാരുമായി നിയമപോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കേയാണ് പുതിയ ചട്ടം വിജ്ഞാപനം ചെയ്തതെന്നതും ശ്രദ്ധേയമാണ്. കൃത്യമായ പരിശോധനയില്ലാതെ താഴ്ന്ന റാങ്കിലുള്ള ഉദ്യോഗസ്ഥർ ഉള്ളടക്കങ്ങൾ നീക്കാൻ നിർദേശിക്കുന്നുവെന്ന് ആരോപണമുയർന്നിരുന്നു.

# ബിഹാറുകാർ സ്വന്തം നാട്ടിലേക്ക്; പോളിങ് ശതമാനം ഉയരും

പട്ന: ഛഠ് പൂജ തുടങ്ങിയതോടെ ഇന്ത്യയ്ക്കകത്തും പുറത്തും ജോലി ചെയ്യുന്ന ബിഹാറുകാരിൽ ഒട്ടേറെപ്പേർ വീടുകളിലേക്കു മടങ്ങിയെത്തി. യാത്രാസൗകര്യമൊരുക്കാൻ 12,000 സ്പെഷൽ ട്രെയിനുകൾ റെയിൽവേ പ്രഖ്യാപിച്ചിരുന്നു. ഗംഗയുടെ ഇരുകരകളും പോഷക നദികളും ഉൾപ്പെടെ ബിഹാറിലെ സകല ജലാശയങ്ങളുടെ തീരങ്ങളും പ്രാർഥനാനിർഭരമായ അന്തരീക്ഷത്തിലാണ്.

സംസ്ഥാനത്തിനു പുറത്തുള്ള ബിഹാറുകാർ കൂട്ടത്തോടെ നാട്ടിലെത്തിയതിനാൽ പോളിങ് ശതമാനം ഉയരുമെന്നു തീർച്ച. ഇത് ആർക്കാവും ഗുണകരമാവുക എന്നതു പ്രവചനാതീതം. വികസന പദ്ധതികളും സ്ത്രീകളുടെ ക്ഷേമത്തിനായി നടത്തിയ പ്രവർത്തനങ്ങളും വോട്ടാകുമെന്ന കണക്കുകൂട്ടലിലാണ് എൻഡിഎ.

എന്നാൽ, നഗരങ്ങളിൽ കാണുന്ന വികസനം ഗ്രാമാന്തരങ്ങളിൽ എത്തിയിട്ടില്ലെന്നും അവർക്കായി തേജസ്വി യാദവ് പ്രഖ്യാപിച്ച പദ്ധതികൾ ഗുണം ചെയ്യുമെന്ന് ഇന്ത്യാ മുന്നണിയും കരുതുന്നു.

ജനങ്ങൾ വ്രതവും പൂജകളുമായി കഴിയുന്ന സമയമായതിനാൽ വോട്ട് ചോദിച്ച് വീടുകളിലേക്കു ചെല്ലുന്നത് അനൗചിത്യമാകുമെന്ന് ആർജെഡി ദേശീയ ജനറൽ സെക്രട്ടറിയായ പത്തനംതിട്ട വെച്ചൂച്ചിറ സ്വദേശി അനു ചാക്കോ പറഞ്ഞു. ഈ ദിവസങ്ങളിൽ തേജസ്വി പങ്കെടുക്കുന്ന റാലികളിലാണു ശ്രദ്ധിക്കുന്നതെന്നും താഴെത്തട്ടിൽ വിപുലമായ പ്രചാരണം 28 മുതലേ തുടങ്ങൂ എന്നും പറഞ്ഞു.

ഛഠ് പൂജ ദിനമായ 28-നു സംയുക്ത പ്രകടനപത്രിക പുറത്തിറക്കാൻ ഇന്ത്യാസഖ്യം കഴിഞ്ഞദിവസങ്ങളിൽ ആർജെഡി നേതാവ് തേജസ്വി യാദവ് നടത്തിയ പ്രഖ്യാപനങ്ങൾ സംയുക്ത പ്രകടന പത്രികയിലുണ്ടാകുമെന്നാണ് വിവരം.

'ജീവിക ദീദി' പദ്ധതിയിലെ അംഗങ്ങൾക്ക് സ്ഥിരം ജോലിയും 30,000 രൂപ പ്രതിമാസ ശമ്പളവും കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തലും ഉൾപ്പെടെ ഉണ്ടാകും. അതിനു രണ്ടുദിവസം മുൻപ്, ഇന്ത്യാസഖ്യം പ്രത്യേക പ്രകടന പത്രികയും പുറത്തിറക്കും.






അഭിമുഖം

# കേരളത്തിൽ ഭരണം മാറും: അപു ജോൺ ജോസഫ്

ജോസ് കണിയാലി



അപു ജോൺ ജോസഫും ജോസ് കണിയാലിയും

ചിക്കാഗോ: കേരളത്തിൽ ഭരണമാറ്റം ഉണ്ടാകുമെന്ന് കേരളാ കോൺഗ്രസ് സംസ്ഥാന കോ-ഓർഡിനേറ്ററും മുൻമന്ത്രി പി. ജെ. ജോസഫിന്റെ മകനുമായ അപു ജോൺ ജോസഫ് പ്രസ്താവിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ യു. ഡി.എഫ്. നിരവധി പ്രശ്നങ്ങൾ ഉയർത്തുകയും സമരം ചെയ്യുകയും ചെയ്തു. അത് ഫലം കണ്ടില്ല. അവസാനത്തെ ആറു മാസക്കാലം എൽഡിഎഫ് സർക്കാർ നല്കിയത് വാഗ്ദാനങ്ങളുടെ പെരുമഴയായിരുന്നു. ഒടുവിൽ എല്ലാവർക്കും സമ്മാനമായി കിറ്റും കൊടുത്തു. അതോടെ പിണറായി സർക്കാരിന് രണ്ടാമതും ഭരണം കിട്ടി. അന്ന് നല്കിയ വാഗ്ദാനങ്ങൾ പാലിക്കപ്പെട്ടോ എന്ന് വിലയിരുത്തുന്നത് നന്നായിരിക്കും. എല്ലാക്കാലത്തും ജനങ്ങളെ പറ്റിക്കാൻ സാധിക്കുമോ? അക്കാലത്ത് യുഡിഎഫ് നടത്തിയ സമരങ്ങളും ഉയർത്തിയ പ്രശ്നങ്ങളും സാധാരണജനങ്ങളിൽ സ്വാധീനം ചെലുത്തിയില്ല. അവരുടെ ജീവിത പ്രശ്നങ്ങൾക്ക് ആര് പരിഹാരം കാണുന്നുവെന്നതായിരുന്നു അന്നത്തെ ചിന്താഗതി. അടുത്ത ഇലക്ഷന് ഇനി അധികം നാളില്ല. അതിനാൽ ജനത്തെ കബളിപ്പിക്കുവാൻ ധാരാളം മാജിക്കുകൾ പ്രതീക്ഷിക്കാം. ഇന്ന് സാധാരണജനങ്ങളെ ബാധിക്കുന്ന കറണ്ട് ചാർജ്, വെള്ളക്കരം, ഭൂനികുതി ഇതിനെല്ലാം അതിഭയങ്കരമായ ചാർജ് വർദ്ധനയാണ് ഉണ്ടായിരിക്കുന്നത്. യുഡിഎഫ് പ്രവർത്തകർ വീടുകൾ കയറിയുള്ള ജനസമ്പർക്ക പരിപാടികളും ബോധവത്കരണവുമാണ് നടത്തേണ്ടത്.

**ചോദ്യം: അമേരിക്കൻ സന്ദർശനത്തിന്റെ ഉദ്ദേശ്യമെന്താണ്?**

**ഉത്തരം:** രണ്ട് പ്രാവശ്യം അമേരിക്കയിൽ വന്നിട്ടുണ്ടെങ്കിലും കേരള രാഷ്ട്രീയത്തിൽ സജീവമായതിനു ശേഷം ആദ്യമായിട്ടാണ് അമേരിക്കയിൽ വരുന്നത്. രണ്ടാഴ്ചത്തെ ഹ്രസ്വസന്ദർശനത്തിനിടയിൽ നിരവധി മലയാളി സുഹൃത്തുക്കളെ കാണുവാനും ആശയവിനിമയം നടത്തുവാനും സാധിച്ചത് വലിയ ഒരു നേട്ടമാണെന്ന് കേരളാ എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി നടത്തിയ അഭിമുഖത്തിൽ അപു ജോൺ ജോസഫ് പറഞ്ഞു. പ്രവാസി കേരളാ കോൺഗ്രസിന്റെ വിപുലീകരണ സാധ്യതകളെപ്പറ്റിയും പഠിക്കുന്നുണ്ട്. പ്രവാസി കേരളാ കോൺഗ്രസ് കോ-ഓർഡിനേറ്റർ സണ്ണി വള്ളിക്കളവും സന്നിഹിതനായിരുന്നു.



ജോസ് കണിയാലി, അപു ജോൺ ജോസഫ്, സണ്ണി വള്ളിക്കളം

**ചോദ്യം: തൊടുപുഴയിൽ അടുത്ത തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകുമോ?**

**ഉത്തരം:** അക്കാര്യം പാർട്ടിയാണ് തീരുമാനിക്കേണ്ടത്. ഇപ്പോൾ പാർട്ടി പ്രവർത്തനങ്ങളിലാണ് ശ്രദ്ധിക്കുന്നത്. പാർട്ടി ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങൾ നിർവഹിക്കാറുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള കുടുംബയോഗങ്ങളിലാണ് ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. ത്രിതല പഞ്ചായത്ത് ഇലക്ഷൻ ആസന്നമാണല്ലോ.

**ചോദ്യം: കോൺഗ്രസ് പാർട്ടിയിലെ മുഖ്യമന്ത്രിത്തർക്കം യുഡിഎഫിന്റെ വിജയസാദ്ധ്യതയെ ബാധിക്കുമോ?**

**ഉത്തരം:** കോൺഗ്രസ് ഏറ്റവും വലിയ ജനാധിപത്യ പാർട്ടിയാണ്. അവിടെ നാലഞ്ചുപേർ മുഖ്യമന്ത്രിയാകാൻ യോഗ്യതയുള്ളവരാണ്. അതിനെ പോസിറ്റീവ് ആയി കണ്ടാൽ അത് ഒരു തെറ്റല്ല. എന്നാൽ, ബിജെപിയിലോ സിപിഎമ്മിലോ ഒരാളുടെ പേരൊഴിച്ച് വേറെ ആരുടെയെങ്കിലും പേരു പറയുവാൻ സാധിക്കുമോ? അതാണ് ജനാധിപത്യ പാർട്ടിയുമായുള്ള വ്യത്യാസം. ഇപ്പോൾ എൽഡിഎഫിലെ ഘടകകക്ഷികളും പരസ്യമായി അഭിപ്രായ വ്യത്യാസങ്ങൾ പറയുവാൻ തുടങ്ങിയിട്ടുണ്ട്.

**ചോദ്യം: ചില രാഷ്ട്രീയ നേതാക്കന്മാരെ ഫോണിൽ വിളിക്കുമ്പോൾ കിട്ടാറില്ലായെന്ന് പലരും പരാതി പറയാറുണ്ട്. ഇക്കാര്യത്തിൽ നിലപാടെന്താണ്?**

**ഉത്തരം:** ഞാൻ തിരക്കിലാണെങ്കിൽ ഫോൺ എടുക്കാറില്ല. പക്ഷേ, മിസ്ഡ് കോൾ നോക്കി തിരിച്ചു വിളിക്കാറുണ്ട്. കാരണം എന്തെങ്കിലും സഹായത്തിനോ, പ്രശ്നപരിഹാരത്തിനോ വേണ്ടിയായിരിക്കും ജനങ്ങൾ ബന്ധപ്പെടുവാൻ ശ്രമിക്കുന്നത്. അതിനെ നേതാക്കന്മാർ എല്ലാവരും പോസിറ്റീവ് ആയി കാണണം എന്നാണ് എന്റെ അഭിപ്രായം.

**ചോദ്യം: യുവജനങ്ങൾ മെച്ചപ്പെട്ട ജീവിതമാർഗ്ഗം തേടി വിദേശത്തേക്ക് കുടിയേറുന്നതിനെപ്പറ്റി എന്താണ് പ്രതികരണം?**

**ഉത്തരം:** പല നിയോജകമണ്ഡലങ്ങളിലും വീടുകൾ ശൂന്യമാണ്. വിദേശത്തേക്കുള്ള കുടിയേറ്റം ജനാധിപത്യ പാർട്ടികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കൂടുതൽ ജീവിതസൗകര്യങ്ങൾ തേടുവാൻ ഓരോരുത്തർക്കും പൂർണ്ണമായ സ്വാതന്ത്ര്യമുണ്ട്. യുവജനങ്ങളെ ഇവിടെ നിലനിർത്തുവാൻ ജീവിതസൗകര്യങ്ങളും പദ്ധതികളും കൊണ്ടുവരേണ്ടത് സർക്കാരിന്റെ ചുമതലയാണ്. യുഡിഎഫ് സർക്കാർ അധികാരത്തിൽ വന്നാൽ മാറ്റങ്ങൾ ഉണ്ടാകും. പി.ജെ. ജോസഫ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ പ്ലസ്ടു, സ്വാശ്രയ സംവിധാനങ്ങൾ വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നത് വലിയ മാറ്റങ്ങൾക്ക് ഇടയാക്കി. അന്നത്തെ സർക്കാരിൽ വളരെയധികം സമ്മർദ്ദം ചെലുത്തിയാണ് അതു നടപ്പിലാക്കിയത്.

**ചോദ്യം: കാർഷിക മേഖലയെ എങ്ങനെ ഗുണകരമായി പ്രയോജനപ്പെടുത്താം?**

**ഉത്തരം:** മാധ്യമങ്ങൾക്ക് ഇക്കാര്യത്തിൽ വളരെയധികം ചെയ്യുവാൻ സാധിക്കും. കാർഷിക രംഗത്ത് വിജയക്കൊടി പാറിച്ച നിരവധി ചെറുപ്പക്കാരുണ്ട്. അതിനെ പോസിറ്റീവായി അവതരിപ്പിക്കുവാൻ പലപ്പോഴും കഴിയാറില്ല. കൃഷിക്കാരനെ ഒരു സംരംഭകനാക്കി മാറ്റണം. ഒന്നിലധികം ആൾക്കാർ ഒരുമിച്ചു ചേർന്ന് ചെറിയചെറിയ കുടിൽ വ്യവസായങ്ങൾ ആരംഭിക്കണം. വിവിധ തരത്തിലുള്ള ഉല്പന്നങ്ങളെ വ്യത്യസ്ത രീതികളിൽ പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ഒരു കർഷകമനസ്സിന്റെ ഉടമയായ തനിക്ക് കാർഷിക മേഖലയുടെ വികസനം എപ്പോഴും ഒരു ആവേശമാണ്.

**ചോദ്യം: വിദ്യാഭ്യാസ രംഗത്ത് എന്ത് മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്?**

**ഉത്തരം:** പ്രീ-പ്രൈമറി വിദ്യാഭ്യാസ രംഗത്ത് വളരെക്കുറിച്ച് പണമാണ് നമ്മൾ മുടക്കുന്നത്. എന്നാൽ, വിദേശത്തെ സ്കൂളുകളിൽ ചെറുപ്രായത്തിൽ തന്നെ പൗരബോധം വളർത്തുന്ന കാര്യങ്ങൾ കുട്ടികളെ പഠിപ്പിക്കാറുണ്ട്. ജീവിതത്തിൽ ചെയ്യേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ അവരെ പഠിപ്പിക്കും. പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണമെന്ന് അവർക്കറിയാം. നമ്മുടെ വിദ്യാഭ്യാസ രംഗത്തും മാറ്റങ്ങൾ ഉണ്ടാകണം.

**ചോദ്യം: വിദേശമലയാളികളോടുള്ള സന്ദേശം എന്താണ്?**

**ഉത്തരം:** മക്കളൊക്കെ പ്രായമായി സ്വന്തം കാലിൽ നിൽക്കാറാകുമ്പോൾ നിങ്ങൾ നാട്ടിലേക്ക് മടങ്ങിവരണം എന്നാണ് എന്റെ അഭിപ്രായം. യുഡിഎഫ് സർക്കാർ അധികാരത്തിൽ വരുമ്പോൾ വളരെയധികം മാറ്റങ്ങൾ ഉണ്ടാകും. നിങ്ങളോടൊപ്പം ഞങ്ങളും ഉണ്ടായിരിക്കും.

# രാജ്ഭവനിൽ കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്തു

തിരുവനന്തപുരം: മുൻ രാഷ്ട്രപതി ഡോ. കെ.ആർ. നാരായണന്റെ പ്രതിമ രാജ്ഭവനിൽ അനാച്ഛാദനം ചെയ്തു. കേരള സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവാണ് പ്രതിമ അനാവരണം ചെയ്തത്. തുടർന്ന് പ്രതിമയിൽ പുഷ്പാർച്ചനയും നടത്തി.



രാജ്ഭവനിൽ അനാച്ഛാദനം ചെയ്ത മുൻ രാഷ്ട്രപതി ഡോ. കെ.ആർ. നാരായണന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപതി മുർമു പ്രണാമം അർപ്പിക്കുന്നു

കെ.ആർ. നാരായണൻ ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച വ്യക്തിത്വവും ലാളിത്യത്തിന്റെ പ്രതീകവുമായിരുന്നെന്ന് രാഷ്ട്രപതി പറഞ്ഞു. പ്രമുഖ രാഷ്ട്രതന്ത്രജ്ഞനും നയതന്ത്രജ്ഞനുമായിരുന്ന അദ്ദേഹത്തിന്റെ ജീവിതം സമത്വം, സത്യസന്ധത, പൊതുസേവനം എന്നീ മൂല്യങ്ങൾ മുറുകെപ്പിടിക്കാൻ എല്ലാവർക്കും പ്രചോദനമാണെന്നും പ്രതിമ അനാച്ഛാദനം ചെയ്ത് രാഷ്ട്രപതി പറഞ്ഞു. രാജ്യത്തിന്റെയും മനുഷ്യന്റെയും വികസനത്തിൽ വിദ്യാഭ്യാസത്തിനുള്ള പങ്കിന് അദ്ദേഹം ഊന്നൽ നൽകി. സാധാരണജനങ്ങളുടെ ജീവിതം ഉയർത്തുന്നതിനായി പ്രവർത്തിച്ച അദ്ദേഹം ഭാവിതലമുറകൾക്ക് പ്രചോദനമാകുന്ന നേതൃഗുണങ്ങളുടെ പ്രതീകമാണ്. ധാർമ്മികത, സത്യസന്ധത, അനുകമ്പ, ജനാധിപത്യപരമായ മനോഭാവം എന്നിവ എന്നും അദ്ദേഹം ഉയർത്തിപ്പിടിച്ചു. അദ്ദേഹത്തിന്റെ മൂല്യങ്ങളും ജീവിതസന്ദേശങ്ങളും രാജ്യത്തിന്റെ പുരോഗതിയിലേക്കുള്ള പാതയിൽ എന്നും മാർഗ്ഗദീപമാകും.

രാജ്ഭവനിൽ കെ.ആർ. നാരായണന്റെ പ്രതിമ സ്ഥാപിക്കുന്നതിലൂടെ രാജ്യത്തിന്റെ സ്നേഹാദരവ് അദ്ദേഹത്തിന് നല്കുകയാണെന്ന് രാഷ്ട്രപതി പറഞ്ഞു. മുൻ രാഷ്ട്രപതിമാരുടെ ഓർമ്മ നിലനിർത്തുന്നതിനുള്ള ഈ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നതിനു നേതൃത്വം നല്കിയ മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിന് രാഷ്ട്രപതി മുർമു നന്ദിയറിയിച്ചു. കെ.ആർ. നാരായണന്റെ പ്രതിമ അനാച്ഛാദനം ചെയ്യാൻ കഴിഞ്ഞതിൽ അഭിമാനമുണ്ടെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.

രാഷ്ട്രപതിയായിരിക്കെ രാംനാഥ് കോവിന്ദ് കേരള ഗവർണറായിരുന്ന ആരിഫ് മുഹമ്മദ് ഖാന് അയച്ച കത്തിനെത്തുടർന്നാണ് ഈ ആശയം രൂപപ്പെട്ടത്. രാജ്യത്തിന് വലിയ സംഭാവനകൾ നല്കിയ മുൻ രാഷ്ട്രപതിമാരുടെ ഓർമ നിലനിർത്താൻ രാജ്ഭവനുകൾ ശ്രമിക്കണമെന്ന് കത്തിൽ രാംനാഥ് കോവിന്ദ് നിർദ്ദേശിച്ചിരുന്നു. കെ.ആർ. നാരായണന്റെ സംഭാവനകൾ പ്രത്യേകം പരാമർശിക്കുകയും ചെയ്തു. തുടർന്നാണ് അദ്ദേഹത്തിന്റെ ശില്പം രാജ്ഭവനിൽ സ്ഥാപിക്കാൻ ആരിഫ് മുഹമ്മദ് ഖാൻ നിർദേശം നല്കിയത്.

## ഗഗൻയാൻ ദൗത്യം: 90 ശതമാനം പ്രവൃത്തികൾ പൂർത്തിയായി

ബെംഗ്ളൂരു: മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനുള്ള ഇന്ത്യയുടെ ആദ്യദൗത്യമായ ഗഗൻയാനിന്റെ 90 ശതമാനം പ്രവൃത്തികളും പൂർത്തിയായെന്ന് ഐഎസ്ആർഒ ചെയർമാൻ ഡോ. വി. നാരായണൻ. എമർജിങ് സയൻസ്, ടെക്നോളജി ആൻഡ് ഇനവേഷൻ കോൺക്ലേവ് (ഇഎസ്ടിഐസി-2025) വിശദീകരിക്കാൻ വിളിച്ച പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നാസയും ഐഎസ്ആർഒയും ചേർന്ന് വിക്ഷേപിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമായ നൈസാറിന്റെ പേലോഡുകൾ 15 ദിവസങ്ങൾക്കുള്ളിൽ വീണ്ടും പ്രവർത്തനക്ഷമമാകും. നാസയുമായി സഹകരിച്ചു പുതിയ ആശയവിനിമയ ഉപഗ്രഹം വിക്ഷേപിക്കാൻ ഐഎസ്ആർഒ തയ്യാറെടുക്കുകയാണ്.

## അദ്ധ്യാപകർക്ക് ചൂരലെടുക്കാമെന്ന് ഹൈക്കോടതി

കൊച്ചി: വിദ്യാർത്ഥികളിൽ അച്ചടക്കം ഉറപ്പാക്കാനായി അദ്ധ്യാപകർ നടത്തുന്ന ചൂരൽപ്രയോഗം തെറ്റല്ലെന്ന് ഹൈക്കോടതി. കുട്ടികളെ തിരുത്താനുള്ള അദ്ധ്യാപകരുടെ ഉത്തരവാദിത്തം അംഗീകരിച്ചുകൊണ്ടാണ് രക്ഷിതാക്കൾ കുട്ടികളെ സ്കൂളിലേക്ക് അയയ്ക്കുന്നതെന്നും ഹൈക്കോടതി നിരീക്ഷിച്ചു. വിദ്യാർത്ഥിയെ തല്ലിയതിന് അദ്ധ്യാപകനെതിരെ എടുത്ത കേസ് റദ്ദാക്കിക്കൊണ്ടാണ് ജസ്റ്റിസ് സി. പ്രദീപ്കുമാറിന്റെ നിരീക്ഷണം.

2019-ലാണ് കേസിനാസ്പദമായ സംഭവം. പാലക്കാട് സ്കൂളിൽ തല്ലുകൂടിയ വിദ്യാർത്ഥികളെ തടയാനാണ് അദ്ധ്യാപകൻ ചൂരൽ ഉപയോഗിച്ചത്. ഇതിനെതിരെ ഒരു കുട്ടിയുടെ രക്ഷിതാവ് നല്കിയ പരാതിയിൽ വടക്കാഞ്ചേരി പോലീസ് കേസെടുത്തു. ഇത്തരം കേസുകളിൽ അദ്ധ്യാപകരുടെ ശിക്ഷാനടപടിയുടെ ഉദ്ദേശ്യശുദ്ധി പരിശോധിക്കേണ്ടത് അനിവാര്യമാണെന്ന് കോടതി വ്യക്തമാക്കി.

കുട്ടികളെ തിരുത്താൻ അദ്ധ്യാപകർ ചൂരൽ ഉപയോഗിക്കുന്നതിൽ തെറ്റു പറയാനാവില്ലെന്ന ഹൈക്കോടതിയുടെ മുൻ ഉത്തരവുകളും കോടതി ചൂണ്ടിക്കാട്ടി.

## സർക്കാരിന്റെ നിലപാട് മാറ്റത്തിൽ ഹൈക്കോടതിക്ക് അതൃപ്തി

കൊച്ചി: കൊച്ചി-ധനുഷ്കോടി ദേശീയപാത 85-ന്റെ നേര്യമംഗലം മുതൽ വാളറ വരെയുള്ള ഭാഗത്തെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കേരള സർക്കാരിന്റെ നിലപാട് മാറ്റത്തിൽ കടുത്ത അതൃപ്തി പ്രകടിപ്പിച്ച് ഹൈക്കോടതി. തർക്കത്തിലുള്ള ദേശീയപാത പ്രദേശം വനഭൂമിയാണെന്ന് ഇക്കഴിഞ്ഞ മാർച്ചിൽ വ്യക്തമാക്കിയ സർക്കാർ സെപ്റ്റംബറിൽ ഇത് വനഭൂമിയല്ലെന്ന് സത്യവാങ്മൂലം സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ സർക്കാർ കുറച്ചുകൂടി ഗൗരവത്തോടെ നടപടി സ്വീകരിക്കണമെന്ന് കോടതി വ്യക്തമാക്കി.

വനപ്രദേശമാണെങ്കിൽ അത് സംരക്ഷിക്കേണ്ടത് അത്യാവശ്യമാണെന്നും അതേസമയം പ്രദേശത്തെ റോഡ് വികസനം പൊതുജനങ്ങൾക്ക് ആവശ്യമാണെന്നും ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് വി.എം. ശ്യാംകുമാർ എന്നിവരുടെ ബെഞ്ച് നിരീക്ഷിച്ചു. ദേശീയപാത കടന്നുപോകുന്ന പ്രദേശം റവന്യൂ ഭൂമിയാണോ എന്നതിൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവിറക്കണം. സംരക്ഷിത വനഭൂമിയല്ലെങ്കിൽ മാത്രം എൻഎച്ച്എഐക്ക് നിർമാണം തുടരാമെന്നും ഹൈക്കോടതി വ്യക്തമാക്കി.

ഇക്കാര്യത്തിൽ വനം, റവന്യൂ വകുപ്പുകൾ സംയുക്തമായി അതിവേഗം തീരുമാനമെടുക്കണം. ഡിസംബർ ഒന്നിന് ഹൈക്കോടതി വീണ്ടും വിഷയം പരിഗണിക്കും.

സർക്കാർ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമദൃഷ്ട്യാ സ്ഥലം വനഭൂമിയാണെന്ന് കോടതി ഇടക്കാല ഉത്തരവിറക്കിയിരുന്നു. ഇത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ദേശീയപാത അതോറിറ്റിയാണ് ഹൈക്കോടതിയെ സമീപിച്ചത്.

## ബിഹാറിൽ പ്രചാരണത്തിന് തുടക്കമിട്ട് പ്രധാനമന്ത്രി

പട്ന: ബിഹാറിൽ മുഖ്യമന്ത്രി നിതീഷ്കുമാറിന്റെ നേതൃത്വത്തിൽ എൻഡിഎ റെക്കോർഡ് വിജയം നേടുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. എൻഡിഎയുടെ പ്രചാരണത്തിനു തുടക്കമിട്ട് സമസ്തിപൂരിൽ സംഘടിപ്പിച്ച തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി. ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിൽ ഇതുവരെയുള്ള എല്ലാ റെക്കോർഡുകളും എൻഡിഎ ഇക്കുറി മറികടക്കുമെന്ന് മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

പരസ്പരം പോരടിക്കുന്നവരുടെ കൂട്ടമാണ് ഇന്ത്യ സഖ്യമെന്നു മോദി പരിഹസിച്ചു. ആർജെഡിയുടേയും കോൺഗ്രസിന്റെയും നേതാക്കൾ അഴിമതിക്കാരും അതിൽ പലരും ജാമ്യത്തിലുമാണ്. ജെഎംഎ പോലുള്ള സഖ്യകക്ഷികൾക്ക് സീറ്റ് നല്കാതെ ഇന്ത്യാ സഖ്യം അവഗണിച്ചത് അഹങ്കാരമാണെന്നും മോദി പറഞ്ഞു.

റാലിയിൽ പങ്കെടുക്കാനെത്തിയവരോട് മൊബൈൽഫോണിലെ ടോർച്ച്ലൈറ്റ് പ്രകാശിപ്പിക്കാൻ മോദി ആഹ്വാനം ചെയ്തു. ആധുനിക ഗാഡ്ജറ്റിന്റെ സഹായത്തോടെ ഇത്രയധികം വെളിച്ചമുള്ളപ്പോൾ 'വിളക്കി'ന്റെ ആവശ്യമില്ലെന്ന് ആർജെഡിയുടെ തെരഞ്ഞെടുപ്പ് ചിഹ്നത്തെ സൂചിപ്പിച്ച് മോദി പരിഹസിച്ചു. പ്രതിപക്ഷ സഖ്യത്തിൽ ഐക്യമില്ലെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ആന്തരിക വിയോജിപ്പുകൾ കാരണം മഹാഗഡ്ബന്ധൻ ഒരു 'ലഢ്ബന്ധൻ' ആയി മാറിയെന്നും സഖ്യകക്ഷികൾ പരസ്പരം പോരടിക്കുന്ന കൂട്ടുകെട്ടാണെന്നും നരേന്ദ്ര മോദി പറഞ്ഞു.



PURCHASE AND REFINANCE MORTGAGES
CALL ME @
847 471 4423
BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee
Citywide Mortgage of America Corp.
Officee: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641

Small Business Accounting LLC
Personal and Business Tax Services

Tino Simon Mundaplackil
Phone:630-635-3615
Email: tino@greatwaysinc.com
1001 E Chicago Ave, Suite 151, Naperville, IL 60540
Free Electronic Filing

Pramod Zacharias, E.A.

# പാലക്കാട് എംപി വി.കെ. ശ്രീകണ്ഠന് ചിക്കാഗോയിൽ ഗംഭീര സ്വീകരണം നല്കി



ചിക്കാഗോ: പാലക്കാട് എംപി വി.കെ. ശ്രീകണ്ഠന് ഇന്ത്യൻ ഓവർസീസ് കോൺഗ്രസിന്റെ നേതൃത്വത്തിൽ ചിക്കാഗോ പൗരാവലി അത്യുജ്വല സ്വീകരണം നല്കി. സെന്റ് മേരീസ് ക്നാനായ ദേവാലയത്തിന്റെ ഓഡിറ്റോറിയത്തിൽ നടന്ന സ്വീകരണ സമ്മേളനത്തിൽ ഐഒസി ചിക്കാഗോ ചാപ്റ്റർ പ്രസിഡണ്ട് ജോർജ് പണിക്കർ അദ്ധ്യക്ഷത വഹിച്ചു.

കെഎസ്‌യുവിലൂടെ കോൺഗ്രസ് പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന വി.കെ. ശ്രീകണ്ഠൻ താൻ കൈവെച്ച മേഖലകളിലൊക്കെ തന്റെ കയ്യൊപ്പ് പതിച്ച വ്യക്തിത്വമാണ്. ഷൊർണ്ണൂർ നഗരസഭാംഗം, നഗരസഭ പ്രതിപക്ഷനേതാവ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗം തുടങ്ങി പാർലമെന്റ് അംഗം വരെയുള്ള തന്റെ രാഷ്ട്രീയ ജീവിതം സാധാരണക്കാരെയും പാവപ്പെട്ടവരെയും ചേർത്ത് നിർത്തിക്കൊണ്ട് ഉള്ളതായിരുന്നു. ഇടത് കോട്ടയായ പാലക്കാടിനെ ത്രിവർണ്ണ പതാക അണിയിച്ചത് എം.ബി. രാജേഷിനെ അട്ടിമറിച്ചായിരുന്നു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും എം. വിജയരാഘവനെ അരലക്ഷത്തിലധികം വോട്ടിന് പരാജയപ്പെടുത്തിയാണ് പാർലമെന്റിൽ എത്തിയത്.

സെക്രട്ടറി ജോർജ് ജോസഫ് കൊട്ടുകപ്പള്ളി സ്വാഗതം ആശംസിക്കുകയും പരിപാടികളുടെ എം.സി ആയിരുന്ന ജോർജ് പണിക്കർ തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ വി.കെ. ശ്രീകണ്ഠന്റെ പ്രവർത്തനങ്ങൾക്ക് ചിക്കാഗോ IOC-യുടെ ആശംസകൾ അർപ്പിച്ചു. തുടർന്നു I.O.C ദേശീയ പ്രസിഡണ്ട് സതീശൻ നായർ, മുൻ കേരളാ ചാപ്റ്റർ പ്രസിഡണ്ട് പോൾ പി. പറമ്പി, മുൻ ദേശീയ ചെയർമാൻ തോമസ് മാത്യു, ദേശീയ വൈസ് പ്രസിഡണ്ട് പ്രൊഫ. തമ്പി മാത്യു, വി.കെ. ശ്രീകണ്ഠൻ എംപിയുടെ സഹധർമ്മിണിയും KPCC-യുടെ ജനറൽ സെക്രട്ടറിയുമായ കെ.എ. തുളസി, മുൻ പ്രസിഡണ്ട് സന്തോഷ് നായർ എന്നിവരും ആശംസാപ്രസംഗങ്ങൾ നടത്തി.

തന്റെ മറുപടി പ്രസംഗത്തിൽ കോൺഗ്രസ് പാർട്ടി ഉൾപാർട്ടി ജനാധിപത്യത്തിൽ വിശ്വസിക്കുന്ന പാർട്ടി ആണെന്നും അടുത്ത തെരഞ്ഞെടുപ്പിൽ നൂറിലധികം എംഎൽഎമാരുമായി അധികാരത്തിൽ വരുമെന്നും പ്രസ്താവിക്കുകയുണ്ടായി. ചിക്കാഗോയിലെത്തി IOC പ്രവർത്തകരെ കണ്ടതിലുള്ള സന്തോഷവും അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. വൈസ് പ്രസിഡണ്ട് ജോൺസൺ കണ്ണൂക്കാടൻ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

ജനറൽ സെക്രട്ടറി അച്ചൻകുഞ്ഞു മാത്യു, ട്രഷറർ ആന്റോ കവലയ്ക്കൽ, വൈസ് പ്രസിഡണ്ട് അബ്രഹാം ജോർജ് (തമ്പി), സെക്രട്ടറി ബൈജു കണ്ടത്തിൽ, റ്റോമി അമ്പനേട്ട്, ബിജു കിഴക്കേക്കുറ്റ്, സ്റ്റീഫൻ കിഴക്കേക്കുറ്റ്, ജോസ് മണക്കാട്, ജിക്കുമോൻ ജോസഫ്, ബാബു മാത്യു എന്നിവരോടൊപ്പം ചിക്കാഗോയിലെ കോൺഗ്രസ് പ്രസ്ഥാനത്തോടൊപ്പം നില്ക്കുന്ന മലയാളി സൗഹൃദ കൂട്ടായ്മയും സന്നിഹിതരായിരുന്നു.

## ചാണ്ടി ഉമ്മനും ഷമ മുഹമ്മദിനും എഐസിസിയിൽ പുതിയ ചുമതല

ന്യൂഡൽഹി: കെപിസിസി പുനസംഘടനയിൽ അതൃപ്തി പ്രകടിപ്പിച്ച ചാണ്ടി ഉമ്മൻ എംഎൽഎയ്ക്കും ഷമ മുഹമ്മദിനും എഐസിസിയിൽ പുതിയ പദവി. നാഷണൽ ടാലന്റ് ഹണ്ട് കോ-ഓർഡിനേറ്റർമാരായാണ് ഇരുവർക്കും നിയമനം. പാനലിസ്റ്റുകൾ, വക്താക്കൾ എന്നിവരുടെ നിയമനമാണ് ടാലന്റ് ഹണ്ടിൽ ഉൾപ്പെടുന്നത്.

മേഘാലയയുടെയും അരുണാചൽപ്രദേശിന്റെയും ചുമതലയാണു ചാണ്ടി ഉമ്മന്, ഷമ മുഹമ്മദിന് ഗോവയുടെ ചുമതലയും നൽകി. 13 ഉപാധ്യക്ഷന്മാരെയും 58 ജനറൽ സെക്രട്ടറിമാരെയും ഉൾപ്പെടുത്തി കെപിസിസി ജംബോ പട്ടിക പുറത്തുവിട്ടതിനു പിന്നാലെയാണ് ചാണ്ടി ഉമ്മനും ഷമ മുഹമ്മദും അതൃപ്തി പ്രകടമാക്കി രംഗത്തുവന്നത്.

## പ്രൊഫ. ഡോ. റ്റി.എം. ജോസഫ് അന്തരിച്ചു




കോട്ടയം: മൂവാറ്റുപുഴ നിർമ്മല കോളേജ്, തൊടുപുഴ ന്യൂമാൻ കോളേജ് എന്നീ കേളേജുകളുടെ മുൻ പ്രിൻസിപ്പൽ (റിട്ടയർഡ്) പ്രൊഫ. ഡോ. റ്റി.എം. ജോസഫ് (62) അന്തരിച്ചു. താമരക്കാട് തെക്കുംപെരുമാലിൽ കുടുംബാംഗമായ ഡോ. റ്റി.എം. ജോസഫ് കോട്ടയം അതിരൂപതാ കോളേജുകളുടെ പ്രോ മാനേജരായിരുന്നു.

ഭാര്യ കൈപ്പുഴ ഇലക്കാട്ട് ഡോ. ബീന ജോസഫ് (റിട്ടയർഡ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസ്, എം.ജി. യൂണിവേഴ്സിറ്റി). മക്കൾ : അജയ് (നെതർലാൻഡ്), വിജയ്.

## ജോബി ഊരാളിൽ 16–ാമത് കെ.സി.സി.എൻ.എ കൺവൻഷൻ ചെയർപേഴ്സൺ

**ബൈജു ആലപ്പാട്ട്**



ടാമ്പാ, ഫ്ളോറിഡ: ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവൻഷൻ സെന്ററിൽ 2026 ഓഗസ്റ്റ് 6 മുതൽ 10 വരെ നടക്കുന്ന 16-ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവൻഷൻ ചെയർപേഴ്സണായി ജോബി ഊരാളിലിനെ തെരഞ്ഞെടുത്തതായി ആതിഥേയ യൂണിറ്റുകളിലൊന്നായ ക്നാനായ കാത്തലിക് കോൺഗ്രസ് ഓഫ് സെൻട്രൽ ഫ്ളോറിഡ (കെസിസിസിഎഫ്-താമ്പ) എക്സിക്യൂട്ടീവ് കമ്മിറ്റിക്കു വേണ്ടി പ്രസിഡണ്ട് ജയ്മോൾ മൂശാരിപ്പറമ്പിൽ അറിയിച്ചു.

കെസിസിസിഎഫ്-താമ്പ യൂണിറ്റിലെ സജീവ മെംബറായ ജോബി ഊരാളിൽ കെസിസിഎൻഎയുടെ ടാമ്പാ റീജിയണൽ വൈസ് പ്രസിഡണ്ടാണ്. ടാമ്പ യൂണിറ്റിൽ വിവിധ കമ്മിറ്റികളിൽ പ്രവർത്തിച്ചിട്ടുള്ള ജോബി തന്റെ സജീവ പങ്കാളിത്തം വഴി നിരവധി വലിയ പരിപാടികൾ സംഘടിപ്പിക്കുവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. കെസിസിഎൻഎ നാഷണൽ കൗൺസിലിൽ പല ടേമുകളിൽ ടാമ്പാ യൂണിറ്റിനെ അദ്ദേഹം പ്രതിനിധീകരിച്ചിട്ടുണ്ട്. ഫ്ളോറിഡയിലെ മലയാളി സമൂഹത്തിലെ ഒരു നിറസാന്നിദ്ധ്യമായ ജോബി ഊരാളിൽ ഒരു പ്രമുഖ സംഘാടകൻ കൂടിയാണ്. ഇത്രയും മഹത്തായ ഒരു ക്നാനായ കൺവൻഷൻ ഏകോപിപ്പിക്കുന്നതിനുള്ള ജോബി ഊരാളിലിന്റെ കഴിവുകളിലും സംഘാടക വൈദഗ്ദ്ധ്യത്തിലും ഞങ്ങൾക്ക് തികഞ്ഞ വിശ്വാസമുണ്ട്. ഈ കൺവൻഷന് നേതൃത്വം നല്കാനുള്ള ശരിയായ വ്യക്തി ജോബി ഊരാളിലാണ്. അദ്ദേഹത്തിന്റെ ലോജിസ്റ്റിക്കൽ കൈകാര്യം ചെയ്യലും പരിപാടിയുടെ സംഘാടന വൈവിധ്യവും ഭാവിയിലെ ക്നാനായ കൺവൻഷനുകളുടെ ഒരു രൂപരേഖയായിരിക്കുമെന്ന് കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലും കെസിസിസിഎഫ് എക്സിക്യൂട്ടീവ് കമ്മിറ്റിയും ചൂണ്ടിക്കാട്ടി. കെസിസിസിഎഫ്-ടാമ്പ യൂണിറ്റിനോടൊപ്പം 16-ാമത് കെ.സി.സി.എൻ.എ നാഷണൽ കൺവൻഷന് ആതിഥേയത്വം വഹിക്കുന്നത് മയാമി (കെസിഎഎസ്എഫ്) യൂണിറ്റാണ്.



# ഷോൺ അറയ്ക്കപ്പറമ്പിൽ യുഎസ്എ യു-17 വോളിബോൾ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു




**റെഡി ജോൺ മുഴയമ്മാക്കൽ**

ചിക്കാഗോ: മൗണ്ട് പ്രോസ്പെക്ടിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന ഞീഴൂർ അറയ്ക്കപ്പറമ്പിൽ സനീഷ്-അനീറ്റ ദമ്പതികളുടെ മകൻ ഷോൺ ജോൺ, വെറും 15-ാം വയസ്സിൽ തന്റെ കായികജീവിതത്തിലെ ഒരു വലിയ നേട്ടം കൈവരിച്ചു-യുഎസ്എ യു-17 വോളിബോൾ ടീമിൽ തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണ് ഈ കൗമാരക്കാ



രൻ. രാജ്യത്തെ ഏറ്റവും പ്രതീക്ഷയുള്ള യുവതാരങ്ങളിൽ ഒരാളായി ഷോൺ ഇടം നേടിയിരിക്കുന്നു. നവംബർ 9-ന് ഷോൺ കൊളറാഡോ സ്പ്രിങ്സിലെ ഒളിമ്പിക് ആൻഡ് പാര ഒളിമ്പിക് ട്രെയിനിങ് സെന്ററിലേക്കാണ് പരിശീലനത്തിനായി പോകുന്നത്. ഫൈനൽ ടീമിലേക്കു തെരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നവംബർ 18 മുതൽ 23 വരെ നിക്കാരാഗ്വയിലെ മനാഗ്വയിൽ നടക്കുന്ന NORCECA ബോയ്സ് യു-17 കോണ്ടിനെന്റൽ ചാമ്പ്യൻഷിപ്പിൽ അമേരിക്കയെ ഷോൺ പ്രതിനിധീകരിക്കും.

ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയ ഇടവകാംഗവും കെസിവൈഎൽ അംഗവുമായ ഷോൺ ജോണിന്റെ വോളിബോൾ യാത്ര ആരംഭിച്ചത് 2022-ൽ കെസിഎസ് ചിക്കാഗോ ആരംഭിച്ച ബോയ്സ് ആൻഡ് ഗേൾസ് ക്യാമ്പിലൂടെയായിരുന്നു. അവന്റെ കഴിവ് ഉടൻതന്നെ തെളിഞ്ഞു. അതിലൂടെ റിവർ ട്രെയിൽസ് മിഡിൽ സ്കൂൾ ടീമിനെ തുടർച്ചയായി രണ്ട് വർഷം അജയ്യരാക്കി. തുടർന്ന് സെവൻത് ഗ്രേഡിലും 8-ത് ഗ്രേഡിലും സ്കൂളിന് ആദ്യമായി കോൺഫറൻസ് ചാമ്പ്യൻഷിപ്പ് നേടിക്കൊടുക്കുകയും ചെയ്തു.

2023-ൽ ഷോൺ ഒരു പ്രമുഖ ക്ലബ് ടീമിൽ (Mod Vollyball club, Northbrook) ചേർന്നു. അവരുടെ എലിറ്റ് ടീമിൽ സ്ഥാനം നേടി. 2025 ജൂലൈയിൽ ഫ്ളോറിഡയിലെ ഓർലാൻഡോയിൽ നടന്ന AAU നാഷണൽ ക്ലബ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാംസ്ഥാനം നേടിയത് ഷോണിന്റെ ക്ലബ് കരിയറിലെ പ്രധാന നേട്ടങ്ങളിലൊന്നായിരുന്നു.



ഹൈസ്കൂൾ തലത്തിലും ഷോൺ മികച്ച പ്രകടനം കാഴ്ചവെച്ചു. ആർലിംഗ്ടൺ ഹൈറ്റ്സിലെ ജോൺ ഹെർസി ഹൈസ്കൂളിലെ ഫസ്റ്റ് ഇയർ വിദ്യാർത്ഥിയായിട്ടും ഷോൺ വാർസിറ്റി ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. അതീവ അപൂർവമായൊരു ബഹുമതി. 2024-2025 അദ്ധ്യയന വർഷത്തിൽ ടീം ഇല്ലിനോയി സ്റ്റേറ്റ് സെഷണൽ ചാമ്പ്യന്മാരായി മാറി.

ഷോണിന്റെ സമർപ്പണവും പരിശ്രമവും യുഎസ്എ വോളിബോളിൽ ശ്രദ്ധനേടാൻ കാരണമായി. അതിന്റെ ഭാഗമായി 2025 മാർച്ചിലും സെപ്റ്റംബറിലും കൊളറാഡോ സ്പ്രിങ്സിൽ നടന്ന നാഷണൽ ഡെവലപ്മെന്റ് ട്രെയിനിങ് പ്രോഗ്രാമിലേക്കും (NTDP) അദ്ദേഹത്തെ ക്ഷണിച്ചു. കൂടാതെ 2025 ഡിസംബർ (അനഹൈം, കാലിഫോർണിയ), 2026 മാർച്ച് (കൊളറാഡോ സ്പ്രിങ്സ്) നടക്കുന്ന NTDP ക്യാമ്പുകളിലും പങ്കെടുക്കാൻ ഷോൺ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. തന്റെ നേട്ടത്തെക്കുറിച്ച് ഷോൺ പറയുന്നു: "യുഎസ്എയുടെ ജേഴ്സി ധരിക്കുന്നത് എനിക്ക് ഒരു സ്വപ്നം സത്യമായതുപോലെ തോന്നുന്നു. വോളിബോൾ ആദ്യം കളിച്ച നാൾ മുതൽ ഞാൻ ഇതിനെക്കുറിച്ച് സ്വപ്നം കണ്ടിരുന്നു. എന്നിൽ വിശ്വാസം വെച്ച് എപ്പോഴും പിന്തുണച്ച എന്റെ പരിശീലകർക്കും കൂട്ടുകാർക്കും കുടുംബത്തിനും ഞാൻ ഹൃദയത്തിന്റെ ആഴത്തിൽനിന്ന് നന്ദിയുണ്ട്...ഞാൻ എന്റെ മുഴുവൻ മനസ്സും ശക്തിയും സമർപ്പിച്ച് മികച്ചത് ചെയ്യാൻ ആഗ്രഹിക്കുന്നു..."

മാതാപിതാക്കളായ സനീഷും അനീറ്റയും പറഞ്ഞു: "ഷോണിന്റെ നേട്ടത്തിൽ ഞങ്ങൾ അത്യന്തം അഭിമാനിക്കുന്നു. ഒരു ലളിതമായ ക്യാമ്പിൽനിന്ന് ദേശീയതലത്തിലെ വേദിയിലേക്ക് എത്തിയിരിക്കുന്ന അവന്റെ യാത്ര ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. അവന്റെ കഠിനാദ്ധ്വാനവും ആത്മാർത്ഥതയും ഞങ്ങൾക്ക് പ്രതിദിന പ്രചോദനമാണ്. ടീം യുഎസ്എയെ പ്രതിനിധീകരിച്ച് സ്വപ്നം യാഥാർത്ഥ്യമാക്കുന്നത് കാണാൻ ഞങ്ങൾ ആവേശത്തോടെയാണ് കാത്തിരിക്കുന്നത്."

വർഷങ്ങളുടെ സമർപ്പണം, അദ്ധ്വാനം, കായികത്തിന്റെ പ്രണയം എന്നിവയുടെ പ്രതിഫലനമാണ് ഷോണിന്റെ ഈ നേട്ടം. അന്താരാഷ്ട്ര വേദിയിലേക്കുള്ള ഈ പുതിയ അദ്ധ്യായത്തിനായി ഷോൺ തയ്യാറെടുക്കുമ്പോൾ അവന്റെ കുടുംബവും സമൂഹവും അഭിമാനത്തോടെ പിന്തുണയുമായി ഷോണിനൊപ്പം നിൽക്കുന്നു.

ഷോൺ ജോൺ നിലവിൽ ജോൺ ഹേഴ്സി ഹൈസ്കൂൾ പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. ഷാനെ, സാം എന്നിവർ ഷോണിന്റെ സഹോദരന്മാരും ആനി സഹോദരിയുമാണ്. കായികരംഗത്ത് ഈ രീതിയിലുള്ള ഒരു നേട്ടം കൈവരിക്കുന്ന ആദ്യത്തെ ക്നാനായ സമുദായാംഗമാണ് ഷോൺ ജോൺ.




FAMILY DENTAL

552 S WASHINGTON ST., SUITE # 101,
NAPERVILLE, ILLINOIS 60540
PHONE: 630 999 1976

9709 N. MILWAUKEE AVE.
GLENVIEW, ILLINOIS 60025
PHONE: 847 581 1418
(NORTHWEST CORNER OF MILWAUKEE & GREENWOOD)

Children Welcome
Invisalign & Braces

GENERAL DENTISTRY
COSMETIC DENTISTRY
IMPLANT, GUM SURGERY
ORTHODONTIC TREATMENT
WISDOM TOOTH EXTRACTIONS




DR. SUSAN EDUKUTHARAYIL BDS, DDS
DR. SUSMITHA EDUKUTHARAYIL DMD

Appointment, Visit: MyDentistToday.com MONDAY - SATURDAY

ACHIEVE REAL ESTATE GROUP, INC.

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ (MARC) സിൽവർ ജൂബിലി വർഷത്തിലേക്ക്



**സ്കറിയാക്കുട്ടി തോമസ്**

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി അസോസിയേഷൻ ഓഫ് റെസ്പിറേറ്ററി കെയർ സിൽവർ ജൂബിലി (25-ാം വാർഷികം) വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 2025 ഒക്ടോബർ 25 മുതൽ 2026 ഒക്ടോബർ വരെ, ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപരിപാടികൾക്കാണ് സംഘാടകർ രൂപരേഖ തയ്യാറാക്കിയിരിക്കുന്നത്. 2026 ഒക്ടോബർ 17-ന് സംഘടിപ്പിക്കുന്ന ഗ്രാൻഡ് ബാങ്കറ്റ് ഡിന്നറും കലാപരിപാടികളും സിൽവർ ജൂബിലി ആഘോഷപരിപാടികൾക്ക് തിളക്കം വർദ്ധിപ്പിക്കും.



മനുഷ്യസ്നേഹത്തിന്റെ അടയാളമായി കേരളത്തിൽ നിർദ്ധനരായ മൂന്ന് കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നല്കുവാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 25 ലക്ഷം രൂപ ചെലവിൽ നടപ്പാക്കുന്ന ഈ ഹൗസിംഗ് പ്രോജക്ട് സംഘടനയുടെ സാമൂഹിക ഉത്തരവാദിത്വത്തിന്റെ മകുടോദാഹരണമാണ്.

ജൂബിലിവർഷത്തിന്റെ തുടക്കമായി ആദ്യ വീട് 2025 ഒക്ടോബർ 25-ന് വെള്ളിയാഴ്ച 'റെസ്പിറേറ്ററി ആഴ്ച'യുടെ ഭാഗമായി കൈമാറി. സംഘടനയുടെ മുതിർന്ന അംഗങ്ങളായ ഫിലിപ്പ് ജോസഫ്, ടോം കാലായിൽ, അച്ചു സ്കറിയ, അബ്രഹാം വെട്ടിക്കാട്ട് എന്നിവർ പങ്കെടുത്ത ഈ ചടങ്ങ്, മാർക്കിന്റെ സേവനയാത്രയിൽ ഒരു പുതിയ അദ്ധ്യായത്തിനു തുടക്കം കുറിച്ചു.



അഡ്വ. പ്രമോദ് നാരായൻ എംഎൽഎ, വാർഡ് മെമ്പർ ഷൈനി മാത്യു, പ്രോജക്ട് കോ-ഓർഡിനേറ്റർ കെ.പി. ജയലാൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. റാന്നി നെല്ലിക്കമണ്ണിലുള്ള കല്ലുപറമ്പിൽ കെ. ആർ. രതീഷിനാണ് വീട് നൽകിയത്. കേരളത്തിൽ അറിയപ്പെടുന്ന സാമൂഹിക പ്രവർത്തകയായ ഡോ. എം.എസ്. സുനിൽ ടീച്ചറിന്റെ നേതൃത്വത്തിലാണ് ഈ പ്രോജക്ട് പൂർത്തിയാക്കിയത്.




കഴിഞ്ഞ 25 വർഷങ്ങളിലേക്ക് കണ്ണോടിക്കുമ്പോൾ കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിരവധി സേവനപദ്ധതികൾ വിജയകരമായി മാർക്ക് നടപ്പിലാക്കി. കോട്ടയം മെഡിക്കൽ കോളജിന് അടിയന്തരമായി വെന്റിലേറ്റർ സംഭാവന നല്കി. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, കമ്യൂണിറ്റി ഹെൽത്ത് ഫെയറുകൾ, അംഗങ്ങൾക്ക് വിദ്യാഭ്യാസ സഹായങ്ങൾ-ഇതെല്ലാം മാർക്കിന്റെ മനുഷ്യസ്നേഹത്തിന്റെയും കൂട്ടായ്മയുടെയും ചെറിയ ഉദാഹരണങ്ങൾ മാത്രം. സമൂഹത്തോടൊപ്പം, നന്മനിറഞ്ഞ മനസ്സുമായി, സേവനത്തിന്റെ പാതകളിലൂടെ മാർക്ക് ഇനിയും ബഹുദൂരം പിന്നിടുകതന്നെ ചെയ്യും. മാർക്കിന്റെ സേവനപദ്ധതികൾക്ക് സാമ്പത്തികമായും അല്ലാതെയും സഹായസഹകരണങ്ങൾ നല്കിയ എല്ലാവർക്കും കൃതജ്ഞതയുടെ പൂച്ചെണ്ടുകൾ!










ജെ. മാത്യൂസ്
മുൻപേ നടന്നവർ
'ദർപ്പണ'ത്തിനുശേഷം ജെ. മാത്യൂസിന്റെ
'മുൻപേ നടന്നവർ'
- സാഹിത്യരചനയിൽ വേറിട്ടൊരു വഴി-!
സരോജ വർഗീസ്, ജോസ് ചെരിപുറം,മാർഗരറ്റ് ജോസഫ്,
ഷാജു ജോൺ, സോയ നായർ, ഉമ സജി,
സുധീർ പണിക്കവീട്ടിൽ,അനിലാൽ ശ്രീനിവാസൻ,
ഡോ. എം. വി. പിള്ള തുടങ്ങിയവരുടെ രചനാചാതുരിയും
ആസ്വാദനവും.തിരിഞ്ഞുനോക്കുമ്പോൾ തെളിഞ്ഞുവരുന്ന
മുഖങ്ങൾ വേറെയും!
*ലാന 14th ദ്വൈവാർഷിക സമ്മേളനത്തിൽ
ശ്രീ സുനിൽ പി. ഇളയിടം പ്രകാശനം ചെയ്യുന്നു!

# 20TH DEATH ANNIVERSARY

## Nov. 3rd 2025



## EAPEN YOHANNAN (RAJU)

**POYIAKAL, KUNNAMTHANAM, THIRUVALLA**

*Inserted by:*
*Loving wife:* ***Alice***
*Elmont (New York)*
*Children:* ***Sherry & Lija***
***Raja & Shija***
*Grand children:* ***Reuben, Yohan,***
***Eathan & Eva***
***Dear & Near Ones***



# ചിക്കാഗോ ഗീതാമണ്ഡലം ദീപാവലി അതിവിപുലമായി ആഘോഷിച്ചു

**ആനന്ദ് പ്രഭാകർ**

ചിക്കാഗോ: പ്രകാശത്തിന്റെ മഹോത്സവമായ ദീപാവലി ചിക്കാഗോ ഗീതാമണ്ഡലത്തിൽ സംസ്കാരപരമായ സമൃദ്ധിയോടെയും ആത്മീയ ഊർജ്ജത്തോടെയും അതീവ ആകർഷകമായി ആഘോഷിച്ചു. അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കുള്ള മാനവരാശിയുടെ യാത്രയുടെ ആകമാനമായ ആഘോഷത്തിൽ നിരവധി കുടുംബങ്ങൾ പങ്കുചേർന്നു. പരമ്പരാഗത ചിരാതുകൾ തെളിയിച്ചും പടക്കങ്ങളുടെ പ്രകാശം ആകാശത്തേക്ക് വിരിയിച്ചും കൊണ്ടാണ് ഈ വർഷത്തെ ദീപാവലി ആഘോഷങ്ങൾക്ക് വിരാമമിട്ടത്.

മേൽശാന്തി കൃഷ്ണൻ ചെങ്ങണാംപറമ്പിലിന്റെ നേതൃത്വത്തിൽ ശ്രീ മഹാഗണപതി പൂജയോടെ ആരംഭിച്ച ദീപാവലി ആഘോഷങ്ങൾക്ക് ശേഷം കാലപുരുഷനായ ശ്രീമഹാവിഷ്ണുവിന് വിഷ്ണുസമസ്രനാമത്തിലും സർവ്വ ഐശ്വര്യദായകിയായ ശ്രീമഹാലക്ഷ്മിക്ക് ശ്രീസൂക്തത്താലും വിശേഷാൽ പൂജകളും ഗീതാമണ്ഡലം ഭജനസംഘത്തിന്റെ വിശേഷാൽ ദീപാവലി ഭജനയും ഉണ്ടായിരുന്നു. തുടർന്ന് മേൽശാന്തി ശ്രീകോവിലിൽ നിന്നും പകർന്ന അഗ്നിനാളങ്ങൾ കൊണ്ട് ഗീതാമണ്ഡലം കുടുംബത്തിലെ അമ്മമാരും സഹോദരിമാരും കുട്ടികളും ചേർന്ന് നൂറിലേറെ ചിരാതുകളിൽ നന്മയുടെയും ഐശ്വര്യത്തിന്റെയും ജ്ഞാനത്തിന്റെയും ദീപങ്ങൾ തെളിയിച്ചു. ഈ ദൃശ്യവിസ്മയം ചിക്കാഗോയിലെ ഭക്തർക്ക് ആത്മസായൂജ്യത്തിന്റെ നിമിഷങ്ങളാണ് സമ്മാനിച്ചത്.

ശേഷം ദീപാവലിക്ക് പ്രത്യേകമായി തയ്യാറാക്കിയ വിഭവസമൃദ്ധമായ സദ്യ ആശയവിനിമയത്തിന്റെയും സൗഹൃദത്തിന്റെയും വേദിയായി. രാത്രി വൈകുവോളം കുട്ടികളുടെയും മുതിർന്നവരുടെയും പങ്കാളിത്തത്തിൽ നടന്ന ഡാണ്ടിയ നൃത്തം ആഘോഷത്തിന് പ്രത്യേക ഊർജം നല്കി. തുടർന്ന് എല്ലാവരും ചേർന്ന് പൂത്തിരി, കമ്പിത്തിരി, മത്താപ്പ്, ചക്രം, കളർ കാൻഡിൽ തുടങ്ങി അനേകതരം പടക്കങ്ങൾ പൊട്ടിച്ചു. ഈ തിളക്കം നിറഞ്ഞ രാത്രി എല്ലാ തലമുറകൾക്കും ഒരിക്കലും മറക്കാനാവാത്ത ഓർമ്മകളാണ് നല്കിയത്.



ഭാരതം എന്നും ജ്ഞാനസൂര്യനെ ആരാധിച്ചിരുന്ന രാഷ്ട്രമാണ്. അജ്ഞാനത്തിനെ ഇരുട്ടായും അറിവിനെ പ്രകാശമായും കരുതിയ സംസ്കാരമാണ് ഭാരതത്തിന്റേത്. ഈ സംസ്കൃതി അല്പംപോലും ചോർന്നുപോകാതെ അടുത്ത തലമുറയ്ക്ക് അനുഭവയോഗ്യമാക്കുക എന്നതാണ് ഓരോ സനാതന ധർമ്മപ്രചാരകന്റെയും ധർമ്മം എന്ന് പ്രസിഡണ്ട് ശേഖരൻ അപ്പുക്കുട്ടൻ തന്റെ ദീപാവലി സന്ദേശത്തിൽ പറഞ്ഞു. ഗീതാമണ്ഡലത്തിന്റെ ദീപാവലി ആഘോഷം പ്രവാസി ഭാരതീയരുടെ ആത്മീയ പാരമ്പര്യത്തെയും സാംസ്കാരിക ഐക്യത്തെയും ശക്തിപ്പെടുത്തിയ ചടങ്ങായി മാറിയെന്നും പുതുതലമുറയിൽ ഈ പാരമ്പര്യബോധം പകർന്നു നല്കുന്നതിൽ അതിന്റേതായ സവിശേഷത ഈ പരിപാടിക്ക് ഉണ്ടായി എന്നും ഡോ. വിശ്വനാഥും തദവസരത്തിൽ പറഞ്ഞു. തുടർന്ന് ദീപാവലി മഹോത്സവം ഒരു വൻ വിജയമാക്കാൻ പ്രവർത്തിച്ച എല്ലാ ഗീതാമണ്ഡലം പ്രവർത്തകർക്കും ഉത്സവത്തിൽ പങ്കെടുത്ത എല്ലാ ഭക്തജനങ്ങൾക്കും പൂജകൾക്ക് നേതൃത്വം നല്കിയ മേൽശാന്തിക്കും ജനറൽ സെക്രട്ടറി ബൈജു എസ്. മേനോൻ പ്രത്യേക നന്ദി അറിയിച്ചു.

# പിസിനാക് ചിക്കാഗോ പ്രീ രജിസ്ട്രേഷൻ ഡിസംബർ 31–ന് അവസാനിക്കും

**കുര്യൻ ഫിലിപ്പ്**

ചിക്കാഗോ: അടുത്തവർഷം ഇവിടെ നടക്കുന്ന നാല്പതാമത് പെന്തെക്കോസ്തൽ കോൺഫറൻസിന്റെ (പിസിനാക്) രജിസ്ട്രേഷൻ ധൃതഗതിയിൽ പുരോഗമിക്കുന്നതായി ഭാരവാഹികൾ അറിയിച്ചു. ഡിസ്കൗണ്ടോടു കൂടിയ പ്രീ രജിസ്ട്രേഷൻ ഡെഡ് ലൈൻ ജനുവരി 31-ൽ നിന്ന് ഡിസംബർ 31-ലേക്ക് മാറ്റിയതായി നാഷണൽ കമ്മിറ്റി അറിയിച്ചു. ജനുവരി ഒന്നു മുതൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഭക്ഷണത്തിനും താമസത്തിനും സൗജന്യ നിരക്കുകൾ ഉണ്ടായിരിക്കുന്നതല്ല. രജിസ്ട്രേഷൻ ഫീസ് 30 ഡോളറിൽ നിന്ന് 50 ഡോളറായി വർദ്ധിക്കും. ഇപ്പോൾ പ്രാബല്യത്തിലുള്ള സൗജന്യനിരക്ക് ലഭ്യമാകുവാൻ PCNAKCHICAGO.-ORG സന്ദർശിച്ച് ലളിതമായ രജിസ്ട്രേഷൻ ക്രമീകരണങ്ങൾ പൂർത്തീകരിക്കണമെന്ന് ഭാരവാഹികൾ ആവശ്യപ്പെട്ടു.




രജിസ്ട്രേഷൻ സംബന്ധമായ സഹായം ആവശ്യമുള്ളവർ ഷെറി ജോർജ് (414 469 9903), പാസ്റ്റർ ജോൺ വർഗീസ് (847 721 0885), ബാബു മാത്യു (630 344 9091) എന്നിവരുമായി ബന്ധപ്പെടുക.

കോൺഫറൻസ് നടക്കുന്ന ഹോട്ടലിൽ തന്നെ താമസസൗകര്യവും ഭക്ഷണവും ആവശ്യമുള്ളവർ ഉടനെതന്നെ രജിസ്റ്റർ ചെയ്യണമെന്നും ഭാരവാഹികൾ ഓർമ്മിപ്പിച്ചു. കോൺഫറൻസിന്റെ സ്പോൺസർമാർക്കും ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കും മുൻഗണന ഉണ്ടായിരിക്കും. ഒരു വർഷത്തിന്റെ ഇടവേളയ്ക്കുശേഷം നടക്കുന്ന കോൺഫറൻസിൽ പങ്കെടുക്കുന്നവരുടെ എണ്ണത്തിൽ കനത്ത വർദ്ധനവ് പ്രതീക്ഷിക്കുന്നതായി ഭാരവാഹികൾ പറഞ്ഞു.

വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പ്രത്യേക ഫീസ് ഈടാക്കുന്നതല്ല. ഇന്ത്യൻ ഭക്ഷണം ഉൾപ്പെടെയുള്ള അന്തിമ ഭക്ഷണ ലിസ്റ്റിന് പിസിനാക്ക് ഭാരവാഹികൾ അംഗീകാരം നല്കി ഹോട്ടലിലെ കേറ്ററിങ് കമ്പനിയുമായി കരാറിൽ ഒപ്പുവെച്ചു.

ചിക്കാഗോ ഒഹയർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് അര മണിക്കൂറിൽ താഴെമാത്രം ദൂരമുള്ള സമ്മേളന സ്ഥലത്തേക്ക് കൃത്യമായ ഇടവേളകളിൽ എയർപോർട്ടിൽ നിന്ന് വാഹനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോൺഫറൻസ് സംബന്ധമായ വിശദീകരണങ്ങൾ www.pcnak-chicago.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

നാഷണൽ കൺവീനർ പാസ്റ്റർ ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറർ പ്രസാദ് ജോർജ്, ഡോക്ടർ ജോനാഥൻ ജോർജ്, ജീന വിൽസൺ എന്നിവരാണ് ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി ഭാരവാഹികൾ.

# അഡ്വ. ഷിബു മണലയ്ക്ക് കാലിഫോർണിയായിൽ സ്വീകരണം നൽകി





സാൻഹൊസെ: പൊതു പ്രവർത്തകനും സ്കോൾ കേരള സ്റ്റേറ്റ് ലെയ്സൺ ഓഫീസറുമായ അഡ്വ. ഷിബു മണലയ്ക്ക് കാലിഫോർണിയായിലെ സാൻഹൊസെയിൽ സുഹൃത്തുക്കളുടെ കൂട്ടായ്മ സ്വീകരണം നൽകി. ബിജു & രശ്മി മുണ്ടമറ്റത്തിന്റെ ഭവനത്തിൽവെച്ച് നടന്ന ചടങ്ങിൽ ജെയിംസ് കൊട്ടാരം, ഷാജി ചോഴിയത്, ബിനോയ് പേടിക്കാട്ടുകുന്നേൽ, ജോഷി തുരുത്തേൽ, ജിൻസ് കാട്ടുകുന്നിൽ, റെജി ഏബ്രഹാം, ജിനു പോൾ, ബിജു വർക്കി, പ്രവീൺ മണത്തറ, സജി ചെന്നാത്ത്, ലത്തീഫ്, സുനിൽ പിള്ള തുടങ്ങിയവർ ഷിബു മണലയെ അനുമോദിച്ച് പ്രസംഗിച്ചു. മലയാളിത്തനിമ സിലിക്കൺ വാലിയിൽ നിലനിർത്തുന്നതിൽ മലയാളി സുഹൃത്തുക്കൾ വഹിക്കുന്ന പങ്കിനെ ഷിബു മണല അഭിനന്ദിക്കുകയും ഫ്രണ്ട്സ് & ഫാമിലി കൂട്ടായ്മയുടെ സ്നേഹോപചാരങ്ങൾക്ക് അദ്ദേഹം നന്ദി അറിയിക്കുകയും ചെയ്തു.

## First Birthday in Heaven
**October 31, 2025**



**MARY JACOB CHAMAKALAYIL**
**(ATTUKARAN)**

Sorrowing Family

## 4th Birthday in Heaven
**November 29, 2025**



**RONY JACOB CHAMAKALAYIL**
**(ATTUKARAN)**

Inserted by:
Daddy, Mommy & Rinamol

# എബ്രഹാം പട്ടുമാക്കീൽ അന്തരിച്ചു



പുതുവേലി: എബ്രഹാം പട്ടുമാക്കീൽ (90) ഒക്ടോബർ 22 -ന് ബുധനാഴ്ച അന്തരിച്ചു. ഭാര്യ: പരേതയായ ഏലിയാമ്മ എബ്രഹാം.

**മാതാപിതാക്കൾ:** പട്ടുമാക്കീൽ പരേതരായ തോമസും അന്നമ്മയും.

**മക്കൾ:** ഷീബ & ബേബി ആടുപാറ (ഡാളസ്), ഏലിയാമ്മ & സാജൻ മുക്കുടിയിൽ (ഡാളസ്), പരേതനായ സണ്ണി പട്ടുമാക്കീൽ, ബെന്നി & ജെസ്സി പട്ടുമാക്കീൽ, (മിയാമി), ഷൈല & ജെയിംസ് ചേരിയിൽ (താമ്പാ), ഫാ. റ്റോമി പട്ടുമാക്കീൽ OSH, ജെസ്സി & രാജൻ തരകൻ (മിയാമി), കെന്നഡി & ലിനി പട്ടുമാക്കീൽ (ഓസ്ട്രേലിയ), സിസിലി & ബിനു ആലപ്പാട്ട് (ഓസ്ട്രേലിയ), സിസ്റ്റർ സെലീന (സെന്റ് ജോസഫ്സ് കോൺവെന്റ്), റോസമ്മ & ജോസ് ചക്കാലപറമ്പിൽ (ഓസ്ട്രേലിയ), സച്ചിൻ & റോഷൻ പട്ടുമാക്കീൽ (ഓസ്ട്രേലിയ).


**സഹോദരങ്ങൾ:** അന്നക്കുട്ടി & ജെറോം മുരിയൻകാവുങ്കൽ (മിയാമി), ബ്രദർ ജോൺ (സെന്റ് ഗബ്രിയേൽ, തായ്ലാന്റ്).

**സംസ്കാരം:** ഒക്ടോബർ 26-ന് ഞായറാഴ്ച വൈകുന്നേരം 5 മണിക്ക് മൃതദേഹം വീട്ടിൽ കൊണ്ടുവരുന്നതും ഒക്ടോബർ 27-ന് തിങ്കളാഴ്ച രാവിലെ 10 മണിക്ക് പുതുവേലി സെന്റ് ജോസഫ്സ് ക്നാനായ കത്തോലിക്കാ പള്ളിയിൽ സംസ്കാരം നടത്തപ്പെടുന്നതുമാണ്.

കേരളാ എക്സ്പ്രസ് KERALA EXPRESS
വാരാന്ത്യം

# മല്ലികാ സാരാഭായി പറഞ്ഞതിൽ എന്താണ് തെറ്റ്?





അശോക് കർത്ത

രാഷ്ട്രീയക്കാരെ കുത്തിനിറച്ചോളു... ലേശം വിവരമുള്ള ആരേയെങ്കിലും ആയിക്കൂടെ?

കലാമണ്ഡലം ചാൻസലറാണ് മല്ലിക. വിശ്വപ്രസിദ്ധ നർത്തകി. കേരള സർക്കാർ വാശി പിടിച്ച് കൊണ്ടുവന്നു ഇരുത്തിയതാണ്. ആരിഫ് മുഹമ്മദ് ഖാൻ ഇത്രയും പറഞ്ഞില്ലല്ലോ എന്നു സമാധാനിക്കാം.

വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും ഒഴികെ കലാമണ്ഡലത്തിൽ ഇമെയിൽ കൈകാര്യം ചെയ്യാനറിയില്ലെന്നാണ് അവർ പറഞ്ഞത്. (രൗദ്രം!)

കേരളാ യൂണിവേഴ്സിറ്റിയിൽ ഇംഗ്ലീഷിൽ തെറ്റുകൂടാതെ കത്തെഴുതാൻ അറിയാത്ത ഒരു വി.സി ഉണ്ടായിരുന്നു. അതാരെങ്കിലും പറഞ്ഞ് കൊടുത്താട്ടെ. ഒന്നു സമാധാനമാകട്ടെ.

പണിയെന്താണെന്നോ ഉത്തരവാദിത്തം എന്താണെന്നോ അറിയാത്ത ഉദ്യോഗസ്ഥർ. (അത്ഭുതം!) അവരെയൊക്കെ വീട്ടിലിരുത്തി ശമ്പളം കൊടുക്കുന്നതാണ് ഭേദം. (ഹാസ്യം!)

ലോകം കണ്ടതുകൊണ്ടും കേരളത്തിൽ ജനിക്കാതിരുന്നതു കൊണ്ടുമാണ് മല്ലികാ സാരാഭായിക്ക് ഇങ്ങനെയൊക്കെ തോന്നുന്നത്. കേരളത്തിലെ സാംസ്കാരിക നായകന്മാരും ബുദ്ധിജീവികളും ആരാണെന്നു മാധ്യത്തിനു ശരിക്കങ്ങ് മനസിലായിട്ടില്ലെന്നു തോന്നുന്നു.

പാർട്ടി എർത്തുകൾ. ഇതുപോലുള്ള സ്ഥാനങ്ങളിൽ കയറി ഇരിക്കാനാണ് എർത്താകുന്നത്. അല്ലാതെ പാർട്ടിയോടോ പൊതു സമൂഹത്തോടോ എന്തെങ്കിലും കമിറ്റ്മെന്റ് ഉണ്ടായിട്ടല്ല.

ബുദ്ധിജീവികളിൽ ഏറിയ പങ്കും കോളജ് അദ്ധ്യാപകരായിരിക്കും. സ്വകാര്യ മാനേജുമെന്റുകൾക്ക് കോഴ കൊടുത്ത് കേറുന്നവർ. അവിടെ നിന്നു പുരോഗമനവാദിയിലൂടെ ബുദ്ധിജീവിയിലേക്കും സാംസ്കാരിക നായകരിലേക്കും വളരും.

പിന്നെ അക്കാദമികൾ, ചെയറുകൾ, എം.എൽ.എ, മന്ത്രി അങ്ങനെ വളരാൻ നോക്കും. ചെലർക്ക് ഒക്കും. ചെലർക്ക് ഒക്കത്തില്ല!

യൂണിവേഴ്സിറ്റി അദ്ധ്യാപകനാകാൻ വളരെ കഷ്ടപ്പെടണം. അക്കാദമിക് ആയിട്ടല്ല. ബ്രാഞ്ച് തൊട്ട് ഡി.സി വരെ. എൽ.സിയിൽ ചായമേടിച്ചു കൊടുക്കണം. മുകളിലോട്ട് പോകുന്തോറും കുറിപ്പെഴുത്ത് കാപ്സ്യൂൾ നിർമ്മാണം ന്യായീകരണ പ്രഭാഷണങ്ങൾ ഒക്കെ ചെയ്യണം.

പാർട്ടി ബന്ധുക്കൾക്കാണെങ്കിൽ ഇത്രയും പ്രയാസമില്ല. നേതാവിനെ വിവാഹം കഴിച്ചാൽ മതി. പരിചയവും യോഗ്യതയും താനെ ഉണ്ടാകും. ക്വാളിഫിക്കേഷൻ കുറവാണെങ്കിൽ തസ്തികയുടേത് അതിനനുസരിച്ച് കുറയ്ക്കും. എന്തിനാണ് ഇങ്ങനെ കഷ്ടപ്പെടുന്നത് എന്നു ചോദിച്ചാൽ മരിച്ചു കിടക്കുമ്പോൾ മുൻ വിസി ആണെന്നു നാട്ടുകാർ പറയണം. അതൊരു മോശം കാര്യമാണോ. അവിടം വരെ എത്തിയില്ലെങ്കിലും അറുപതു വയസ് വരെ യു.ജി.സി ശമ്പളവും അത് കഴിഞ്ഞ് പെൻഷനും കിട്ടും. അതത്ര ചില്ലറക്കാര്യം ആണോ?

ഒരദ്ധ്വാനവും ഇല്ലാത്ത ജോലി. സിലബസ് ആഴത്തിൽ പഠിക്കണ്ട. പഠിപ്പിക്കണ്ട. എന്തെങ്കിലും കാക്കിരി പീക്കിരി പറഞ്ഞാൽ മതി. ദളിത് ന്യൂനപക്ഷ പൊളിറ്റിക്കലി കറക്ടായി അങ്ങ് നടിക്കണം. അത്രേയുള്ളു.

മല്ലികാമ്മയ്ക്ക് അത് മനസിലാകാത്തത് കൊണ്ടാണ് (ശോകം!). അദ്ധ്യാപക യൂണിയനിലൊന്നും ഇല്ലായിരുന്നല്ലെ?

1980-ൽ എം.എ എടുത്തയാളാണ് കവി വിജയലക്ഷ്മി. മലയാളം ഫസ്റ്റ് റാങ്ക്. ഏതെങ്കിലും മാനേജ്മെന്റോ സർക്കാരോ വിളിച്ച് അവർക്കൊരു ജോലി കൊടുത്തോ? അന്നു വെറും എം.എ മതി ലക്ചറർ ആകാൻ. കവിയുമാണ്. പത്താം ക്ലാസിലെ മാർക്ക് വച്ച് പോസ്റ്റ് ഓഫീസിൽ കയറി (കരുണം!).

ഇതാണ് കഴിവും പഠിപ്പുമുള്ളവരുടെ കേരളത്തിലെ അവസ്ഥ. അവർക്ക് അർഹമായ ജോലി കിട്ടില്ല. അനർഹർ അവിടെ കയറിയിരിക്കും. അതിനു ചാൻസലർ ഇങ്ങനെ ചൊടിക്കണോ? (ഭയാനകം!).

കോഴകൊടുത്തും കാലുപിടിച്ചും കയറിയ അദ്ധ്യാപക തൊഴിലാളികൾ തന്റെ കവിത പഠിപ്പിക്കുന്നത് കണ്ട് വിജയലക്ഷ്മിക്ക് ആനന്ദിക്കാം. (ശാന്തം!).


ചുള്ളിക്കാട് പി.ജി ഡ്രോപൗട്ടാണെന്നു തോന്നുന്നു. ബാലചന്ദ്രനും അദ്ധ്യാപകൻ ആകാനുള്ള കഴിവുണ്ട്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ടാൽ മനസിലാകും. ഇത് കേരളമാണെന്നു തിരിച്ചറിഞ്ഞ് എൽ.ഡി. ടെസ്റ്റെഴുതി ട്രഷറിയിൽ ക്ലാർക്കായി. (വീരം!) അതു കൊണ്ട് സ്വച്ഛതയുണ്ട്. അഭിമാനത്തോടെ പെൻഷൻ മേടിക്കാം.

കേരളത്തിലെ യുവതലമുറ പന്തം കണ്ട പെരുച്ചാഴിയെപ്പോലെ വിദേശത്തേക്കും അന്യ സംസ്ഥാനങ്ങളിലേക്കും ഓടി രക്ഷപ്പെടുന്നത് ഇവിടുത്തെ അദ്ധ്യാപക അക്കാദമിക്കുകളെ കണ്ട് പേടിച്ചിട്ടാണ്.

## നിന്റെ നിശ്ശബ്ദതയിൽ ഞാൻ?



സന്ധ്യ ജിതേഷ്



നീ
മിണ്ടാതെയിരിക്കുമ്പോൾ,
നിന്റെ ശബ്ദം
കൂടുതലായി
കേൾക്കുന്നു ....

നിശ്ശബ്ദത
ഒരു ഭാഷയാണ്.
ഞാൻ നിന്നെ രചിക്കുന്നു
മധുരമുള്ള സംഗീതമായി ,
ഓരോ നിമിഷവും നീയെന്നിൽ
മഴ പോലെ പെയ്യുന്നു
എന്നെ മൂടുന്നു

## നീ എന്നെ കാണുമ്പോൾ



സിനി തോമസ്

നിന്റെ വഴികളിൽ
ഞാനൊരു കാട്
നട്ടു വച്ചിട്ടുണ്ട്....

എല്ലാ പാതകളും
പദങ്ങളും തെറ്റുന്ന
വൈകുന്നേരങ്ങളിൽ ..

ആ കാട്ടിലെ
മുള്ളൻ പന്നിയുടെ
കുത്തേറ്റ് പിടയുമ്പോൾ ...

നനഞ്ഞ കണ്ണിൽ
പടരുന്ന ഇരുട്ടിൽ
നിനക്ക് നിന്നെ
കളഞ്ഞു കിട്ടുമ്പോൾ

ഉണങ്ങാത്ത മുറിവുകളിൽ
കുത്തി നോക്കണം
പൊടിയുന്ന ചോരയിൽ
നിനക്ക് എന്നെ
കാണാം....



# ഒരു നാട് ഐക്യദാർഢ്യപ്പെടുന്ന അവധിദിനം



**ഷിബു ഗോപാലകൃഷ്ണൻ**

**പ**ത്തുലക്ഷത്തോളം ഇന്ത്യൻ വംശജർ താമസിക്കുന്ന അമേരിക്കൻ സംസ്ഥാനമാണ് കാലിഫോർണിയ. അമേരിക്കയിലെ ആകെമൊത്തം ഇന്ത്യക്കാരിൽ 20% അധിവസിക്കുന്ന സംസ്ഥാനം. നൂറ്റാണ്ടുകളായി ഇന്ത്യൻ കുടിയേറ്റത്തിന്റെ കാല്പാടുകൾ വീണുകിടക്കുന്ന സംസ്ഥാനം. പത്തുകൊല്ലത്തിലധികം താമസിച്ചത് അവിടെയുള്ള അമേരിക്കയിലെ തന്നെ ഏറ്റവും കൂടുതൽ ഇന്ത്യക്കാർ ജീവിക്കുന്ന ഒരു കൗണ്ടിയിലാണ്. എവിടെ തിരിഞ്ഞൊന്നു നോക്കിയാലും അവിടെയെല്ലാം കണ്ണുകൾ ഒരു ഇന്ത്യക്കാരനെ എങ്കിലും ചെന്നു തൊടുന്ന സംസ്ഥാനം. ആദ്യമായി അമേരിക്കൻ വൈസ് പ്രസിഡന്റിന്റെ കസേരയിൽ ഇരുന്ന വനിത, കാലുകളിൽ ഇന്ത്യൻ വേരുകൾ പേറുന്ന, കമലാ ഹാരിസിന്റെ കാലിഫോർണിയ.

ഒക്ടോബർ 7-ന് അവിടെ ഒരു സംഭവം ഉണ്ടായി. സ്റ്റേറ്റ് അസംബ്ലിയിലും സെനറ്റിലും അവതരിപ്പിച്ച ഒരു ബില്ല് ഒരൊറ്റ എതിർവോട്ടുപോലുമില്ലാതെ പാസ്സായി. സംസ്ഥാനത്തിനു ഒരു പുതിയ അവധി കൂടി അനുവദിക്കുന്ന ബില്ലായിരുന്നു അത്. ഇനി മുതൽ ആ ദിവസം കാലിഫോർണിയയിലെ സ്കൂളുകൾക്കും കമ്മ്യൂണിറ്റി കോളജുകൾക്കും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്കും അവധിയായിരിക്കും. പത്തുലക്ഷത്തോളം വരുന്ന ഒരു ജനവിഭാഗത്തിന്റെ ആഘോഷങ്ങളോടും ആനന്ദങ്ങളോടും അവർ എത്തിച്ചേർന്ന ഒരു നാട് ഐക്യദാർഢ്യപ്പെടുന്ന അവധിദിനം.

ഇനിമുതൽ ദീപാവലി കാലിഫോർണിയക്ക് സംസ്ഥാന അവധി ആയിരിക്കും.

ചുറ്റിലും ഇരുട്ട് വീഴുന്ന വാർത്തകൾ വന്നുകൊണ്ടിരിക്കുമ്പോൾ അതിനു നടുവിൽ നിലവിളക്ക് കത്തിച്ചുവച്ചതുപോലെ ഒരു വാർത്ത.

# നമുക്ക് മോഹിപ്പിക്കാം!

കേരളാ എക്സ്പ്രസ് വാരാന്ത്യം





**പ്രശാന്ത് വാസുദേവ്**

**ചെ**റിയ പരിക്കുകൾ സാധാരണമാണ് ദാമ്പത്യത്തിൽ. ചെറിയ പരിക്കുകൾ ഉള്ള ദാമ്പത്യവും നല്ല ദാമ്പത്യം തന്നെയാണ്. അത്തരം ദാമ്പത്യത്തിൽ ഏതു പ്രായത്തിലും നമ്മൾ പങ്കാളിയെ മോഹിപ്പിക്കേണ്ടതുണ്ട്. പ്രത്യേകിച്ചും സ്ത്രീകൾ എന്നു പറയുന്നതിൽ എനിക്ക് മടിയില്ല. അത് വിരസതകളെ അകറ്റും. നിമിഷങ്ങൾ ഉത്സാഹഭരിതമാക്കും.

ഒരു പ്രായം കഴിഞ്ഞാൽ സ്വതവേ നമ്മെ വന്നു മൂടുന്ന മടിയും 'ഇനിയെന്ത്' എന്ന ചിന്തയും നിരാശയും ഒക്കെയുണ്ട്. ആ ചിന്ത മാറ്റിവെച്ച്, വസ്ത്രധാരണം, സുഗന്ധം, ആദരവും പ്രണയവും ഇടകലർന്ന നോട്ടം, പങ്കാളിക്ക് മനസ്സിലാക്കാൻ കഴിയുന്ന നമ്മുടെ self respect, പരസ്പരം അതുവരെ നൽകി വന്ന വ്യക്തി സ്വാതന്ത്ര്യത്തിൽ നമ്മൾ അങ്ങോട്ട് നൽകുന്നതിലെ അളവ് കൂട്ടൽ, കരുതലിലെ വർദ്ധനവ്, കിടപ്പറയിലെ ഊഷ്മളത, തുടങ്ങിയ പല രീതികളിലൂടെയും നമുക്ക് പങ്കാളിയെ മോഹിപ്പിക്കാൻ കഴിയും.

പകരം നമ്മൾ സാരി വാരി വലിച്ചുടുക്കും, ചെറുപ്പകാലത്ത് പ്രദർശിപ്പിക്കാതിരുന്ന പലതും അശ്രദ്ധയോടെ പ്രദർശിപ്പിക്കും, ഞാൻ മുമ്പേ എന്ന മട്ടിൽ നിൽക്കുന്ന കുടവയർ കൂടുതൽ വ്യക്തമാകത്തക്കവിധം ഷർട്ട് ഇൻസർട്ട് ചെയ്ത് താഴേക്ക് പോകുന്ന പാന്റിനെ പിടിച്ചു നിർത്തും, വായുടെയും വിയർപ്പിന്റെയും ദുർഗന്ധം അവഗണിക്കും, എനിക്കിനി വയ്യേ എന്നമട്ടിൽ നമ്മുടെ ഓരോ അംഗവും ചലിപ്പിക്കും, കാലുകളിലെ നഖങ്ങൾ ജുഗുപ്സ ഉണർത്തും വിധം പടർന്നു പന്തലിച്ചത് അവഗണിക്കും.

അങ്ങനെ പല വൃത്തികേടുകളും കാട്ടും! പ്രായം ഒരു ഘട്ടം കടന്നിട്ടും ആരോഗ്യം നഷ്ടപ്പെടാത്തവരുടെ കാര്യമാണ് ഈ പറഞ്ഞത്!

ഇതൊക്കെ ഒന്ന് മാറ്റിപ്പിടിച്ചാൽ ഒരു രണ്ടാം മധുവിധുവിന് ദാമ്പത്യത്തിലും ഒരു രണ്ടാം വരവിന് സാമൂഹ്യ ജീവിതത്തിലും നമുക്ക് വീണ്ടും അവസരമുണ്ട്. പ്രായം മറന്ന് നമുക്ക് ജീവിതം കളർഫുൾ ആക്കാം. ചത്തുകിടന്നാലും നമുക്ക് ചമഞ്ഞു കിടക്കാം.

നിറയട്ടെ പോസിറ്റിവിറ്റി എമ്പാടും



**ലീന എസ്. നായർ**



# വിഭ്രാന്തി

**കൈ**യ്യിലൊരു തുണിക്കെട്ടുമായി എങ്ങോട്ടെന്നില്ലാതെ അവൾ നടക്കുകയാണ്... വീടിന്റെ പടി കടന്ന് റോഡിലേക്ക് ഇറങ്ങുവാൻ നോക്കുമ്പോൾ...

"രാജി.... നിൽക്കൂ.... ദൈവമേ... ഞാൻ എന്തുചെയ്യും.."

രാജി അതൊന്നും കേൾക്കുന്നില്ല.. ഒന്ന് തിരിഞ്ഞുപോലും നോക്കുന്നില്ല..

ഗോപൻ സ്വന്തം തലയിൽ കൈകൾ കൊണ്ട് ഇടിച്ച് ഉറക്കെ കരഞ്ഞു...

മുറിക്കുള്ളിൽ അനങ്ങാൻ കഴിയാതെ കിടക്കുന്ന അച്ഛൻ...

ഒന്ന് തിരിഞ്ഞുപോലും നോക്കാതെ ഇറങ്ങി പോയ ഭാര്യ...

ഗോപന് എന്തുചെയ്യണമെന്ന് ഒരു നിശ്ചയവും ഇല്ലായിരുന്നു...

ഞാൻ എങ്ങോട്ട് പോയി അന്വേഷിക്കും?

അച്ഛനെ ഇങ്ങനെയിട്ട് എവിടേക്കു പോകാൻ.... അവൾ പോയിട്ട് വരട്ടെ അല്ലാതെ ഞാൻ എന്തുചെയ്യാൻ എല്ലാം എന്റെ വിധി ഗോപൻ ഉമ്മറപടിയിൽ തലയിൽ കൈവെച്ച് നിസ്സഹായനായി ഇരുന്നുപോയി....

ഈയിടെ ആയി അവളിൽ പല മാറ്റങ്ങളും കാണുന്നു. എന്തുപറഞ്ഞാലും അഹങ്കാരത്തിലുള്ള മറുപടി. ഇന്നലെ നിസ്സാര കാര്യത്തിന് ചൂട് ചായ തന്റെ മേലേക്ക് ഒഴിച്ചു. ഒന്നും ചോദിക്കാൻ ആവുന്നില്ല..

ഗോപൻ വേഗംതന്നെ മൊബൈൽ എടുത്ത് രാജിയുടെ അമ്മയെ വിളിച്ചു.

രാത്രി വേഗം ഉറങ്ങാൻകിടന്ന ഭാർഗവിയമ്മ രാജി എങ്ങോട്ടോ ഇറങ്ങിപ്പോയി എന്ന വിവരം കേട്ട് അടുത്തുള്ള ഓട്ടോക്കാരനെ വിളിച്ച് അവിടേക്ക് പുറപ്പെട്ടു.

ഗോപന്റെ വീടെത്തുന്നതിനു മുൻപുള്ള ബസ്സ് സ്റ്റോപ്പിൽ അതാ കയ്യിലൊരു തുണിക്കെട്ടുമായി രാജി നിൽക്കുന്നു.

മകളെ കണ്ടതും കരച്ചിൽ അടക്കി കൈപിടിച്ച് ഓട്ടോയിൽ കയറ്റി ഭർഗവിയമ്മ വീട്ടിലെത്തി. രാജിയോട് ഒന്നും ചോദിച്ചില്ല. ഒരു ഗ്ലാസ് പാല് കുടിക്കാൻ കൊടുത്ത് ഉറങ്ങാൻ പറഞ്ഞു.

രാജി അമ്മയുടെ വാക്കുകൾ അനുസരിച്ചു പേടിക്കുന്ന ഒരു കുഞ്ഞിനെപോലെ അമ്മയുടെ അരികിൽ ചുരുണ്ടു കിടന്നുറങ്ങി.

ഭാർഗവിയമ്മക്ക് അന്ന് ഉറങ്ങാൻ കഴിഞ്ഞില്ല... മകളുടെ നോട്ടത്തിലും ഭാവത്തിലും എല്ലാം വളരെ വ്യത്യാസം പ്രകടമായി തോന്നി... ഇനി മകൾക്ക് മാനസികമായി എന്തെങ്കിലും..... ഇല്ല അങ്ങിനെ ആവാതിരിക്കട്ടെ...

നേരം എങ്ങിനെയോ വെളുപ്പിച്ച് കുളിച്ച് തയ്യാറായി മകളെ കൊണ്ട് ഫാമിലി ഡോക്ടറുടെ അടുത്ത് പോയി. ഡോക്ടർ ചോദിച്ച ചോദ്യങ്ങൾക്കൊന്നും രാജി മറുപടിനൽകിയില്ല.

ഡോക്ടർ മറ്റൊരു ഡോക്ടറുടെ അഡ്രസ്സും നമ്പറും ഒരു പേപ്പറിൽ കുറിച്ചുകൊടുത്തു. എത്രയും വേഗം കൊണ്ടുപോകുവാൻ പറഞ്ഞു.

"എന്തുപറ്റി ഡോക്ടർ എന്റെ മകൾക്ക്"

"പേടിക്കാനൊന്നുമില്ല. മനസ്സിന്റെ താളപിഴവാണ്. എങ്ങിനെ ശരീരത്തിന് അസുഖം വരുന്നോ അതുപോലെ മനസ്സിനും അസുഖം വരും. നമ്മൾ മനസ്സിന്റെ അസുഖത്തിന് ഡോക്ടറിന്റെ അടുത്ത് പോകാതെ രോഗിയെ കൂടുതൽ രോഗത്തിലേക്കു താഴ്ത്തി വീട്ടിൽ തളച്ചിടും. അതൊരിക്കലും പാടില്ല.. എത്രയും വേഗം കൊണ്ടുപോകൂ... പേടിക്കാൻ ഒന്നുമില്ല മോൾ വേഗം സുഖപ്പെടും.."

ഡോക്ടറുടെ വാക്കുകൾ മനസ്സിൽ മുറിവും ഒപ്പം ആശ്വാസവും നൽകിയിരുന്നു..

അപ്പോഴും ഇതൊന്നും അറിയാതെ രാജി ആരോടോ സ്വയം സംസാരിച്ചു കൊണ്ടിരുന്നു....

# സീറോമലബാർ ജൂബിലി കൺവൻഷൻ രജിസ്ട്രേഷന് ഫ്ളോറിഡ കോറൽ സ്പ്രിങ്സ് ഇടവകയിൽ ഉജ്വലതുടക്കം

ചിക്കാഗോ: 2026 ജൂലൈ 9 മുതൽ 12 വരെ ചിക്കാഗോയിൽ വെച്ച് നടത്തപ്പെടുന്ന സീറോമലബാർസഭ രജതജൂബിലി കൺവൻഷന്റെ രജിസ്ട്രേഷൻ നടത്തുന്നതിനായി കൺവൻഷൻ ടീം ഇടവക സന്ദർശനം ആരംഭിച്ചതായി കൺവീനർ ഫാ. തോമസ് കടുകപ്പിള്ളിൽ അറിയിച്ചു.

ഒക്ടോബർ 18 മുതൽ 20 വരെ ഫ്ളോറിഡ കോറൽ സ്പ്രിങ്സ് ഔവർ ലേഡി ഓഫ് ഹെൽത്ത് ഫൊറോന പള്ളിയിൽ ജൂബിലി കൺവീനർ ഫാ. ജോൺ മേലേപ്പുറത്തിന്റെ നേതൃത്വത്തിൽ ഇടവക സന്ദർശനം നടന്നു.

**ബീനാ വള്ളിക്കളം**

ജൂബിലി ചെയർമാൻ ജോസ് ചാമക്കാല, ബിജി സി. മാണി, ആൻഡ്രൂസ് തോമസ് എന്നിവർ കൺവൻഷൻ ടീമിന്റെ ഭാഗമായി സന്ദർശനത്തിൽ പങ്കെടുത്തു. ഇടവക വികാരി ഫാ. ജോർജ് എളമ്പാശേരിൽ ടീമിനെ ഹൃദയപൂർവം സ്വീകരിക്കുകയും കൺവൻഷൻ സംബന്ധിച്ച വിവരങ്ങൾ നേരിട്ടു ലഭിച്ചതിൽ അതിയായ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.



സന്ദർശനത്തിന്റെ ഭാഗമായി കൺവൻഷന്റെ ആവശ്യകതയെക്കുറിച്ച് ഫാ. ജോൺ മേലേപ്പുറം വിശദമായി പ്രതിപാദിച്ചു. ജോസ് ചാമക്കാല ജൂബിലിയുടെ ഭാഗമായി നടത്തുന്ന വിവിധ ഇടവകകളിൽ നടന്നുവരുന്ന പരിപാടികളെക്കുറിച്ച് വിശദീകരിച്ചു. ബിജി സി. മാണി കൺവൻഷൻ ദിവസങ്ങളിൽ നടത്താൻ ഉദ്ദേശിക്കുന്ന വൈവിധ്യമാർന്ന പരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു. ആൻഡ്രൂസ് തോമസ് രജിസ്ട്രേഷനെക്കുറിച്ചും സ്പോൺസർഷിപ്പ് അവസരങ്ങളെക്കുറിച്ചും വിശദീകരിച്ചു. ഇടവക വികാരി അംഗങ്ങളേവരും ഈ കൺവൻഷനിൽ പങ്കെടുത്ത് വിജയിപ്പിക്കാൻ ആഹ്വാനം ചെയ്തു.

ഓരോ പള്ളിയിലും അവരുടെ പ്രതിനിധികളോട് ചേർന്ന് രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടത്തുവാനുള്ള ഒരു സംവിധാനമാണ് വിഭാവനം ചെയ്തിരിക്കുന്നത്. കൺവൻഷൻ ടീം ഈ അംഗങ്ങളുമായി ബന്ധപ്പെടുകയും വിവരങ്ങൾ പങ്കുവെക്കുകയും ചെയ്യുന്നതുവഴി രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുകയും ചെയ്യുന്നു. ഈ സംയോജിത ശ്രമം കൂടുതൽ വിശ്വാസികളെ കൺവൻഷന്റെ ഭാഗമാക്കുമെന്ന് ടീം പ്രത്യാശിക്കുന്നു.

കൺവൻഷൻ ടീമിന്റെ വാക്കുകളിൽ 'തലമുറകളെ ബന്ധിപ്പിക്കുന്നതിനും അറിവും അനുഭവങ്ങളും പങ്കിടുന്നതിനും വിശ്വാസത്തെയും സൗഹാർദ്ദങ്ങളെയും ആഘോഷമാക്കുന്നതിനുമുള്ള ഒരു അപൂർവ അവസരമാണ് ഈ കൺവൻഷൻ.'

ഈ കൺവൻഷനിൽ വിശുദ്ധ കുർബാന, ആരാധന, പ്രശസ്ത പ്രഭാഷകരുടെ അവതരണങ്ങൾ, വിശ്വാസവും വിദ്യാഭ്യാസവും വിനോദവും സംയോജിപ്പിച്ച പരിപാടികൾ, യുവജനങ്ങൾക്കും കുട്ടികൾക്കും വേണ്ടിയുള്ള പ്രത്യേക പരിപാടികൾ എന്നിവ ഉണ്ടായിരിക്കും.

വരാനിരിക്കുന്ന ആഴ്ചകളിൽ കൂടുതൽ ഇടവക സന്ദർശനങ്ങൾ നടത്താനുള്ള പദ്ധതിയും ടീം പ്രഖ്യാപിച്ചു. ഇതിലൂടെ കൂടുതൽ സമൂഹങ്ങളിലെ വിശ്വാസികളിലേക്ക് കൺവൻഷന്റെ സന്ദേശം എത്തിക്കുകയാണ് ലക്ഷ്യം.

കോറൽ സിപ്രിംങ്സിലെ വികാരിയച്ചന്റെയും ട്രസ്റ്റിമാരുടെയും ഇടവക അംഗങ്ങളുടെയും കൺവൻഷൻ പ്രതിനിധികളുടെയും സ്നേഹപൂർണമായ സ്വീകരണത്തിനും സഹകരണത്തിനും കൺവൻഷൻ ടീം നന്ദി അറിയിക്കുന്നു.

# സെന്റ് തോമസ് സീറോമലബാർ ദേവാലയത്തിൽ ദൈവശാസ്ത്ര ഡിപ്ലോമ പ്രഥമ ബാച്ചിലെ 22 പേർക്ക് ബിരുദം

**മാർട്ടിൻ വിലങ്ങോലിൽ**



ഡാളസ്/ടെക്സസ്: കോട്ടയം വടവാതൂർ പൗരസ്ത്യ വിദ്യാപീഠത്തിന്റെ കീഴിൽ ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതയുടെ മതബോധന ഡിപ്പാർട്ടുമെന്റായ മാർത്തോമ്മാ തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന ദൈവശാസ്ത്ര പഠനത്തിൽ ഡാളസ് സെന്റ് തോമസ് സീറോമലബാർ ഫൊറോനാ ദേവാലയത്തിലെ 22 അല്മായർ ഡിപ്ലോമ ബിരുദം നേടി.



വിശ്വാസ പരിശീലന ചരിത്രത്തിലെ ഈ സുപ്രധാന നാഴികക്കല്ലിന് സാക്ഷ്യം വഹിച്ചുകൊണ്ട് മിഷൻ സൺഡേ ദിനത്തിൽ ബിരുദദാനച്ചടങ്ങ് നടന്നു. ഫൊറോന വികാരി റവ.ഫാ. സിബി സെബാസ്റ്റ്യൻ കൊച്ചീറ്റത്തോട്ടത്ത് ചടങ്ങിൽ ഡിപ്ലോമ കരസ്ഥമാക്കിയ 22 ബിരുദധാരികൾക്ക് സർട്ടിഫിക്കറ്റും ഡിപ്ലോമയും വിതരണം ചെയ്തു.


ഫാ. സിബി സെബാസ്റ്റ്യൻ ബിരുദധാരികളെ അഭിനന്ദിച്ചു. ദേവാലയത്തിലെ ആദ്യത്തെ തിയോളജി ബിരുദധാരികളുടെ ബാച്ചാണിത്. റോമിലെ പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ടുമായി അഫിലിയേറ്റ് ചെയ്ത ദൈവശാസ്ത്ര ബിരുദമാണിത്. ദൈവത്തെയും സഭയെയും കുറിച്ച് ആഴത്തിൽ അറിയുന്നതിനും വിശ്വാസം ശക്തിപ്പെടുത്തുന്നതിനുമായി മുതിർന്നവർക്കായി രൂപീകരിച്ച ഈ കോഴ്സ് ചിക്കാഗോ രൂപതയിൽ 2019–ന് ആരംഭിച്ചു.

ഇടവക ഭാരവാഹികളും വിശ്വാസ പരിശീലന അദ്ധ്യാപകരും ബിരുദധാരികളെ അനുമോദിക്കാനായി ചടങ്ങിൽ സന്നിഹിതരായിരുന്നു. മാനുവൽ ജോസഫ് (സൗത്ത് സോൺ), എലിസബത്ത് ആന്റണി (ഇടവക) എന്നിവരായിരുന്നു കോ-ഓർഡിനേറ്റേഴ്സ്.

# ക്നാനായ റീജിയൻ വിവാഹ ഒരുക്ക കോഴ്സ് ഡാളസ്സിൽ

ഡാളസ്: ക്നാനായ റീജിയൻ ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ മൂന്നു ദിവസത്തെ വിവാഹ ഒരുക്ക കോഴ്സ് ഡാളസ് ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വെച്ച് നവംബർ 14, 15, 16 തീയതികളിൽ നടത്തപ്പെടും. വൈദികരും അല്മായരുമടങ്ങുന്ന റിസോഴ്സ് ടീം ക്ലാസുകൾ എടുക്കും.

മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്കാണ് ഇതിൽ പങ്കെടുക്കാൻ കഴിയുക. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾ കോഴ്സ് കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിയുമായി (630 205 5078) ബന്ധപ്പെടേണ്ടതാണ്.



# യുവതലമുറയ്ക്ക് പ്രാധാന്യം നൽകി ഫോമാ 'ടീം പ്രോമിസ്' മത്സരരംഗത്ത്

ഫ്ളോറിഡ: ഇതാദ്യമായി യുവതലമുറക്ക് വലിയ പ്രാധാന്യം നൽകി ഫോമായിൽ മാറ്റത്തിന്റെ കാഹളമായി 'ടീം പ്രോമിസ്'. അവിഭക്ത ഫൊക്കാനയിലും ഫോമയിലും മറ്റു സംഘടനകളിലും ദേശീയനേതൃത്വത്തിൽ വിജയകരമായി പ്രവർത്തിച്ചിട്ടുള്ള മാത്യു വർഗീസ് (ജോസ്-ഫ്ളോറിഡ) നേതൃത്വം നൽകുന്ന ടീം പ്രോമിസ് പാനലിൽ ജനറൽ സെക്രട്ടറിയായി ഫിലാഡൽഫിയയിൽ നിന്ന് അനു സ്കറിയയും ട്രഷററായി ന്യൂയോർക്കിൽനിന്ന് ബിനോയി തോമസും വൈസ് പ്രസിഡണ്ടായി കാലിഫോർണിയയിൽ നിന്ന് ജോൺസൺ ജോസഫും ജോ. സെക്രട്ടറി ആയി ഡാളസിൽനിന്ന് രേഷ്മാ രഞ്ജനും ജോ.ട്രഷററായി ഫ്ളോറിഡയിൽനിന്ന് ടിറ്റോ ജോണും മത്സരിക്കുന്നു.

സംഘടനാ രംഗത്തും സാമൂഹിക രംഗത്തും കാരുണ്യ പ്രവർത്തനങ്ങളിലും വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ് യുവത്വം തുടിച്ചുനിൽക്കുന്ന സ്ഥാനാർത്ഥികൾ. രാജ്യത്തിന്റെ വിവിധ മേഖലകൾക്ക് പ്രാതിനിധ്യം നൽകി ഇത്തരമൊരു പാനൽ വലിയ പ്രതീക്ഷ ഉണർത്തുന്നതാണ്.

താൻപോരിമയില്ലാത്ത പ്രവർത്തനവും സംഘടനക്ക് കൂടുതൽ കരുത്തും സേവനരംഗത്ത് പുതിയ കാൽവയ്പുകളും എന്നതാണ് പാനൽ ലക്ഷ്യമിടുന്നത്. നിലവിലുള്ള നല്ല പ്രോജക്ടുകൾ തുടരുകയും പുതിയവയ്ക്ക് തുടക്കമിടുകയും ചെയ്യും. ഇവിടെ വിഷമതകളിലൂടെ കടന്നു പോകുന്നവർക്ക് അത്താണിയാവുക എന്നതാണ് പ്രഥമ ലക്ഷ്യം. നാടിനെ മറക്കുന്നുമില്ല.

മറ്റൊരു കേരളമായ ഫ്ളോറിഡയിൽ ഒരു കൺവൻഷൻ എന്നതാണ് പാനൽ ലക്ഷ്യമിടുന്നത്. എന്നാൽ ഇക്കാര്യത്തിൽ അന്തിമ തീരുമാനം നാഷണൽ കമ്മിറ്റിയുടേത് ആയിരിക്കും.

എല്ലാവരുമായും സൗഹൃദം തുടരുകയും സംഘടനക്ക് പുതിയ മേൽവിലാസം സൃഷ്ടിക്കുകയും ചെയ്യുക എന്ന ദൗത്യം വിജയിപ്പിക്കാൻ തങ്ങളുടെ കഴിവിന്റെ പരമാവധി ശ്രമിക്കുമെന്ന് പാനൽ അംഗങ്ങൾ ഉറപ്പു പറയുന്നു.

പതിറ്റാണ്ടുകളായുള്ള ബഹുമുഖവും സുതാര്യവുമായ സംഘടനാ പ്രവർത്തന പാരമ്പര്യമാണ് ഫോമാ എന്ന അമേരിക്കൻ മലയാളികളുടെ ഏറ്റവും വലിയ സംഘടനയെ നയിക്കാനുള്ള പ്രസിഡണ്ട് സ്ഥാനാർത്ഥി മാത്യു വർഗീസിന്റെ യോഗ്യത. നിരന്തരം ഓരോ സ്ഥാനങ്ങളിൽ അള്ളിപ്പിടിച്ചിരിക്കാതെ സംഘടനയിൽ അവിരാമമായി പ്രവർത്തിച്ചു എന്നതും പൊതുരംഗത്തും മീഡിയയിലും നിറഞ്ഞുനിൽക്കുന്നു എന്നതും മറ്റാർക്കും അവകാശപ്പെടാനില്ലാത്ത മികവാണ്.

മികച്ച സംഘാടകൻ, പരിണതപ്രജ്ഞനായ മാധ്യമ പ്രവർത്തകൻ എന്നിങ്ങനെ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള മാത്യു വർഗീസ് (ജോസ്-ഫ്ളോറിഡ) അമേരിക്കൻ മലയാളികൾക്കിടയിലെ സൗമ്യസാന്നിധ്യമാണ്. വ്യത്യസ്ത ചിന്താഗതിക്കാരെ സഹകരിപ്പിച്ചു മുന്നേറാനാണ് ഐക്യത്തിന്റെ വക്താവായി വിശേഷിപ്പിക്കപ്പെടുന്ന മാത്യു വർഗീസിന്റെ ആഗ്രഹം.

ഫോമായുടെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ തമ്മിലുള്ള വിട്ടുവീഴ്ചയില്ലാത്ത സ്നേഹവും ഐക്യവുമാണ് തന്റെ പ്രഥമ അജണ്ടയെന്ന് മാത്യു വർഗീസ് പറയുന്നു. ഫോമായുടെ സ്വപ്നപദ്ധതികളുടെ പിന്തുടർച്ചയ്ക്ക് ഐക്യവും പരസ്പര ധാരണയും വിശ്വാസവും അനിവാര്യമാണെന്ന് മാത്യു വർഗീസ് വ്യക്തമാക്കി. അതുതന്നെയാണ് ഫോമായുടെ കെട്ടുറപ്പിന്റെ അടിസ്ഥാനവും.

അവിഭക്ത ഫൊക്കാനയുടെ 2004-2006 വർഷത്തെ ട്രഷററായി പ്രവർത്തിച്ച മാത്യു വർഗീസ് ഫോമായുടെ രൂപീകരണത്തിന് മുഖ്യ പങ്ക് വഹിച്ചു.




2014-ലെ മയാമി കൺവൻഷന്റെ ചെയറായും 2018-ലെ ചിക്കാഗോ കൺവൻഷന്റെ പിആർഒ എന്ന നിലയിലും പ്രവർത്തിച്ചിട്ടുണ്ട്.

കാൽ നൂറ്റാണ്ടുമുമ്പ് ഏഷ്യാനെറ്റ് അമേരിക്കയിൽ പ്രവർത്തനമാരംഭിച്ചപ്പോൾ ഏഷ്യാനെറ്റ് യുഎസ്എയുടെ ഓപ്പറേഷൻസ് മാനേജരായി അതിന്റെ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചുകൊണ്ടാണ് ദൃശ്യ മാധ്യമ രംഗത്തേയ്ക്കു പ്രവേശിച്ചത്. ഫ്ളോറിഡയിൽ നിന്നുള്ള 'മലയാളി മനസി'ന്റെ പത്രാധിപരായിരുന്നു.

ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) പ്രസിഡണ്ടായിരിക്കെ കൊച്ചി ബോൾഗാട്ടി പാലസിൽ സംഘടിപ്പിച്ച പ്രഥമ സമ്മേളനമാണ് പിൽക്കാലത്ത് നാട്ടിലും തരംഗമായി മാറിയ മാധ്യമ ശ്രീ, മാധ്യ രത്ന, മീഡിയാ എക്സലൻസ് പുരസ്കാര രാവുകൾക്ക് വഴിമരുന്നിട്ടത്.

വലിയ ബഹളമോ നടപ്പാക്കാൻ പറ്റാത്ത വാഗ്ദാനങ്ങളുടെ നീണ്ട പട്ടികയോ ഒന്നും മാത്യു വർഗീസിന്റെ പക്കൽ ഇല്ല. പക്ഷേ, ഏറ്റെടുക്കുന്നതും പ്രഖ്യാപിക്കപ്പെടുന്നതുമായ ജനകീയ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനുള്ള ഇച്ഛാശക്തി അദ്ദേഹത്തിനുണ്ട്. അതിന്റെ തെളിവ് മാത്യു വർഗീസിന്റെ ഇതുവരെയുള്ള കരിയർ ഗ്രാഫാണ്.

ഗ്രെയ്റ്റർ മലയാളി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയയിലെ (മാപ്പ്) സജീവപ്രവർത്തകനായിരുന്ന പിതാവിൽനിന്നാണ് സംഘടനാരംഗത്തേക്കുള്ള തുടക്കമെന്ന് അനു സ്കറിയ പറഞ്ഞു. സംഘടനാ പ്രവർത്തനം കഴിഞ്ഞ് പിതാവ് വൈകി വരുന്നതിൽ ആദ്യകാലത്ത് തനിക്ക് നീരസമായിരുന്നു. പിന്നീട് സംഘടനയിൽ യുവജനതലത്തിൽ പ്രവർത്തിക്കാൻ മനസില്ലാമനസോടെയാണ് താൻ ഇറങ്ങിയത്. ആ ചിന്ത പിന്നീട് മാറി. അതിനു ശേഷം മാപ്പ് പ്രസിഡണ്ടായി. ഈ കാലത്തെല്ലാം മികച്ച പ്രവർത്തനം നടത്താനും യുവാക്കളെയും വനിതകളെയും സംഘടനയിലേക്കു കൊണ്ടുവരാനും കഴിഞ്ഞത് വലിയ നേട്ടമായി.

ഫോമായിലും യുവജനതയെ സംഘടിപ്പിക്കുവാൻ മുന്നോട്ടു കൊണ്ടുവരാനായി. കഴിഞ്ഞ തവണ ഫോമാ ഇലക്ഷൻ കമ്മീഷണർ എന്ന നിലയിലും പ്രവർത്തിച്ചു. യുവജനതയെ കൂടുതലായി സംഘടനയിൽ എത്തിക്കുക എന്നതായിരിക്കും തന്റെ ദൗത്യം - അനു സ്കറിയ പറഞ്ഞു.

അനു സ്കറിയയെ എൻഡോഴ്സ് ചെയ്ത് മാപ്പ് ഇപ്രകാരം ചൂണ്ടിക്കാട്ടി: 'അനു സ്കറിയ നമ്മുടെ സമൂഹത്തിലെ സമർപ്പിതനും ഊർജസ്വലനുമായ അംഗമാണ്. അദ്ദേഹം അസാധാരണമായ നേതൃഗുണം, അഴിമതിയില്ലാത്ത വ്യക്തിത്വം, സമൂഹത്തിന്റെ പുരോഗതിയിലേക്കുള്ള ആത്മാർത്ഥ പ്രതിബദ്ധത എന്നിവ പ്രകടിപ്പിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനം സേവനത്തിന്റെയും ടീം സ്പിരിറ്റിന്റെയും മികച്ച ഉദാഹരണമാണ്. ഫോമായുടെ ഐക്യത്തിനും വളർച്ചക്കും അദ്ദേഹത്തിന്റെ ദർശനം, പ്രൊഫഷണലിസം, ഉൾക്കൊള്ളുന്ന സമീപനം എന്നിവ വലിയ ശക്തി നൽകുമെന്ന് ഞങ്ങൾ ഉറപ്പിക്കുന്നു.

പ്രമുഖ മലയാളി സംഘടന കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് മുൻ പ്രസിഡണ്ടും കോവിഡ് കാലത്ത് ഫോമാ ന്യൂയോർക്ക് മെട്രോ റീജിയൻ ആർവിപിയും ആയിരുന്ന ബിനോയ് തോമസ് ആണ് ട്രഷറർ (2026-2028) സ്ഥാനാർത്ഥി.

അമേരിക്കൻ മണ്ണിൽ നിരവധി വർഷത്തെ കലാ സാംസ്കാരിക നേതൃരംഗത്തെ പ്രവർത്തി പരിചയവുമായാണ് ബിനോയി തോമസ് മത്സരരംഗത്തെത്തുന്നത്. കോവിഡിന്റെ പ്രഭവകേന്ദ്രമായിരുന്ന (epicenter) ആയിരുന്ന ന്യൂയോർക്കിൽ മഹാമാരി കാലത്ത് ഫോമാ മെട്രോ റീജിയനെ വിജയപാതയിലേക്ക് നയിക്കുവാൻ കരുത്തു കാണിച്ച നേതൃപാടവം ഏറെ അഭിനന്ദനം നേടിയിരുന്നു. മഹാമാരിയിൽ ദുരിതത്തിലായവർക്ക് തുണയാകാനും സഹായമെത്തിക്കാനും ഫോമായുടെ മുന്നിൽ നിന്നു പ്രവർത്തിക്കുവാനായതിൽ ബിനോയി അഭിമാനിക്കുന്നു.

നാടിനെ സ്നേഹിക്കാനും കേരള കലാ സാംസ്കാരിക രംഗത്തു വളരുവാനും സഹായകമായത് കേരള സമാജം ഓഫ് സ്റ്റാറ്റൻ ഐലൻഡ് എന്ന സംഘടനയാണ്. അതുപോലെ തന്നെ നല്ല സുഹൃത്ബന്ധങ്ങളും തന്നു - ബിനോയി ചൂണ്ടിക്കാട്ടുന്നു.

'കേരളത്തിന്റെ സാംസ്കാരിക മൂല്യങ്ങളെ അമേരിക്കൻ മലയാളികളുടെ മനസ്സിൽ മായാതെ നിലനിർത്തുന്നതിനൊപ്പം വിധിയുടെ വിളയാട്ടത്തിൽ വീണു പോയവർക്ക് കൈത്താങ്ങായി തീരുവാൻ ഫോമാ എന്ന സംഘടനയിൽ കൂടി പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നു.'

കേരള സമാജത്തിന്റെ മേൽക്കൂര പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ആയി പ്രവർത്തിച്ചു എട്ട് ഭവനങ്ങൾ നിർമ്മിച്ചു നൽകി. പ്രകൃതി ദുരന്തത്തിൽ തകർന്ന വയനാട്ടിൽ സഹായമെത്തിക്കാൻ 24 ന്യൂസിനൊപ്പം കേരള സമാജം പ്രവർത്തിക്കുകയുണ്ടായി.

ഫോമാ വൈസ് പ്രസിഡണ്ട് സ്ഥാനത്തേക്ക് ജോൺസൺ ജോസഫിനെ വെസ്റ്റേൺ റീജിയണൽ കമ്മിറ്റി ഔദ്യോഗികമായി നാമനിർദേശം ചെയ്തിട്ടുണ്ട്. നിലവിൽ ആർവിപി ആയ ജോൺസന്റെ പ്രവർത്തന മികവുകളാണ് ഇത്തരമൊരു തീരുമാനമെടുക്കുവാൻ പ്രേരിപ്പിച്ചത്. പ്രവർത്തന പരിചയവും ഏറ്റെടുത്ത ഉത്തരവാദിത്തങ്ങൾ എല്ലാം വൻ വിജയമാക്കി തീർക്കുകയും ചെയ്യുന്ന എല്ലാവർക്കും പ്രിയങ്കരനായ ജോൺസൺ ഫോമായുടെ ദേശീയതലത്തിൽ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് റീജിയണൽ കമ്മിറ്റി വിലയിരുത്തി.

കടുത്തുരുത്തി മണ്ഡലത്തിൽ അദ്ദേഹത്തിന്റെയും സഹോദരങ്ങളുടെയും വീടും രണ്ടേക്കർ സ്ഥലവും കാരുണ്യ പ്രവർത്തനങ്ങൾക്കായി അടുത്തയിടക്ക് സൗജന്യമായി കൈമാറുകയുണ്ടായി. മോൻസ് ജോസഫ് എംഎൽഎ ആണ് ഈ വിവരം പുറത്തു വിട്ടത്. ഒരിഞ്ചു ഭൂമിക്കു വേണ്ടി ഇന്ന് മനുഷ്യർ കൊലപാതകം വരെ നടത്തുന്നത് നമ്മൾ കാണുന്നു. ഈ രണ്ടേക്കർ സ്ഥലം വിട്ടുകൊടുത്ത് അവിടെ നൂറോളം വരുന്ന പാവങ്ങളെ താമസിപ്പിക്കുവാൻ കഴിയുന്ന പ്രോജക്ട് യാഥാർത്ഥ്യമാക്കാൻ മുന്നോട്ടു വരുന്നു എന്നുള്ളത് എത്ര വലിയ കാര്യമാണ്. ഇത് സംഘടനയുടെ തേജസ്സിന്റെയും മനുഷ്യനന്മയുടെയും മുഖമുദ്രയായിട്ടാണ് കാണാൻ കഴിയുന്നത് - മോൻസ് ജോസഫ് പറഞ്ഞു.

ജോ. സെക്രട്ടറി സ്ഥാനാർത്ഥി രേഷ്മ രഞ്ജൻ 13 ഇംഗ്ലീഷ് പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള സാംസ്കാരിക പ്രവർത്തകയും വിദ്യാഭ്യാസവിചക്ഷണയും പ്രഭാഷകയുമാണ്.

കഴിഞ്ഞ ആറു വർഷമായി ഫോമായുടെ വിവിധോന്മുഖ പദ്ധതികളുമായി ബന്ധപ്പെട്ട് സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ഫോമ നാഷണൽ കമ്മിറ്റിയംഗം, ഫോമ വിമൻസ് ഫോറം സെക്രട്ടറി എന്നിവയ്ക്ക് പുറമെ ക്യാൻസർ പ്രോജക്റ്റ് പ്രോഗ്രാം, വിദ്യാവാഹിനി സ്കോളർഷിപ്പ് പ്രോഗ്രാം തുടങ്ങി അനേകം ജീവകാരുണ്യപദ്ധതികളുടെ മുൻനിരയിൽനിന്നു പ്രവർത്തിച്ച രേഷ്മ രഞ്ജനാണ് ഈ വർഷത്തെ സമ്മർ ടു കേരള പദ്ധതിക്കു അനു സ്കറിയക്കൊപ്പം നേതൃത്വമേകിയത്. ഡാളസ് മലയാളി അസോസിയേഷന്റെ സജീവ പ്രവർത്തകയും വിമൻസ് ഫോറം ചെയർപേഴ്സണുമാണ്.

ഫോമായുടെ ബാലരാമപുരത്തെ കൈത്തറി കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള ധനസമാഹരണ ടീമിന്റെ ഭാഗമായിരുന്നു. ഫോമാ മയൂഖം 2021 പരിപാടിയുടെ സോഷ്യൽ മീഡിയയുടെ ഭാഗമായി പിന്നണിയിൽ പ്രവർത്തിക്കുകയും ചെയ്തു.

ഫോമാ ടീമിന്റെ ഭാഗമാകുന്നതിലൂടെ, സമൂഹത്തിൽ പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നിലകൊള്ളുവാനും അവരുടെ ശബ്ദമാകുവാനും ആഗ്രഹിക്കുന്നു.

ഫോമാ ഫ്ളോറിഡാ സൺഷൈൻ റീജിയനിൽനിന്നും യുവനേതാവ് ടിറ്റോ ജോൺ ഫോമാ ദേശീയ ജോ. ട്രഷററായി (2026-28) മത്സരിക്കുന്നു. മികച്ച നേതൃപാടവവും സംഘാടക മികവും കൈമുതലായുള്ള ടിറ്റോ ജോൺ ഏറ്റെടുക്കുന്ന ഉത്തരവാദിത്വങ്ങൾ അങ്ങേയറ്റം ആത്മാർത്ഥതയോടും പ്രതിബദ്ധതയോടും കൂടി നിറവേറ്റുന്ന മാതൃകാ വ്യക്തിത്വമാണ്.

2009-ൽ ഫോമാ യുവജനോത്സവ കമ്മിറ്റി അംഗമെന്ന നിലയിൽ പ്രവർത്തനമാരംഭിച്ച ടിറ്റോ ഇപ്പോൾ നാഷണൽ കമ്മിറ്റി അംഗമാണ്. 2014-2016 കാലത്ത് നാഷണൽ കമ്മിറ്റി യൂത്ത് മെമ്പർ നിലയിൽ വ്യത്യസ്തമായ ഒട്ടേറെ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചു. 2018-20-ൽ സൺഷൈൻ കമ്മിറ്റി അംഗം; 2020-22 സൺഷൈൻ റീജിയൻ ട്രഷറർ; 2022-24 സൺഷൈൻ റീജിയൻ ചെയർമാൻ എന്നിങ്ങനെ പടിപടിയായി നേതൃരംഗത്തേക്കു ഉയർന്നുവന്ന ടിറ്റോ വലിയ പ്രതീക്ഷയുണർത്തുന്ന യുവനേതാക്കളിൽ ഒരാളാണ്.

KERALA EXPRESS പ്രവാസി താളുകൾ

# രാജമ്മേ...പശു



ഉമ്മൻ കാപ്പിൽ

പ്രശസ്ത ചലച്ചിത്രകാരൻ അടൂർ ഗോപാലകൃഷ്ണൻ നാല് പതിറ്റാണ്ടുമുമ്പ് പുറത്തിറങ്ങിയ തന്റെ 'എലിപ്പത്തായം' എന്ന സിനിമയിൽ മധ്യവയസ്കനായ ഉണ്ണിയുടെയും (കരമന ജനാർദ്ദനൻ നായർ) അദ്ദേഹത്തിന്റെ രണ്ട് സഹോദരിമാരുടെയും (ശാരദ, ജലജ) കഥയിലൂടെ കേരളത്തിന്റെ ഫ്യൂഡൽ വ്യവസ്ഥയുടെ ശിഥിലീകരണത്തെ അതിമനോഹരമായി പകർത്തുന്നു. ഇനി മേലിൽ ഒരു അവാർഡ് സിനിമ കാണില്ല എന്ന് ചിലരെങ്കിലും പറയാൻ ഈ സിനിമ കാരണമായി എന്ന സത്യവും ഇവിടെ വിസ്മരിക്കുന്നില്ല. എങ്കിലും, സാമൂഹിക പരിവർത്തനത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന ഈ ചിത്രം മാറിക്കൊണ്ടിരിക്കുന്ന ലോകവുമായി പൊരുത്തപ്പെടാൻ കഴിയാത്ത ഒരു കുടുംബത്തെ പച്ചയായി ചിത്രീകരിച്ചിരിക്കുന്നു എന്നത് ശ്രദ്ധേയമാണ്. തുടക്കത്തിലെ ഒരു രംഗത്തിൽ, ഉണ്ണി പട്ടണത്തിലേക്ക് പുറപ്പെടുന്നു. പക്ഷേ, കുറച്ച് ചുവടുകൾ കഴിഞ്ഞ് താൻ എന്തോ മറന്നുപോയെന്നു മനസ്സിലാക്കി നടപ്പുനിർത്തി. നിർവികാരനായി അയാൾ 'രാജമ്മേ' എന്ന് നീട്ടിവിളിക്കുന്നു. രാജമ്മ ഒരു ജോഡി ചെരിപ്പുമായി ഉടനെ പ്രത്യക്ഷപ്പെടുന്നു. അവൾ അവന്റെ കാലിൽ വെക്കുന്നു. അവൻ അത് ധരിച്ച് നടക്കുന്നു.

മറ്റൊരു രംഗത്തിൽ കഥാനായകൻ രാവിലെ ചാരുകസേരയിൽ കിടന്ന് പത്രം വായിക്കുന്നു. അപ്പോൾ കയർ ഊരിവന്ന ഒരു പശു മുൻവശത്തെ മുറ്റത്തു നിൽക്കുന്ന ഇളംതെങ്ങിന്റെ ഇലകൾ കടിച്ചു നശിപ്പിക്കുന്നു. അയാൾ കസേരയിൽ നിന്ന് ഒന്നെഴുന്നേൽക്കാൻ ഒരു ശ്രമവും ഇല്ല. പകരം, 'രാജമ്മേ' എന്നൊരു വിളി. മറുപടി ഉടൻ വന്നില്ല. പശു വിശപ്പടക്കാൻ കിട്ടിയ അവസരം മുതലാക്കി. കഥാനായകൻ വീണ്ടും നീട്ടി വിളിക്കുന്നു: 'രാജമ്മേ, പശു!' രാജമ്മ ഓടിച്ചെന്ന് പശുവിനെ ഓടിച്ചുവിടുമ്പോൾ നായകൻ നിസ്സംഗതയോടെ വായന തുടരുന്നു!

ലളിതവും എന്നാൽ ശക്തവുമായ ഈ രംഗങ്ങൾ, വീട്ടുജോലി തന്റെ ഉത്തരവാദിത്വമല്ലെന്നും തന്റെ വീട്ടിലെ സ്ത്രീകൾ സേവിക്കാൻ വേണ്ടിയുള്ളവരാണെന്നും വിശ്വസിക്കുന്ന ഒരു ഫ്യൂഡൽ മാനസികാവസ്ഥയുടെ അവശിഷ്ടങ്ങളിൽ കുടുങ്ങിക്കിടക്കുന്ന ഒരു മനുഷ്യന്റെ സത്തയെയാണ് സൂചിപ്പിക്കുന്നത്. അടൂർ ഗോപാലകൃഷ്ണന്റെ ചിത്രീകരണം പതിറ്റാണ്ടുകൾക്ക് ശേഷവും പ്രസക്തമായി തുടരുന്നു. കാരണം, ഈ മാനസികാവസ്ഥയുടെ അടയാളങ്ങൾ ഇന്നും പല വീടുകളിലും നിലനിൽക്കുന്നു.



ആധുനിക സാഹചര്യങ്ങളിൽ സമൂഹം പുരോഗമിച്ചിട്ടുണ്ടെങ്കിലും നിരവധി 'ഉണ്ണിമാർ' നമുക്കിടയിൽ ജീവിക്കുന്നു. ഭാര്യമാർ തങ്ങളുടെ ഷൂ പോളിഷ് ചെയ്തുതരണമെന്നും വസ്ത്രങ്ങൾ ഇസ്തിരിയിടണമെന്നും ജോലി കഴിഞ്ഞുവരുമ്പോൾ ചായ തയ്യാറാക്കി സ്വീകരിക്കണമെന്നും പ്രതീക്ഷിക്കുന്ന പുരുഷന്മാർ ഇന്നുമുണ്ട്. വീട്ടുജോലി ഒരു സ്ത്രീയുടെ മാത്രം ഉത്തരവാദിത്തമാണെന്നു കരുതുന്ന പകൽമാന്യന്മാർ ന്യൂനപക്ഷമെന്നത് മാത്രം ആശ്വാസം.

ഈ പിന്തിരിപ്പൻ മാനസികാവസ്ഥ പലപ്പോഴും ജനപ്രിയ മാധ്യമങ്ങളിലൂടെ, അവിചാരിതമായി പോലും ശക്തിപ്പെടുത്തുന്നു. യൂട്യൂബിൽ ലഭ്യമായ മലയാളം കോമഡി സീരിയൽ 'അളിയൻസ്' ഒരു ഉദാഹരണം നല്കുന്നു. അതിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ യൂണിഫോം ഇസ്തിരിയിടുന്നതും എല്ലാ ദിവസവും രാവിലെ തൊപ്പി കൊണ്ടുവന്ന് കൊടുക്കുന്നതും ഭാര്യതന്നെ. ഭാര്യ തന്നെ ഭർത്താവിന് വിളമ്പി കൊടുക്കണം; പലപ്പോഴും ആണുങ്ങൾ ആഹാരം കഴിച്ചശേഷം മാത്രം വീട്ടിലെ സ്ത്രീകൾ ആഹാരം കഴിക്കുന്നത് പതിവായി ചിത്രീകരിക്കുന്നു. അത്തരം ചിത്രീകരണങ്ങൾ നിരുപദ്രവകരമോ നർമ്മപരമോ ആയി തോന്നിയേക്കാം. പക്ഷേ, അവ കാലഹരണപ്പെട്ട ലിംഗപരമായ വേഷങ്ങളെ സാധാരണവൽക്കരിക്കുകയും കുടുംബത്തിനുള്ളിൽ വിവേചനം നിലനിർത്തുകയും ചെയ്യുന്നു. അത്തരം ചിത്രീകരണങ്ങൾ 'വെറും വിനോദം' മാത്രമാണെന്ന് ചിലർ വാദിച്ചേക്കാം. എന്നിരുന്നാലും, സാമൂഹിക മനോഭാവങ്ങളെ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾ വളരെക്കാലമായി ശക്തമായ പങ്കുവഹിച്ചിട്ടുണ്ട്. ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പ്, സിനിമയിൽ പുകവലി ഗ്ലാമറസായി ചിത്രീകരിച്ചിരുന്നു. സ്ത്രീകളുടെ ചെകിടത്ത് അടിക്കുന്നത് ഒരു നാടകീയ പ്രകടനമായി കണക്കാക്കപ്പെട്ടിരുന്നു. പൊതുബോധം വികസിച്ചതോടെ, ചലച്ചിത്ര പ്രവർത്തകർ ചിത്രീകരിക്കാൻ തെരഞ്ഞെടുത്ത കാര്യങ്ങളിൽ കൂടുതൽ ഉത്തരവാദിത്തമുള്ളവരായി. സ്ത്രീകളെ ബഹുമാനിക്കുന്നതിലും അതേ ഉത്തരവാദിത്തം ആവശ്യമാണ്. അസമത്വവും അടിച്ചമർത്തലും കേരളത്തിലോ ഇന്ത്യയിലോ മാത്രമായി ഒതുങ്ങിനിൽക്കുന്നില്ല. സ്ത്രീകളെ കീഴ്ജീവനക്കാരായി കണക്കാക്കുന്ന പ്രവണത പല സംസ്കാരങ്ങളിലും സമൂഹങ്ങളിലും നിലനിൽക്കുന്നു. അളവിലും രൂപത്തിലും മാത്രം ഏറ്റക്കുറച്ചിലുകൾ കണ്ടേക്കാം. എന്നിരുന്നാലും കേരളത്തിന്റെ പശ്ചാത്തലത്തിൽ ചരിത്രപരമായ മാതൃകകൾ ഒരു പ്രധാന പശ്ചാത്തലം നല്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിലും മിക്ക കുടുംബങ്ങളിലും പുരുഷന്മാർ മാത്രമായിരുന്നു വരുമാനക്കാർ. അതേസമയം സ്ത്രീകൾ ഗാർഹിക ചുമതലകളിൽ ഒതുങ്ങി.

സമീപദശകങ്ങളിൽ കൂടുതൽ സ്ത്രീകൾ തൊഴിൽ മേഖലയിൽ പ്രവേശിക്കുന്നത് കണ്ടിട്ടുണ്ടെങ്കിലും ഇന്ത്യയിലെ പങ്കാളിത്തനിരക്ക് 35 ശതമാനത്തിൽ താഴെയാണ്. ഗാർഹിക പീഡനത്തെയും സ്ത്രീധനവുമായി ബന്ധപ്പെട്ട ദുരുപയോഗത്തെയും കുറിച്ചുള്ള റിപ്പോർട്ടുകൾ ഇപ്പോഴും ആശങ്കാജനകമായി പുറത്തുവരുന്നു.

സാമ്പത്തിക ആശ്രയത്വം അല്ലെങ്കിൽ സാമൂഹിക ബഹിഷ്കരണഭയം കാരണം നിരവധി സ്ത്രീകൾ തകർന്ന വിവാഹങ്ങളിൽ തുടരുന്നു. അതിനാൽ സാമ്പത്തിക സ്വാതന്ത്ര്യം വെറുമൊരു ഓപ്ഷൻ മാത്രമല്ല, ഒരു ആവശ്യകതയാണ്. ഇത് സ്ത്രീകൾക്ക് ശക്തമായ തീരുമാനങ്ങൾ എടുക്കാനും അന്തസ്സ് ഉറപ്പിക്കാനും അടിച്ചമർത്തൽ സാഹചര്യങ്ങളിൽ നിന്ന് രക്ഷപ്പെടാനുമുള്ള സ്വാതന്ത്ര്യം നല്കുന്നു. കുടുംബസാഹചര്യങ്ങൾ വ്യത്യാസപ്പെടുന്നു എന്നത് ശരിയാണ്. ചില സാഹചര്യങ്ങളിൽ ഒരു പങ്കാളി പരസ്പര സമ്മതത്തോടെ വീട്ടിൽ തന്നെ തുടരാൻ തീരുമാനിച്ചേക്കാം. അത് ഒരു സാധുവായ ക്രമീകരണമാണ്. എന്നിരുന്നാലും, ഒരു പുരുഷൻ ഏകപക്ഷീയമായി തന്റെ ഭാര്യ ജോലി ചെയ്യരുതെന്ന് നിർദ്ദേശിക്കുമ്പോൾ, അത് പങ്കാളിത്തത്തെയല്ല, മറിച്ച് സ്വാർത്ഥതയാണ് പ്രതിഫലിപ്പിക്കുന്നത്. അത്തരം മനോഭാവങ്ങളെ നിർണ്ണായകമായി വെല്ലുവിളിക്കണം.

തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നത് സമത്വത്തിന്റെ മാത്രം കാര്യമല്ല- അത് പുരോഗതിയുടെ കാര്യവുമാണ്. തങ്ങളുടെ ആളുകളുടെ മുഴുവൻ കഴിവുകളും പ്രയോജനപ്പെടുത്തുമ്പോൾ സമൂഹങ്ങൾ അഭിവൃദ്ധി പ്രാപിക്കുന്നു. രാഷ്ട്രീയം, ഭരണം മുതൽ എഞ്ചിനീയറിംഗ്, വൈദ്യശാസ്ത്രം, സായുധസേന എന്നിവ വരെ, സ്ത്രീകൾ മേഖലകളിൽ മികവ് പ്രകടിപ്പിച്ചിട്ടുണ്ട്. അവർക്ക് അവസരം നിഷേധിക്കുന്നത് അവരുടെ കഴിവിന്റെയും കാഴ്ചപ്പാടിന്റെയും പ്രയോജനം സമൂഹത്തിന് നിഷേധിക്കുക എന്നതാണ്.

നമ്മുടെ സാമൂഹിക ഘടനകളിൽ ഇനി ഫ്യൂഡൽ മനോഭാവങ്ങൾ ആധിപത്യം പുലർത്തണമെന്നില്ല. പക്ഷേ, അവ നമ്മുടെ വീടുകളിലും സംഭാഷണങ്ങളിലും മാധ്യമങ്ങളിലും നിലനിൽക്കുന്നു.

യഥാർത്ഥ പുരോഗതിക്ക് സാമ്പത്തിക വികസനത്തേക്കാൾ കൂടുതൽ സ്വയംപര്യാപ്തത ആവശ്യമാണെന്ന് തിരിച്ചറിയേണ്ട സമയമാണിത്. ഉണ്ണിയുടെയും രാജമ്മയുടെയും കഥ മറ്റൊരു കാലഘട്ടത്തിലേതായിരിക്കാം. പക്ഷേ, അതിന്റെ സന്ദേശം നിലനില്ക്കുന്നു. ഓരോരുത്തരും അവരുടെ കഴിവുകൾക്കു വിലമതിക്കപ്പെടുമ്പോഴാണ് വിമോചനം ആരംഭിക്കുന്നത്.

## ദി ചോസൺ യുവജന സംഗമം നവംബർ 8-ന് ഡാളസ്സിൽ

സിജോയി പറപ്പള്ളിൽ

ഡാളസ്: ക്രിസ്തുരാജ ക്നാനായ കത്തോലിക്കാ ഇടവക യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യുവജന സംഗമം 'ദി ചോസൺ' പരിപാടി നവംബർ 8-ന് ശനിയാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ നടത്തപ്പെടുന്നു.

പ്രശസ്ത കാത്തലിക് മോട്ടിവേഷൻ സ്പീക്കറും ഗായകനും ആയ പോൾ ജെ കിം സംഗമത്തിൽ ഉടനീളം പങ്കെടുത്ത് യുവജനങ്ങൾക്ക് പരിശീലനം നല്കുന്നു.

യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇതിനോടകം ഇതിനുള്ള ഒരുക്കവും രജിസ്ട്രേഷനും ആരംഭിച്ചു.



# നോർത്ത് അമേരിക്കൻ അതിഭദ്രാസന വൈദിക റിട്രീറ്റ് നടത്തി



**വർഗീസ് പാലമലയിൽ**

ഹൂസ്റ്റൺ: 2025-ലെ നോർത്ത് അമേരിക്കൻ അതിഭദ്രാസന വൈദിക റിട്രീറ്റ് ഒക്ടോബർ മാസം 23, 24, 25 (വ്യാഴം, വെള്ളി, ശനി) തീയതികളിൽ ഹൂസ്റ്റൺ സെന്റ് ബേസിൽസ് സിറിയക് ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു. അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്തായും പാത്രിയർക്കൽ വികാരിയുമായ അഭിവന്ദ്യ യെൽദോ മോർ തീത്തോസ് മെത്രാപ്പോലീത്തായുടെ മഹനീയ സാന്നിദ്ധ്യത്തിൽ മൂന്നു ദിവസങ്ങളിലായി നടന്ന സമ്മേളനങ്ങളിൽ റവ.ഫാ. എ.പി. ജോർജ്, റവ.ഫാ. സജി മർക്കോസ്, റവ. ഡോ. ബിന്നി ഫിലിപ്പ് നെടുംപുറത്ത് (വികാരി, സെന്റ് പീറ്റേഴ്സ് മലങ്കര കത്തോലിക്കാ പള്ളി), ശ്രീമതി താര ഓലപ്പള്ളി, റവ.ഫാ. ബേസിൽ ഏബ്രഹാം (വികാരി സെന്റ് ഇഗ്നേഷ്യസ് കത്തീഡ്രൽ, ഡാളസ്) എന്നിവർ വിവിധ സെഷനുകളിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ആധികാരികമായി സംസാരിച്ചു.

ഒക്ടോബർ മാസം 25-ാം തീയതി അഭിവന്ദ്യ യെൽദോ മോർ തീത്തോസ് തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയോടനുബന്ധിച്ച് ഭാഗ്യസ്മരണാർഹനായ ശ്രേഷ്ഠ കാതോലിക്കാ ആബൂൻ മോർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവായുടെ ഒന്നാം ഓർമ്മപ്പെരുന്നാൾ ഭക്ത്യാദരവോടെ ആചരിച്ചു.

അമേരിക്കൻ അതിഭദ്രാസനത്തിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും ഈ റിട്രീറ്റിൽ പങ്കെടുത്തു. അമേരിക്കൻ അതിഭദ്രാസന വൈദിക സെക്രട്ടറി റവ.ഫാദർ ഗീവർഗീസ് ജേക്കബ് ചാലിശ്ശേരിയുടെ നേതൃത്വത്തിൽ വൈദിക കൗൺസിൽ അംഗങ്ങളായ റവ. ഫാ. ഗീവർഗീസ് തോമസ് കോർ-എപ്പിസ്കോപ്പ, റവ.ഫാ. എബി മാത്യു, റവ.ഫാ. ആകാശ് പോൾ, റവ.ഫാ. മാർട്ടിൻ ബാബു, റവ.ഫാ. ഷിറിൽ മത്തായി, സെ. ബേസിൽസ് ഇടവക വികാരി റവ.ഫാ. ബിജോ മാത്യുവും ഇടവകാംഗങ്ങളും ചേർന്ന് ഈ റിട്രീറ്റിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ഒരുക്കങ്ങൾ നടത്തി.

# ഡോ. മാത്യു വൈരമൺ സ്റ്റാഫോർഡ് സിറ്റി പ്ലാനിങ് ആൻഡ് സോണിങ് കമ്മീഷൻ ചെയർമാൻ

**ജീമോൻ റാന്നി**

ഹൂസ്റ്റൺ: ഡോ. അഡ്വ. മാത്യു വൈരമണ്ണിനെ സ്റ്റാഫോർഡ് സിറ്റി പ്ലാനിങ് ആൻഡ് സോണിങ് കമ്മീഷൻ ചെയർമാനായി തെരഞ്ഞെടുത്തു. സ്റ്റാഫോർഡ് സിറ്റിയിൽ പ്ലാനിങ് ആൻഡ് സോണിങ് കമ്മീഷൻ കമ്മീഷണർ ആയി പ്രവർത്തനമാരംഭിച്ച വൈരമൺ പിന്നീട് കമ്മീഷന്റെ വൈസ് ചെയർ ആയി. ഇപ്പോൾ ഏഴംഗ കമ്മീഷണർമാരുടെ ചെയർമാനായി കൂടുതൽ അധികാരവും ഉത്തരവാദിത്വവുമുള്ള ചുമതലയിലേക്ക് പ്രവേശിച്ചു. ഒരു ഇന്ത്യൻ വംശജൻ ഈ പദവിയിലെത്തുന്നത് ഇതാദ്യമാണ്.




സിറ്റിയിൽ സമർപ്പിക്കുന്ന ഫ്ളാറ്റ്, സൈറ്റ് പ്ലാൻ, സോണിങ് കേസുകൾ സിറ്റിയുടെ ചട്ടപ്രകാരവും സാങ്കേതിക നിർദ്ദേശത്തിന് അനുസരിച്ചുമാണോ എന്ന് പ്രാഥമികമായി പരിശോധിക്കുന്നത് പ്ലാനിങ് ആൻഡ് സോണിങ് കമ്മീഷനാണ്. അതുപോലെ സിറ്റിയുടെ വികസനം കോംപ്രിഹെൻസീവ് പ്ലാനിന്റെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പുവരുത്തുന്നതും ഈ കമ്മീഷനാണ്.

സ്റ്റാഫോർഡ് സിറ്റി മേയറും മലയാളിയുമായ കെൻ മാത്യു വൈരമണിനെ സ്റ്റാഫോർഡ് സിറ്റിയുടെ ചാർട്ടർ റിവ്യൂ കമ്മീഷനിലെ ഒരു അംഗമായും നിയമിച്ചു.

സിറ്റി ചാർട്ടറിങ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഏഴ് അംഗങ്ങളാണ് ഈ കമ്മീഷനിൽ ഉള്ളത്. അവർ സിറ്റിയുടെ ചാർട്ടർ പരിശോധിച്ച് അതിൽ എന്തെങ്കിലും ഭേദഗതികൾ ആവശ്യമെങ്കിൽ സിറ്റി കൗൺസിലിൽ നിർദേശങ്ങൾ നല്കും.

പരിചയ സമ്പന്നനായ അഭിഭാഷകനും നിയമ അദ്ധ്യാപകനുമായ വൈരമണ്ണിന്റെ സേവനം സ്റ്റാഫോർഡ് സിറ്റിക്ക് ഒരു മുതൽക്കൂട്ടായിരിക്കും.

# അശ്വതി



ജെയിംസ് ചെട്ടിയാത്ത്

കൂടല്ലൂര്-കൂടല്ലൂര്-കൂടല്ലൂര്
തെങ്ങും നെല്ലും വിളയുന്നൊരു നാടാണ്
നാട്ടിൽ ഒരു അമ്മക്കൊരു കുഞ്ഞു പിറന്നു
പിറന്നുവീണത് ആൺകുട്ടി
വെളുത്ത നിറം കറുത്ത മുടി
വലത്തു കൈയ്യിൽ ആറുവിരൽ
വീട്ടുകാരു കാണാൻ വന്നു
നാട്ടുകാരു കണ്ടിട്ടു പോയി
പാതിരി വന്ന കൂട്ടത്തിൽ ഒരു
പഞ്ചായത്തു മെമ്പറും വന്നു കൂടെ
വലത്തു കൈയ്യിൽ ആറു വിരൽ
കാണാനായി-കാണാനായി
അപ്പനു കൊച്ചു പെണ്ണുവേണം
ഭാഗ്യദോഷം കുറ്റം എപ്പോഴും അമ്മക്ക്
നാട്ടുവൈദ്യൻ വീട്ടിൽ വന്നു
മുറുക്കി തുപ്പി കണ്ടിട്ടു പോയി
തൊഴുത്തിൽ പശുവിനെ കറന്നു തുടങ്ങി
പാൽക്കാരൻ രാവിലെ വീടിന്റെ മുന്നിൽ
കോഴികൾ മുട്ടകൾ ഇട്ടു തുടങ്ങി
പുഞ്ചയിൽ നെൽകൃഷി നൂറുമേനി
കണിയാൻ ചൊല്ലി ഭാഗ്യമാണ് ആറുവിരൽ
അശ്വതിനാളാ പിറന്ന കുഞ്ഞിനു



# കലാവേദി കരോക്കെ നൈറ്റ് ന്യൂയോർക്കിൽ അരങ്ങേറി

സിബി ഡേവിഡ്



ന്യൂയോർക്ക്: ന്യൂയോർക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന കലാവേദി യുഎസ്എയുടെ ഈ വർഷത്തെ കരോക്കെ നൈറ്റ് ന്യൂയോർക്കിൽ അരങ്ങേറി. രണ്ടായിരത്തി നാല് മുതൽ അമേരിക്കയിലും കേരളത്തിലും പ്രവർത്തിക്കുന്ന ഒരു കലാസംഘടനയാണ് കലാവേദി യുഎസ്എ.

ബിയോണ്ട് ബാരിയേഴ്സ് എന്നതാണ് കലാവേദിയുടെ ആപ്തവാക്യം. മത, രാഷ്ട്രീയ സങ്കുചിത ചിന്തകൾക്കതീതമായി കലയിലൂടെ മാനവികത എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. പ്രത്യേകിച്ച് ഭാരതീയ സംഗീത നൃത്തരൂപങ്ങൾ പ്രോത്സാഹിപ്പിക്കുകയും അത്തരം കലാ മാധ്യമങ്ങളിലൂടെ മനുഷ്യരെ ഏകോപിപ്പിക്കുകയും ചെയ്യുകയാണ് കലാവേദി ലക്ഷ്യമിടുന്നത്.

കഴിഞ്ഞ ഇരുപത്തിയൊന്നു വർഷങ്ങളായി അമേരിക്കയിലും കേരളത്തിലുമായി നിരവധി സ്റ്റേജ് ഷോകൾ കലാവേദി നടത്തിയിട്ടുണ്ട്. അമേരിക്കയിൽ ജനിച്ചുവളരുന്ന കുട്ടികൾക്ക് ഭാരതീയ കലാരൂപങ്ങളിൽ പ്രോത്സാഹനം നല്കുന്നതിനായി നിരവധി കലാമേളകൾ അമേരിക്കയിൽ കലാവേദി നടത്തിയിട്ടുണ്ട്.

മുഖ്യമായും അമേരിക്കൻ നിവാസികളായ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്ന കലാവേദി ഇതിനോടൊപ്പം കേരളത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ആവശ്യമായ സാമ്പത്തിക സഹായവും മറ്റും നല്കുന്നതിനും ശ്രദ്ധിക്കുന്നു. രണ്ടായിരത്തി ആറിൽ സ്ഥാപിച്ച ആർട്ട് ഫോർ ലൈഫ് എന്ന സോഷ്യൽ സർവീസ് പദ്ധതിയിലൂടെ കേരളത്തിൽ ധാരാളം കുട്ടികൾക്ക് ധനസഹായം നല്കിയിട്ടുണ്ട്.

ഇക്കഴിഞ്ഞ ശനിയാഴ്ച ന്യൂയോർക്കിലെ ടൈസൺ സെന്ററിൽ അരങ്ങേറിയ കരോക്കെ നൈറ്റിൽ അഞ്ച് ഗായകർ അവതരിപ്പിച്ച ഗാനങ്ങളും പ്രശസ്ത നർത്തകി ബിന്ധ്യ ശബരി അവതരിപ്പിച്ച സെമി ക്ലാസിക്കൽ നൃത്തരൂപവും പ്രേക്ഷകരുടെ മുക്തകണ്ഠം പ്രശംസ ഏറ്റുവാങ്ങി. അലക്സ് ഫ്രാൻസിസ്, സൂസൻ വർഗീസ്, പ്രേം കൃഷ്ണൻ, ലിയാ ഐസെൻ, ഡെന്നി എന്നിവരാണ് വേദിയിൽ ഗാനങ്ങൾ ആലപിച്ചത്. അവർ അഞ്ചുപേരും തങ്ങളുടെ മികവ് തെളിയിച്ചവരാണ്. കലാവേദി ഇവരെ ഒന്നിപ്പിച്ച് ഒരേ വേദിയിൽ അവതരിപ്പിച്ചത് ഈ പ്രസ്ഥാനം കഴിഞ്ഞ ഇരുപത്തിയൊന്ന് വർഷങ്ങളായി ചെയ്തുവരുന്ന സാമൂഹിക പ്രതിബദ്ധതയുടെ അടയാളമാണ്.


നിരവധി വർഷങ്ങളായി അമേരിക്കയിൽത്തന്നെ താമസിക്കുന്ന ഗായകരുടെ ഗാനാലാപനം മെലഡികൾ ഇഷ്ടപ്പെടുന്ന സംഗീതപ്രേമികൾ നന്നായി ആസ്വദിച്ചു. മുഖ്യമായും എൺപതുകളിലെ മെലഡികൾ ആണ് അവതരിപ്പിച്ചത്. എക്കോ എന്ന സീനിയർ സെന്റർ അംഗങ്ങൾക്കായി പ്രത്യേകം അർപ്പിച്ച ഒരു പരിപാടിയായിരുന്നു ഇത്. ഓഡിറ്റോറിയം തിങ്ങിനിറഞ്ഞ സംഗീതാസ്വാദകർ പരിപാടികൾ ആദ്യവസാനം നന്നായി ആസ്വദിച്ചു. മുൻ സെക്രട്ടറിയും ചിത്രകാരനുമായ ഷാജി ജേക്കബിന്റെ നേതൃത്വത്തിൽ ഷാജു സാമും സുരേഷ് പണിക്കരും മാമ്മൻ ഏബ്രഹാമും ഷാജി വർഗീസും ചേർന്ന് ഒരുക്കിയ കലാമണ്ഡപം ഏവരുടെയും പ്രശംസ നേടി.

റെജി മാത്യു എംസിയായി പ്രവർത്തിച്ചു. സെക്രട്ടറി ബിജു ചാക്കോ ഏവരെയും സ്വാഗതം ചെയ്തു. കലാവേദിയുടെ സ്ഥാപകനും പ്രസിഡണ്ടും ആയ സിബി ഡേവിഡ് അദ്ധ്യക്ഷപ്രസംഗം നടത്തി. എക്കോ എന്ന സ്ഥാപനത്തിന്റെ ചെയർമാൻ സാബു ലൂക്കോസ്, പ്രശസ്ത സിനിമ ഗായകൻ നിലമ്പൂർ കാർത്തികേയൻ എന്നിവർ ആശംസകളർപ്പിച്ചു. ട്രഷറർ മാത്യു മാമ്മൻ, ജോ. ട്രഷറർ ഷാജി വർഗീസ്, മുൻ പ്രസിഡണ്ടുമാരായ സജി മാത്യു, ക്രിസ് തോപ്പിൽ, വിമൻസ് ഫോറം ലീഡർ ബിന്ദു ഡേവിഡ്, കലാവേദി അംഗങ്ങളായ ഉണ്ണികൃഷ്ണൻ നായർ, മാമ്മൻ ഏബ്രഹാം, ലാലു മാത്യു, ബിജു കാവുങ്കൽ, വിമൻസ് ഫോറം അംഗങ്ങളായ ജെസ്സി മാത്യു, വത്സല ഉണ്ണികൃഷ്ണൻ, വത്സ തോപ്പിൽ, മഞ്ജു സുരേഷ്, വിനി സാം തുടങ്ങിയവർ പരിപാടികൾക്ക് നടത്തിപ്പിനായി പ്രവർത്തിച്ചു. ഫിനാൻഷ്യൽ അഡ്വൈസർ ഷാജു സാം എല്ലാവർക്കും നന്ദി അർപ്പിച്ചു. കലാവേദി ഒരുക്കിയ അത്താഴവിരുന്നോടു കൂടി പരിപാടികൾ സമാപിച്ചു.



സിബി ഡേവിഡ്

# പ്രഫ. ഏക്നാഥ് ചിത്നിസ് അന്തരിച്ചു



പൂനെ: ഇന്ത്യയുടെ ബഹിരാകാശ പരിപാടികളുടെ അമരക്കാരനായിരുന്ന പ്രമുഖ ശാസ്ത്രജ്ഞൻ പ്രഫസർ ഏക്നാഥ് വസന്ത് ചിത്നിസ് (100) പൂനെയിൽ അന്തരിച്ചു.

ഇന്ത്യയുടെ ബഹിരാകാശ പരിപാടികളിൽ നിർണായക പങ്ക് വഹിച്ച ചിത്നിസ്, ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഇസ്രോ) സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. വിക്രം സാരാഭായിയുടെ വിശ്വസ്തനായിരുന്ന അദ്ദേഹം, വിക്ഷേപണ കേന്ദ്രം കണ്ടെത്താനുള്ള സംഘത്തെ നയിക്കുകയും പിന്നീട് തിരുവനന്തപുരത്തെ തുമ്പയിലും ആന്ധ്രാപ്രദേശിന്റെ തീരത്തുള്ള ശ്രീഹരിക്കോട്ടയിലും അത് സ്ഥാപിക്കാൻ നേതൃത്വം നൽകുകയും ചെയ്തു. 1975-76 കാലഘട്ടത്തിൽ അദ്ദേഹം സംവിധാനം ചെയ്ത സാറ്റലൈറ്റ് ഇൻസ്ട്രക്ഷണൽ ടെലിവിഷൻ എക്സ്പെരിമെന്റ് (സൈറ്റ്) അദ്ദേഹത്തിന്റെ ഏറ്റവും വലിയ സംഭാവനകളിലൊന്നായിരുന്നു. നാസയുടെ എ.ടി.എസ്6 ഉപഗ്രഹം ഉപയോഗിച്ച് ആറ് സംസ്ഥാനങ്ങളിലെ 2,400 ഗ്രാമങ്ങളിൽ വിദ്യാഭ്യാസ പരിപാടികൾ നടത്തിയ ആ പദ്ധതി, ഡിജിറ്റൽ വിപ്ലവത്തിന് അടിത്തറയിട്ടു.

സ്വാതന്ത്ര്യത്തിനു മുമ്പ് കോലാപ്പൂരിൽ ജനിച്ച ചിത്നിസ്, പൂനെയിൽ സ്കൂൾ വിദ്യാഭ്യാസവും ഉന്നത വിദ്യാഭ്യാസവും പൂർത്തിയാക്കി. സാർ പരശുരാം കോളജ്, വാഡിയ കോളജ്, യുഎസിലെ മസാച്യുസെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഐടി) എന്നിവിടങ്ങളിൽനിന്നായി പഠനം പൂർത്തിയാക്കിയ ശേഷമാണ് അദ്ദേഹം ഐഎസ്ആർഒയുടെ ഭാഗമായത്.

1980-കളുടെ മധ്യത്തോടെ അഹമ്മദാബാദിലെ സ്പേസ് ആപ്ലിക്കേഷൻസ് സെന്ററിന്റെ ഡയറക്ടർ സ്ഥാനത്തുനിന്നു വിരമിച്ചു. തുടർന്നു ഭാര്യ കുമുദ് ചിത്നിനൊപ്പം പൂനെയിൽ സ്ഥിരതാമസമാക്കി. 2013-ന്റെ തുടക്കം വരെ ഇരുപത് വർഷത്തിലേറെയായി സാവിത്രിഭായ് ഫൂലെ പൂനെ യൂണിവേഴ്സിറ്റിയിലെ മീഡിയ ആൻഡ് കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിൽ പ്രഭാഷകനായിരുന്നു. 1983 മുതൽ 2010 വരെ പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യയുടെ (പിടിഐ) ഡയറക്ടർ ബോർഡ് അംഗമായിരുന്ന ചിത്നിസ്, രണ്ട് തവണ അതിന്റെ ചെയർമാനായും സേവനമനുഷ്ഠിച്ചു. 1985-ൽ പത്മഭൂഷൺ പുരസ്കാരം നൽകി ഇന്ത്യ അദ്ദേഹത്തെ ആദരിച്ചു. അദ്ദേഹത്തിന്റെ മകൻ പ്രഫസർ ചേതൻ ചിത്നിസ് പാരീസിലെ പാസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിൽ മലേറിയയെക്കുറിച്ച് പഠിക്കുന്ന മുതിർന്ന ശാസ്ത്രജ്ഞനാണ്. ചേതൻ ചിത്നിസിന് ഈ വർഷം ആദ്യം പത്മശ്രീ ലഭിച്ചിരുന്നു.

# ടാമ്പാ സെന്റ് ഗ്രീഗോറിയോസ് ദേവാലയത്തിൽ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ

രാജു മൈലപ്ര



ടാമ്പാ: മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രഥമ പരിശുദ്ധനായ പരുമല തിരുമേനിയുടെ 123-ാമത് ഓർമ്മപ്പെരുന്നാൾ, ടാമ്പാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ നവംബർ ഒന്ന്, രണ്ട് തീയതികളിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ നടത്തപ്പെടും.

ഒക്ടോബർ 26-നു ഞായറാഴ്ച വിശുദ്ധ കുർബാനാനന്തരം പള്ളിയങ്കണത്തിൽ കുരിശിൻതൊട്ടിയുടെ സമീപത്തായി സ്ഥാപിതമായ പുതിയ candle stand-ന്റെ കൂദാശ സമർപ്പണത്തിനു ശേഷം, പെരുന്നാൾ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട്, ഇടവക വികാരി വെരി. റവ. ജോർജ് പൗലോസ് കോർ-എപ്പിസ്കോപ്പാ കൊടിയേറ്റു കർമ്മം നിർവഹിച്ചു.

വെരി. റവ. തോമസ് പോൾ റമ്പാച്ചനാണ് ഈ വർഷത്തെ പെരുന്നാൾ ശുശ്രൂഷകളിലെ മുഖ്യ കാർമ്മികൻ.

വെരി. റവ. വി.സി. വർഗീസ് കോർ-എപ്പിസ്ക്കോപ്പാ, വെരി. റവ. ഇട്ടൻപിള്ള കോർ എപ്പിസ്കോപ്പാ, വെരി. റവ. ജോർജ് പൗലോസ് കോർ എപ്പിസ്കോപ്പാ എന്നിവർ സഹകാർമ്മികരായിരിക്കും.

വിശ്വാസികളായ എല്ലാവരും പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ ശുശ്രൂഷകളിൽ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കണമെന്ന് ഇടവക വികാരി റവ. ജോർജ് പൗലോസ് കോർ-എപ്പിസ്കോപ്പാ ആഹ്വാനം ചെയ്തു.

# പ്രസ്ക്ലബ് സമ്മേളനത്തിന്റെ വിജയശില്പികൾ സുനിൽ ട്രൈസ്റ്റാറും ഷിജോ പൗലോസും

ജോർജ് തുമ്പയിൽ

ഒരു മാധ്യമപ്രവർത്തകന്റെ ചടുലതയും സൂക്ഷ്മവുമായ ദൃഷ്ടികളിലൂടെ പ്രക്ഷുബ്ധമായ രാഷ്ട്രീയ സംഭവവികാസങ്ങളുടെ ചുരുളുകളിലൂടെ ഭാഷയെയും സംസ്കാരത്തെയും നോക്കിക്കാണുന്ന പ്രസിഡണ്ടായ സുനിൽ ട്രൈസ്റ്റാർ (സാമുവൽ ഈശോ)-സുനിൽ ട്രൈസ്റ്റാർ അല്ല ഫൈവ്സ്റ്റാറെന്ന് വി.കെ. ശ്രീകണ്ഠൻ എംപി.



സുനിൽ ട്രൈസ്റ്റാർ



ഷിജോ പൗലോസ്

സ്റ്റേജിൽ-കോൺഫറൻസിൽ ആദ്യവസാനം ശോഭിച്ചു. ചെയ്യുന്നത് ഏത് കൃത്യമായാലും അതിനൊക്കെ ഒരു ചിട്ട വേണം. സമയക്ലിപ്തത പാലിക്കുന്നത് പ്രധാനം. കൂടുതൽ ജോലി ചെയ്ത് തീർക്കേണ്ടതുണ്ടെങ്കിൽ അതിന് പ്രായോഗികമായി ടൈംടേബിൾ മനസ്സിൽ കണ്ട് മുമ്പോട്ടു പോകണം. ഓഡിയോ/വിഷ്വൽ രംഗത്ത് മൂന്നിൽപരം പതിറ്റാണ്ടിന്റെ പാരമ്പര്യവും മീഡിയാ ലോജിസ്റ്റിക്സിൽ ഇതുപോലെയുള്ള ഒട്ടനവധി രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതു കൊണ്ടും കാര്യങ്ങൾ സുഗമമായി പ്രവർത്തിക്കാനായി. ടെലിവിഷൻ മാധ്യമരംഗത്ത് കഴിഞ്ഞ മുപ്പത്തിൽപ്പരം വർഷങ്ങളിലെ പ്രവർത്തനങ്ങൾക്കും പ്രവാസികളുടെ സ്വന്തം ചാനലായ പ്രവാസി ചാനലിന്റെ ആവിഷ്ക്കാരത്തിൽ വഹിച്ച പങ്കും നൂറുകണക്കിന് പരിപാടികളുടെ ചുക്കാൻ പിടിച്ചതുമൊക്കെ പ്രസിഡണ്ട് എന്ന നിലയിൽ സാദ്ധ്യമാക്കാനായി. തുടക്കത്തിൽ ഏഷ്യാനെറ്റ് ചാനലിന്റെ അമേരിക്കയിലെ വളർച്ചയ്ക്ക് പങ്കുവഹിച്ച സുനിൽ ട്രൈസ്റ്റാർ ആയിരക്കണക്കിന് പരിപാടികൾ ഏഷ്യാനെറ്റിനു വേണ്ടി തയ്യാറാക്കി.

ഒട്ടേറെ അവാർഡുകൾ നേടിയിട്ടുള്ള സുനിൽ ട്രൈസ്റ്റാർ 2008-ലും 2010-ലും അമേരിക്ക ടുഡേ, യുഎസ് വീക്കിലി റൗണ്ടപ്പ് എന്നീ പരിപാടികൾ ഫ്രെയിം അവാർഡ് (ബെസ്റ്റ് ഫോറിൻ പ്രൊഡ്യൂസ്ഡ് പ്രോഗ്രാം) നേടി. 2010-ലെ അവാർഡ് തിരുവനന്തപുരത്ത് ടാഗോർ തിയേറ്ററിൽ അന്നത്തെ ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണനിൽ നിന്ന് ഏറ്റുവാങ്ങി. കേരളാ സെന്ററിന്റെ അച്ചീവ്മെന്റ് അവാർഡ് ഓഫ് എക്സലൻസ് ഫോർ കോൺട്രിബ്യൂഷൻ ടു മാസ് മീഡിയ 2006-ൽ ലഭിച്ചതാണ് ഏറ്റവും വലിയ സമ്പത്തായി സുനിൽ ട്രൈസ്റ്റാർ കാണുന്നത്. ഫൊക്കാന, ഫോമ എന്നീ കേന്ദ്രസംഘടനകളുടെ ഉൾപ്പെടെയുള്ള അവാർഡുകളും ലഭിച്ചു.



സെക്രട്ടറി ഷിജോ പൗലോസ് ഏഷ്യാനെറ്റ് ന്യൂസ് യുഎസ്എയുടെ പ്രൊഡക്ഷൻ കോ-ഓർഡിനേറ്ററും ഷിജോസ് ട്രാവൽ ഡയറിയുടെ ഉപജ്ഞാതാവുമാണ്. നിരവധി പുരസ്കാരങ്ങളാണ് ഷിജോയെ തേടിയെത്തിയത്.

സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, പ്രസിഡണ്ട് ഇലക്ട് രാജു പള്ളത്ത്, വൈസ് പ്രസിഡണ്ട് അനിൽകുമാർ ആറന്മുള, ജോയിന്റ് സെക്രട്ടറി ആശാ മാത്യു, ജോയിന്റ് ട്രഷറർ റോയി മുളകുന്നം, കോൺഫറൻസ് ചെയർമാൻ സജി ഏബ്രഹാം എന്നിവർ ഒന്നിച്ചാണ് നീങ്ങിയത്. അഡ്വൈസറി ബോർഡ് അംഗങ്ങളായ സുനിൽ തൈമറ്റം (ചെയർമാൻ), ഷിജോ പൗലോസ്, രാജു പള്ളത്ത്, ബിജു കിഴക്കേക്കുറ്റ്, സുനിൽ ട്രൈസ്റ്റാർ, മധു കൊട്ടാരക്കര, ടാജ് മാത്യു, ശിവൻ മുഹമ്മ, ജോസ് (മാത്യു വർഗീസ്), വിൻസന്റ് ഇമ്മാനുവേൽ, റെജി ജോർജ്, ജോർജ് ജോസഫ് എന്നിവരുടെ കട്ട സപ്പോർട്ടും ഉണ്ടായിരുന്നു.

നാട്ടിൽ തിരികെ ചെന്നതിനു ശേഷം വി.കെ. ശ്രീകണ്ഠൻ എംപി, അഡ്വ. പ്രമോദ് നാരായണൻ, ലീൻ ബി. ജസ്മസ്, ഹാഷ്മി താജ് ഇബ്രാഹിം, സുജയ്യാ പാർവ്വതി, അബ് ജ്യോത് വർഗീസ്, മോത്തി രാജേഷ്, പ്രതാപ് ജയലക്ഷ്മി എന്നിവരുടെ കത്തുകളും മെസേജുകളും പൊന്നുപോലെയാണ് സുനിൽ ട്രൈസ്റ്റാറും കൂടെയുള്ളവരും സൂക്ഷിക്കുന്നതും.

മൂന്നു ദിവസവും ഭക്ഷണം ഉണ്ടാക്കാൻ കൂടെയുണ്ടായിരുന്ന അനൂപ് അന്തരിയാത്തനും (സിത്താർ പാലസ്) നന്ദിയുടെ പൂച്ചെണ്ടുകൾ സുനിൽ ട്രൈസ്റ്റാർ നേരുകയുണ്ടായി. കോൺഫറൻസ് സുവനീർ തയ്യാറാക്കുന്നതിൽ സഹായിച്ച സജി ഏബ്രഹാം, മാത്തുക്കുട്ടി ഈശോ തുടങ്ങി എല്ലാവരുടെയും സേവനങ്ങൾക്കും നന്ദി അറിയിച്ചു.

(ശേഷം 34-ാം പേജിൽ)

# മിഷൻ കാർണിവൽ ഉത്സവമാക്കി ഡാളസ് രാജമക്കൾ



ഡാളസ്: ഡാളസ് ക്രിസ്തുരാജ കത്തോലിക്ക ഇടവകയിലെ മിഷൻ ലീഗ് കുട്ടികൾ 'കാരുണ്യനിലം' ഒരുക്കാൻ മിഷൻ കാർണിവൽ അതിമനോഹരമാക്കി ഏവരുടെയും പങ്കാളിത്തത്തോടെ നടത്തി. മിഷൻ ഞായർ ദിനത്തിൽ കുട്ടികളുടെ നേതൃത്വത്തിൽ മിഷൻ സ്റ്റാളുകൾ ഒരുക്കി അതിൽനിന്നും ലഭിക്കുന്ന തുക പാവപ്പെട്ട കർഷകർക്ക് 'കാരുണ്യനിലം' പദ്ധതിക്ക് നൽകുന്നു. ഫാ. ഡേവിഡ് ചിറമേൽ അച്ചന്റെ നേതൃത്വത്തിൽ പാവപ്പെട്ട കർഷകർക്ക് 10 സെന്റ് സ്ഥലം കൃഷിക്കായി ഒരുക്കി, പച്ചക്കറി തൈകൾ നട്ട് ചുറ്റും വേലികൾ കെട്ടി സംരക്ഷിച്ച് ഒരു വർഷത്തേക്ക് നൽകുന്നു. അവിടെ കൃഷി ചെയ്ത് കിട്ടുന്ന വിഭവങ്ങൾ വിറ്റ് അവർക്ക് സമ്പാദ്യം സ്വന്തമാക്കാവുന്നതാണ്. എക്സിക്യൂട്ടീവ് അംഗങ്ങൾ ആയ റോലൂക്ക് കളത്തിൽ, മെറിൽ കുളങ്ങര, റെയിസ കൊടുന്നനാംകുന്നേൽ, എമിലി പുത്തൻ മഠത്തിൽ, ട്രീസ ചാമക്കാലയിൽ എന്നിവർ വിശ്വാസ പരിശീലകരോട് ഒപ്പം നേതൃത്വം നൽകി. വികാരി ഫാ. ബിൻസ് ചേത്തലിൽ കൈക്കാരൻമാരുടെയും മറ്റ് മിനിസ്ട്രികളുടെയും സഹകരണത്തോടെ മിഷൻ കാർണിവലിനുള്ള ക്രമീകരണങ്ങൾ ഒരുക്കി. വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെയും യൂത്ത് മിനിസ്ട്രിയുടെയും സജീവ സാന്നിധ്യം കുട്ടികൾക്ക് ആവേശമായി മാറി.

വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
Weekly Newspaper National Edition from Chicago
കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
ഇനി ലോകം നിങ്ങളെ അറിയട്ടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.



മത്തായിച്ചൻ
MATHAICHAN
ROOFING & SIDING
We Specialize In Storm Damage Repair & Remodeling
We Work with All Home Insurances
Will do any Remodeling
JBR RESTORATION SERVICES - LICENSED
CITGO bp Shell AMOCO
Hotel, Motel, Gas Station
Roofing & Repairing
FREE ESTIMATE
Call Mathew:
630-205-5585

# CAN AMERICA ENDURE WITHOUT THE SPIRIT THAT BUILT IT?

**George Abraham**

A troubling reality unfolding across the United States today is the growing disillusionment of a large segment of the people, mostly young, who are politically and economically upset with the current status quo. Their concerns are justified to a large extent, as the so-called American dream, a promise of upward mobility through hard work, has already slipped away beyond their reach. What once was taken for granted – a stable job, home ownership, and financial security-now feels unattainable to millions, creating a certain uncertainty about the nation's future. As inequality widens, political polarizations intensify, creating populist movements on the left and right filled with emotions of anger and cynicism. This situation poses a potential threat to the very fabric of our society, raising the question: are we on the verge of a popular uprising that threatens the very foundations of social cohesion and democratic stability?

The primary election victory of Zohran Mamdani as the Democratic candidate is a clear sign that the political pendulum in America is shifting. His campaign, anchored in progressive policies such as rent freezes, free public transit, and higher taxes on the wealthy, has struck a powerful chord with younger voters weary of economic hardship and inequality. Yet, this shift raises profound questions about the nation's direction. Will these radical, left-wing reforms offer meaningful relief to a generation burdened by debt, stagnant wages, and unaffordable housing? Or will they usher in a social and economic transformation so sweeping that it could alter the very character of American society—perhaps beyond the point of return?

If history is any guide, socialist revolutions have consistently failed to deliver on their promises. The collapse of the Berlin Wall remains one of the clearest testaments to that truth. When the wall finally fell, the world watched as East Germans fled not toward the socialist East but toward the freedom and prosperity of the capitalist West. Despite being surrounded by barriers, West Berliners enjoyed a standard of living, political freedom, and economic vitality unmatched anywhere across the Eastern Bloc. Time and again, socialist systems have produced not equality and abundance but shortages, stagnation, and widespread hardship.

I had the rare opportunity to live in Communist Ethiopia during the rule of Mengistu Haile-Mariam, a dictator who held power through much of the early 1980s. Those years offered me a firsthand glimpse into the grim realities of life under a repressive regime. Beyond the absence of freedom of expression, the country suffered from severe shortages of essential goods, inadequate housing, and a collapsing healthcare system. Fear and silence gripped the population,



George Abraham

while the privileged few in power thrived. Eventually, the people's patience ran out, and the regime was swept away by a popular uprising. It is a stark reminder that no system built on oppression and deprivation can endure indefinitely.

Right in our own backyard, Cuba and Venezuela stand as glaring examples of failed socialist experiments. Cuba remains trapped in the economics and ideology of the last century, its people burdened by stagnation and scarcity. Venezuela, once among the most affluent nations in Latin America and blessed with vast natural resources, has been reduced to chaos under socialist rule. What was once a prosperous society is now marked by poverty, hyperinflation, and mass migration, with millions fleeing their homeland in search of freedom and opportunity.

Some may argue that China, as a communist nation, has thrived under socialism. However, the truth is quite the opposite for those who look deeper. China began its remarkable transformation only after it loosened its centralized socialist controls and opened the door to private enterprise and market-driven reforms. Its leaders recognized the power of innovation and entrepreneurship while eagerly adopting Western ideas, technologies, and management practices. In essence, China's success story is not the triumph of communism, but the outcome of its partial retreat from it.

However, capitalism became the driving force of the modern era, unleashing the power of individual liberty and human creativity. Capitalism paved the way for unprecedented scientific and technological progress by rewarding innovation and enterprise. It built the foundations of a prosperous society that lifted millions out of poverty and expanded opportunities for generations. In its best form, capitalism has proven that freedom and productivity can advance hand in hand, inspiring a hopeful vision for the future.

In the United States, capitalism does not operate unchecked. It functions within a framework of laws and regulations designed to ensure fairness and accountability. The government plays a crucial role in this, with oversight bodies and the judiciary curbing exploitation and corporate excesses. Robust anti-monopoly laws exist to prevent consumer fraud, price gouging, and the concentration of economic power in too few hands, preserving competition as the lifeblood of a healthy economy. This regulated form of capitalism, with the government as a watchdog, is a key factor in its success and the prosperity it has brought to the nation.

India too experienced an economic revival when the landmark reforms led by Dr. Manmohan Singh were introduced in the early 1990s. By dismantling the rigid controls of the license-raj system and opening the country to global trade and investment, these reforms unleashed the power of the market economy. The results were transformative while propelling India onto a path of sustained growth and helping it emerge as the world's fourth-largest economy today.

However, for a market economy to succeed, it requires more than policies and regulations. It demands a dedicated and disciplined workforce. Hard work, integrity, and perseverance remain its most essential ingredients. The early immigrants to America are a testament to this truth. They had no Medicare, Food stamps, or Government Safety Nets. Yet, they toiled in the fields and factories, built families, and laid the foundation of a thriving society where effort was rewarded and success celebrated.

The recent generations of immigrants are the actual beneficiaries of that legacy of hard work and perseverance. America became a magnet for talent and ambition and a beacon of freedom and prosperity, a shining city on a hill that drew millions from across the world, from every culture, language, and faith. Such massive movements occur only toward nations that uphold liberty and reward merit. These immigrants joined vibrant, market-driven economies and thrived and many becoming trailblazers in their own right, creating immense wealth, generating opportunities for others, and leading multinational companies that have guided society into a new era of innovation and sustained growth. Their success stories are a testament to the opportunities that a capitalist system can provide, and the social mobility it can enable.

Capitalism and the market economy are not without their flaws. They move in cycles of expansion and recession, and in times of crisis such as the COVID-19 pandemic, the wheels of the economy can come to a grinding halt. Reckless spending by undisciplined politicians can fuel runaway inflation,

**(see page 28)**

# ഡാളസ് മലയാളി അസോസിയേഷൻ ഏലിക്കുട്ടി ഫ്രാൻസിസിനെ ആദരിച്ചു

**ബിനോയി സെബാസ്റ്റ്യൻ**

ഡാളസ്: ടെക്സസിലെ പ്രമുഖ സാംസ്കാരിക പ്രവർത്തകയും നോർത്ത് ടെക്സസ് ഇന്തോ-അമേരിക്കൻ നേഴ്സസ് അസോസിയേഷൻ സ്ഥാപകനേതാവും ജീവകാരുണ്യ പ്രവർത്തകയുമായ ഏലിക്കുട്ടി ഫ്രാൻസിസിനെ കരോൾട്ടൻ സിറ്റി മേയർ സ്റ്റീവ് ബാബിക് പൊന്നാട അണിയിച്ച് ഫലകം നല്കി ആദരിച്ചു. നാല് ദശകത്തിലേറെ ഡാളസ് കൗണ്ടി പാർക്ക്ലാൻഡ് ഹോസ്പിറ്റലിൽ നേഴ്സിങ് സൂപ്രവൈസറായി പ്രവർത്തിച്ച ഏലിക്കുട്ടി ഫ്രാൻസിസ് ഡാളസിലെ മലയാളികളുടെ സാംസ്കാരിക സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വമേകിയിട്ടുണ്ട്. അന്തരിച്ച സാംസ്കാരിക, സിനിമാ പ്രവർത്തകനും എഴുത്തുകാരനും സിനിമാ നിർമാതാവുമായ സി.എൽ. ഫ്രാൻസിസാണ് ഭർത്താവ്. അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ്, സെക്രട്ടറി സിൻജോ തോമസ്, ഫോമാ മുൻ പ്രസിഡണ്ട് ഫിലിപ്പ് ചാമത്തിൽ, ഫോമാ സതേൺ റീജൺ വൈസ് പ്രസിഡണ്ട് ബിജു തോമസ്, ഫോമാ മുൻ വിമൻ ചെയർ രഷ്മ രഞ്ജിത്ത്, സാം മത്തായി, ജോജോ കോട്ടാക്കൽ, അസോസിയേഷൻ സീനിയർ ഡയറക്ടർ ഡക്സ്റ്റർ ഫെരേര തുടങ്ങിയവർ ശ്രീമതി ഫ്രാൻസിസിന്റെ വൈവിദ്ധ്യമാർന്ന സംഭാവനകളെ പരാമർശിച്ച് സംസാരിച്ചു. ചടങ്ങിൽ ഐറിൻ കല്ലൂർ അവതാരകയായിരുന്നു. വിനോദ് കോണ്ടൂർ നന്ദി പ്രകാശിപ്പിച്ചു. സൈജു വർഗീസ്, ഷാജി ആലപ്പാട്ട്, മനോജ് മഠത്തിൽ, ശ്രീനാഥ് ഗോപാലകൃഷ്ണൻ, അബീഷ്, സുനു ആന്റണി, മധു, ജോഷി, ബിനോ കല്ലുങ്കൽ, പ്രവീൺ, ജോഫിൻ തുടങ്ങിയവർ പരിപാടികൾക്കു നേതൃത്വം നല്കി.



# ‘ഒരു പുതിയ നമ്പർ’

രാജു മൈലപ്ര

എനിക്ക് ഈയിടെ ഒരു പണി കിട്ടി.

ഒരു എട്ടിന്റെ പണി.

ഞാനൊരു സംഭവമാണെന്നും എന്നെ ആർക്കും പറ്റിക്കുവാൻ കഴിയില്ല എന്നുമാണ് എന്റെ ഒരു ധാരണ. എന്നാൽ, എത്രയോ തവണ ഞാനറിയാതെ തന്നെ പലരും എന്നെ പലതവണ പറ്റിച്ചിട്ടുണ്ടെന്നുള്ളതാണ് വാസ്തവം. പറ്റിക്കപ്പെടുവാൻ വേണ്ടി മാത്രം, പിന്നെയും ഈയുള്ളവന്റെ ജീവിതം ബാക്കി.

“എന്തു തിന്നും എന്തു കുടിക്കും, എന്തു ധരിക്കും” എന്ന് ഞാൻ അമിതമായി ചിന്തിക്കാറില്ല. അതൊക്കെ എന്റെ ഭാര്യയുടെ നിയന്ത്രണത്തിലാണ്.

ആവശ്യങ്ങൾ നടന്നുപോകണം എന്നതിനപ്പുറം വലിയ വലിയ ആഗ്രഹങ്ങൾ ഒന്നും എനിക്കില്ല. ആഡംബരങ്ങൾക്കായി അദ്ധ്വാനിക്കുവാൻ എനിക്കു താല്പര്യവുമില്ല. അത് എന്റെ കുറ്റമല്ല. ജന്മനാ ഞാനൊരു മടിയനാണ്.

എന്റെ കൈയിലിരിക്കുന്ന ഫോൺ, എന്നെപ്പോലെ ഒരു പഴഞ്ചനാണെന്ന് ഭാര്യയ്ക്കൊരു തോന്നൽ. പുതിയൊരു ഫോൺ എനിക്കു വേണമെന്ന് അവൾക്കൊരു വാശി.

“സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കു കിട്ടും? അവളുടെ വില മുത്തുകളിലും ഏറും” -എന്നു തിരുവചനം പറയുന്നു.

കുറച്ചുകൂടി സാമർത്ഥ്യം കുറഞ്ഞ ഒന്നിനെ മതിയായിരുന്നു എനിക്ക് എന്ന് ചിലപ്പോഴൊക്കെ തോന്നാറുണ്ട്.

എന്നെയും വലിച്ചിഴച്ചുകൊണ്ട് അവൾ ‘Spectrum’ ഷോറൂമിലേക്ക് പോയി.

കടയിലേക്കു കാലെടുത്തു വെച്ചതും May I help you? എന്നൊരു മധുരമൊഴിയുമായി ഒരു യുവസുന്ദരി ഞങ്ങളെ അകത്തേക്ക് ആനയിച്ചു.

“Thank you. We are just looking around”-ഞാൻ അവളിൽ നിന്നുമൊരു സാമൂഹിക അകലം പാലിക്കുവാൻ ശ്രമിച്ചു.

“ചുമ്മാതെ കയറി ഇറങ്ങുവാൻ ഇതു തന്റെ തന്തയുടെ വകയാണോ?” എന്നൊരു മുഖഭാവം അവളുടെ മുഖത്ത്.

ചൂണ്ടയിൽ ഞാൻ കൊത്തിയില്ല എന്നു മനസ്സിലാക്കിയപ്പോൾ, അവൾ വല മാറ്റി വീശി.

എന്റെ ഭാര്യയുമായി ആ തരുണീമണി ഒരു സൗഹൃദ സംഭാഷണത്തിൽ ഏർപ്പെട്ടു.

“You are from India?”

“Yeah”

“I like your Indian curry. ” അവൾ വളഞ്ഞവഴിയിലൂടെ, ചൂണ്ടയുടെ ചരട് വലിക്കുകയാണ്.

“Oh, really. I can make good fish curry for you”-ഭാര്യ അവളുടെ പാചകനൈപുണ്യത്തെപ്പറ്റി വാചാലയായി.

പിറവം സ്റ്റൈലിലൊരു മീൻകറി വെച്ചു കൊടുത്താൽ വെള്ളക്കാരിയുടെ അണ്ണാക്കു മുതൽ ആസനം വരെ അഗ്നിപർവ്വതം പൊട്ടിത്തെറിക്കുമെന്നുള്ള കാര്യമോർത്തപ്പോൾ ഞാനറിയാതെ ചിരിച്ചുപോയി.

“ഞങ്ങൾ കഴിഞ്ഞ പത്തു നാല്പതു വർഷം ന്യൂയോർക്കിലായിരുന്നുവെന്നും ഫ്ളോറിഡയിൽ വന്നിട്ട് രണ്ട് വർഷമേ ആയിട്ടുള്ളുവെന്നും, മകൻ നേവി ഓഫീസറാണെന്നും മക്കളൊക്കെ നല്ല നിലയിലാണെന്നും” മറ്റുമുള്ള ഒരു കുടുംബചരിത്രം, ആ വെള്ളക്കാരിയുടെ മുന്നിൽ ഒരു ഈസ്റ്റുമാൻ കളറിൽ അവൾ പ്രദർശിപ്പിച്ചു.

കൂട്ടത്തിൽ കൊച്ചുമക്കളുടെ ഫോട്ടോയും കാണിച്ചുകൊടുത്തു.

“Oh-They are so adorable”- ചൂണ്ടയുടെ ചരടു മുറുകുകയാണ്.

പ്രായം സ്ത്രീകളുടെ ഒരു ബലഹീനതയാണല്ലോ!



ലേഖകൻ

“Oh c’mon! You don’t look that old

May be forty, at the most forty-five” ആ കോംപ്ലിമെന്റിൽ പുഷ്പ കമഴ്ന്നടിച്ചു വീണു.

നിവർന്നെഴുന്നേറ്റപ്പോൾ അവളുടെ കൈയിൽ ഒരു iPhone 17 Pro Max.

എന്റെ കൈയിലിരുന്ന പഴഞ്ചൻ ഫോൺ പതിനഞ്ചു ഡോളറിനു trade-in ചെയ്തു. അതിലെ data മുഴുവൻ പുതിയ ഫോണിലേക്ക് transfer ചെയ്തു.

“കണ്ടോ എന്റെ കഴിവ്” എന്ന ഭാവത്തിൽ എന്റെ ഭാര്യ അവളുടെ അഞ്ചടി ഉയരം, അഞ്ചര അടിയിലേക്കുയർത്തി.

വീട്ടിൽ വന്നു കയറി ഞാൻ ഫോൺ ഒന്നു പരിശോധിച്ചു. തരക്കേടില്ല, കൊള്ളാം. പക്ഷേ, പട്ടിയുടെ കൈയിൽ പൊതിയാതേങ്ങാ കിട്ടിയ ഒരവസ്ഥ. അതു ശരിയായ രീതിയിൽ ഉപയോഗിക്കുവാനുള്ള അറിവ് എനിക്കില്ല. അവിടെയും ഇവിടെയുമെല്ലാം നിരവധി ആപ്പും കോപ്പും!

എന്റെ അഞ്ചു വയസ്സുകാരി കൊച്ചുമകൾക്ക് ഐഫോൺ എന്നൊക്കെ പറഞ്ഞാൽ വെറും അപ്പൂപ്പൻതാടിയാണ്.

പെട്ടെന്നൊരു കോൾ. പുതിയ ഫോണിലേക്ക് ആദ്യമായി വരുന്ന വിളിയാണ്. ഞാൻ ഭയത്തോടും വിറയലോടും കൂടി ഫോൺ കൈയിലെടുത്തു.

“Hello. Mr. George?!”

“Speaking”

‘‘My name is Edward. I’m calling from the Apple company. Congratulations on your new purchase. But I am sorry to inform you that there was a mistake from our side. Instead of a new phone, we sent you a refurbished phone.”

ഇടയ്ക്ക് ഞാൻ അയാളോട് ‘എന്തോ പിച്ചും പേയും’ പറയുന്നുണ്ട്. എന്റെ തലച്ചോറിന്റെ ഏറിയപങ്കും അവന്റെ കക്ഷത്തിലായ കാര്യം ഞാനറിഞ്ഞില്ല.

“We apologize for our mistake. So, please send it back; we will send you a new one right away. We will also give you 150 dollars visa card as a compensation for your inconvenience.”

പുതിയ ഫോണിന്റെ കൂടെ 150 ഡോളറും കൂടി. ഭാഗ്യം കയറിവരുന്ന ഓരോ വഴികളേ!

അടുത്തുള്ള FedEx സ്റ്റോറിലേക്കു ഒരു Prepaid label അയച്ചിട്ടുണ്ടെന്നും അവിടെച്ചെന്നാൽ ബാക്കി കാര്യങ്ങൾ അവർ ശരിയാക്കിക്കൊള്ളുമെന്നും ഉറപ്പു നല്കി. എഡ്വേർഡുമായി നേരിട്ടു ബന്ധപ്പെടുവാനുള്ള ഒരു ഫോൺ നമ്പരും നല്കി.

ഫോൺ അയച്ചു കഴിഞ്ഞിട്ട് എഡ്വേർഡ് തന്ന നമ്പറിലേക്ക് വിളിച്ചു. ആരും ഫോൺ എടുത്തില്ല. പാവം, എന്നെ സഹായിച്ച ക്ഷീണത്തിൽ ഉറങ്ങിക്കാണും.

അടുത്തദിവസം രാവിലെ വീണ്ടും വിളിച്ചു No Answer എവിടെയോ എന്തോ ഒരു പന്തികേട്. Tracking number-വെച്ചു ചെക്കു ചെയ്തപ്പോൾ, എന്റെ ഫോൺ ക്യൂബയിലുള്ള ഏതോ ഒരു കാസ്ട്രോയുടെ അഡ്രസ്സിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്നു മനസ്സിലായി.

ഉടനെ തന്ന. FedEx Delivery കമ്പനിയെ വിളിച്ചു. ഒരു Stop delivery റിക്വസ്റ്റിട്ടു. ഫോൺ പോയിട്ടില്ലെന്നും അത് എനിക്കുതന്നെ തിര്യെ കിട്ടുമെന്നും അവർ ഉറപ്പു നല്കി. കൂടെ ഒരു കേസ് നമ്പറും-അടുത്ത ദിവസവും വിളിച്ചു. Inquiry മറ്റൊരു ഡിപ്പാർട്ടുമെന്റിലേക്ക് മാറ്റിയിരിക്കുന്നു. വറി ചെയ്യേണ്ടാ, ഫോൺ തിരിച്ചുകിട്ടും-ഈ ഒരു പരിപാടി കുറച്ചുദിവസം തുടർന്നു.

ഞാൻ വീണ്ടും പറ്റിക്കപ്പെട്ടു എന്നു മനസ്സിലായി. ഫോൺ നഷ്ടപ്പെട്ടു കഴിഞ്ഞപ്പോഴാണ്, എന്റെ ജീവിതം ആ ഫോൺ നമ്പറിനാൽ ബന്ധിക്കപ്പെട്ടിരിക്കുകയാണെന്നു മനസ്സിലായത്.

സോഷ്യൽ സെക്യൂരിറ്റി, പെൻഷൻ, ബാങ്ക് ക്രെഡിറ്റ് കാർഡുകൾ, വൈദ്യസഹായം എല്ലാം Verification code-ഉം ആ നമ്പറിലേക്കാണ് പോകുന്നത്.

ഞാൻ ശരിക്കും വെള്ളം കുടിച്ചു. കുടിച്ചുകൊണ്ടേയിരിക്കുന്നു.

ഏതായാലും ആ ഫോൺ നമ്പർ ബ്ലോക്ക് ചെയ്തിട്ട് പുതിയൊരു നമ്പർ കരസ്ഥമാക്കി.

മൂഷിക സ്ത്രീ പിന്നെയും മൂഷിക സ്ത്രീയായ അവസ്ഥ. ഒരു സുഹൃത്ത് എന്നോട് ചോദിച്ചു:

‘‘താൻ എന്തിനാ ഇടയ്ക്കിടെ ഫോൺ നമ്പർ മാറുന്നത്?”

“അതൊക്കെയീ ഗോപാലകൃഷ്ണന്റെ ഒരു നമ്പറാ”-എന്നു പറഞ്ഞ് ഞാൻ ഫോൺ കട്ടു ചെയ്തു.

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 88.25 |
| യൂറോ | 102.72 |
| സ്റ്റെർലിംഗ്പൗണ്ട് | 117.74 |
| സ്വിസ് ഫ്രാങ്ക് | 110.86 |
| സിംഗപ്പൂർ ഡോളർ | 68.07 |
| കനേഡിയൻ ഡോളർ | 63.17 |
| ഒമാൻ റിയാൽ | 229.50 |
| ബഹ്റൈൻ ദിനാർ | 234.06 |
| സൗദി റിയാൽ | 23.53 |
| യു.എ.ഇ. ദിർഹം | 23.98 |
| കുവൈത്ത് ദിനാർ | 287.76 |



# കേരളത്തിന്റെ ആരോഗ്യപരിരക്ഷയ്ക്ക് 2460 കോടിയുടെ പദ്ധതി

ന്യൂഡൽഹി: കേരളത്തിലെ ഒരു കോടിയിലധികം വയോധികരും ദുർബലരുമായ ആളുകളുടെ ആയുർദൈർഘ്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ പദ്ധതിക്ക് ലോകബാങ്കിന്റെ അംഗീകാരം. ആരോഗ്യ പരിരക്ഷയും പ്രതിരോധശേഷിയും ഉറപ്പുവരുത്താൻ 2460 കോടി രൂപയുടെ (28 കോടി ഡോളർ) പദ്ധതിക്കാണ് ലോകബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ ബോർഡ് അംഗീകാരം നൽകിയിരിക്കുന്നത്.

കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി കേരളത്തിൽ സമഗ്രമായ ആരോഗ്യസംവിധാനം നിർമിക്കുമെന്നും വിപുലീകരിച്ച ഇ-ഹെൽത്ത് സേവനങ്ങൾ, സംയോജിത ഡാറ്റാ പ്ലാറ്റ്ഫോമുകൾ, മെച്ചപ്പെടുത്തിയ സൈബർ സുരക്ഷ എന്നിവയിലൂടെ ഡിജിറ്റൽ ആരോഗ്യസംവിധാനങ്ങളെ ശക്തിപ്പെടുത്തുമെന്നും ലോകബാങ്ക് അറിയിച്ചു. ഇന്റർനാഷണൽ ബാങ്ക് ഓഫ് റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റിൽ (ഐബിആർഡി) നിന്നുള്ള 28 കോടി ഡോളർ വായ്പയ്ക്ക് 25 വർഷത്തെ കാലാവധിയും അഞ്ചു വർഷത്തെ ഗ്രേസ് പീരീഡുമാണുള്ളത്.

രണ്ടു പതിറ്റാണ്ടിലേറെയായി കേരളം സുസ്ഥിരമായ ആരോഗ്യനേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും സാംക്രമികേതര രോഗങ്ങളും (ഹൈപ്പർടെൻഷൻ, പ്രമേഹം, കാൻസർ) വേഗത്തിൽ പ്രായമാകുന്ന ജനസംഖ്യയും (മൊത്തം ജനസംഖ്യയുടെ 20 ശതമാനത്തിലധികം പ്രായമായവർ) ആരോഗ്യസംവിധാനത്തെ ബുദ്ധിമുട്ടിലാക്കുന്നുവെന്ന് ലോകബാങ്ക് ചൂണ്ടിക്കാട്ടുന്നു. റോഡപകടങ്ങളിൽ പ്രതിവർഷം 4,000-ത്തിലധികം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നതിലൂടെ എമർജൻസി, ട്രോമ പരിചരണത്തിലും വിടവുകളുണ്ടെന്നും ലോകബാങ്ക് ചൂണ്ടിക്കാട്ടുന്നു.

കേരളത്തിൽ ഹൈപ്പർടെൻഷനും പ്രമേഹത്തിനും രജിസ്റ്റർ ചെയ്തിട്ടുള്ള 90 ശതമാനത്തിലധികം രോഗികളെയും വ്യക്തിഗത ഇലക്ട്രോണിക് ട്രാക്കിംഗ് സംവിധാനങ്ങൾ വഴി ചികിത്സിക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. സമഗ്രമായ ആരോഗ്യസേവനങ്ങൾ നൽകുന്നതിനായി കിടപ്പിലായ, വീട്ടിൽ കഴിയുന്ന, ദുർബലരായ വയോജനങ്ങൾക്ക് ഒരു ഭവന അധിഷ്ഠിത പരിചരണ മാതൃകയും സ്ഥാപിക്കും. പദ്ധതിയിലൂടെ വയനാട്, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, ആലപ്പുഴ ജില്ലകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കാലാവസ്ഥാധിഷ്ഠിത പരിഹാരങ്ങളിലൂടെ ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കടുത്ത ചൂടും വെള്ളപ്പൊക്കവും കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികളും പരിശീലിക്കും.

# കുട്ടികളുടെ സ്വത്ത് രക്ഷിതാവിന് വിൽക്കാനാവില്ല

ന്യൂഡൽഹി: രക്ഷിതാവു മുൻപു നടത്തിയ സ്വത്തു വിൽപന പ്രായപൂർത്തിയായശേഷം നിരാകരിക്കാനും അതു വീണ്ടും വിൽക്കാനും മക്കൾക്കു കഴിയുമെന്നു സുപ്രീംകോടതി വ്യക്തമാക്കി. കോടതിയെ സമീപിക്കാതെ പോലും രക്ഷിതാവിന്റെ വസ്തു ഇടപാട് അസാധുവാക്കാനും വിൽപന നടത്താനോ കൈമാറ്റം ചെയ്യാനോ കഴിയുമെന്നാണ് ജഡ്ജിമാരായ പങ്കജ് മിത്തൽ, പ്രസന്ന ബി. വരാലെ എന്നിവരുടെ ബെഞ്ചിന്റെ സുപ്രധാനവിധി.

വ്യത്യസ്ത സാഹചര്യങ്ങളിൽ അച്ഛനും മകനും വിൽപന നടത്തിയ ഭൂമിയിൽ മകന്റെ നടപടി ശരിവെച്ചുകൊണ്ടാണു വിധി. 'പ്രായപൂർത്തിയായി മൂന്ന് വർഷത്തിനുള്ളിൽ കോടതിയെ സമീപിച്ചോ വിൽപനയോ കൈമാറ്റമോ വഴിയോ മക്കൾക്ക് അവകാശം സ്ഥാപിക്കാം.

അഞ്ച് വർഷത്തിൽ കൂടുതലോ, മക്കൾ പ്രായപൂർത്തിയാകുന്ന തീയതിക്ക് ഒരു വർഷത്തിലധികമോ കാലത്തേക്കു പാട്ടത്തിനു നൽകാൻ പോലും രക്ഷിതാക്കൾക്കു കോടതിയുടെ അനുമതി വേണം' – ബെഞ്ച് വ്യക്തമാക്കി. കർണാടക ദാവൻഗരെയിലെ രണ്ട് പ്ലോട്ടുകളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് അച്ഛനിൽനിന്നും മക്കളിൽനിന്നും ഭൂമി വാങ്ങിയ കെ.എസ്. ശിവപ്പയും കെ. നീലമ്മയും തമ്മിലുള്ള കേസിലാണ് കോടതിയുടെ നിരീക്ഷണം. മക്കൾക്കു പ്രായപൂർത്തിയാകും മുൻപായിരുന്നു അച്ഛൻ ഭൂമി വിറ്റത്. പ്രായപൂർത്തിയായതിനു പിന്നാലെ, ഇതേ ഭൂമി മക്കൾ മറ്റൊരാൾക്കു വിറ്റു. തുടർന്നാണ് വിഷയം കോടതി കയറിയത്.

# അർച്ചന വിനോദ് ഇന്ത്യയെ പ്രതിനിധീകരിക്കും



വൈക്കം: അമേരിക്കയിലെ നടക്കുന്ന പൈതൃകനിർമിതി സംരക്ഷണ സെമിനാറിൽ, ആർക്കിടെക് അർച്ചന വിനോദ് ഇന്ത്യയെ പ്രതിനിധീകരിക്കും. വൈക്കം സ്വദേശിയാണ്. പൈതൃക നിർമിതികളുടെ സംരക്ഷണവും പരിപാലനവും ലക്ഷ്യമിട്ടാണ് സെമിനാർ. യുനെസ്കോയുടെ നിയന്ത്രണത്തിൽ റോം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐക്രാം, അമേരിക്കയിലെ നാന്റക്കെറ്റ് ഹിസ്റ്റോറിക്കൽ അസോസിയേഷൻ, ന്യൂയോർക്കിലെ ഇന്റഗ്രേറ്റഡ് കൺസർവേഷൻ റിസോഴ്സസ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി. അർച്ചന തിരുവനന്തപുരം എൻജിനിയറിംഗ് കോളജിൽ നിന്ന് ആർക്കിടെക്ചറിൽ ബിരുദവും ബെൽജിയത്തിലെ കെയുല്യുവ സർവകലാശാലയിൽനിന്ന് പൈതൃക നിർമിതി സംരക്ഷണത്തിൽ മാസ്റ്റർ ബിരുദവും നേടിയിട്ടുണ്ട്. വയനാട്ടിലെ ആദിവാസി സമൂഹങ്ങളുടെ ദേവപുരയെ ആസ്പദമാക്കി അർച്ചന തയ്യാറാക്കിയ ഗവേഷണ പ്രബന്ധം യുനെസ്കോയുടെ 2025-ലെ അന്താരാഷ്ട്ര സിമ്പോസിയത്തിലും ലുംബിനി, നേപ്പാൾ തുടങ്ങിയ ഇടങ്ങളിലെ അന്താരാഷ്ട്ര വേദികളിലും അവതരിപ്പിക്കാൻ തെരഞ്ഞെടുത്തിരുന്നു. വൈക്കം മറവൻതുരുത്ത് പലശേരിൽ റിട്ട. ക്യാപ്റ്റൻ പി.ആർ. വിനോദിന്റെയും മിനി വിനോദിന്റെയും മകളാണ് അർച്ചന. ശാസ്ത്രജ്ഞനായ അഭിനവ് മുരളിയാണ് ഭർത്താവ്.

# ആന്ധ്രയിൽ ബസിനു തീപിടിച്ച് 20 മരണം

കർണൂൽ: ആന്ധ്രപ്രദേശിലെ കർണൂലിൽ സ്വകാര്യ ബസിനു തീപിടിച്ച് 20 പേർ വെന്തുമരിച്ചു. ഹൈദരാബാദിൽനിന്നു ബംഗളൂരുവിലേക്കു പോയ വോൾവോ മൾട്ടി ആക്സിൽ ബസിൽ അതിവേഗത്തിലെത്തിയ ഇരുചക്ര വാഹനം ഇടിച്ചുകയറി തീ പിടിക്കുകയായിരുന്നു.

ഒക്ടോബർ 24-ന് പുലർച്ചെ മൂന്നോടെയായിരുന്നു അപകടം. മരിച്ചവരിൽ ഇരുചക്ര വാഹനം ഓടിച്ചിരുന്നയാളും ഉൾപ്പെടുന്നു. പരുക്കേറ്റ ഒമ്പതു പേർ ചികിത്സയിലാണ്.

ചില മൃതദേഹങ്ങൾ തിരിച്ചറിയാനാവാത്തവിധം കത്തിക്കരിഞ്ഞ നിലയിലായിരുന്നു. മൃതദേഹങ്ങൾ തിരിച്ചറിയാൻ ഡിഎൻഎ സാംപിൾ ശേഖരണത്തിന് പത്തു പ്രത്യേക സംഘങ്ങളെ നിയോഗിച്ചു. യാത്രക്കാരെല്ലാം ഉറക്കത്തിലായിരുന്ന സമയത്തായിരുന്നു അപകടം. അതിനാൽ മിക്കവർക്കും രക്ഷപ്പെടാനായില്ല. എന്താണ് സംഭവിച്ചതെന്ന് അറിയുന്നതിനു മുമ്പ് പലരും മരണത്തിനു കീഴടങ്ങി.



കത്തിനശിച്ച സ്വകാര്യ ബസ്.

കർണൂലിലെ ചിന്നടേകുറിനു സമീപമായിരുന്നു അപകടം. ബസിനടിയിലേക്ക് ബൈക്ക് ഇടിച്ചുകയറിയതിനെത്തുടർന്ന് ഡീസൽ ടാങ്കിന്റെ മൂടി തുറന്നതുമൂലമാണ് തീപിടിത്തമുണ്ടായതെന്നാണു പ്രാഥമിക റിപ്പോർട്ട്. ബസിന്റെ ചില്ലുകൾ തകർത്തും എമർജൻസി എക്സിറ്റ് വഴിയും ഏതാനുംപേർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു. ഡ്രൈവർ ഉൾപ്പെടെ 41 യാത്രക്കാരായിരുന്നു ബസിലുണ്ടായിരുന്നത്. ഷോർട്ട് സർക്യൂട്ടിനെത്തുടർന്ന് ബസിന്റെ ഡോർ തുറക്കാൻ കഴിയാതെയായി. മിനിറ്റുകൾക്കുള്ളിൽ ബസ് കത്തിയമർന്നു. യാത്രക്കാരിലേറെയും ഹൈദരാബാദ് സ്വദേശികളാണ്. അപകടത്തെക്കുറിച്ച് അന്വേഷണത്തിന് ആന്ധ്രപ്രദേശ് സർക്കാർ സമിത രൂപവത്കരിച്ചു. ഗതാഗതം, റോഡ്സ്, റവന്യൂ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് അന്വേഷണ സമിതിയിലുള്ളത്. അപകടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധിയും ദുഃഖം രേഖപ്പെടുത്തി.

# CAN AMERICA ENDURE WITHOUT THE SPIRIT THAT BUILT IT?

(from page 26)

while excessive regulation can stifle innovation and prevent industries from realizing their full potential. Similarly, a shortage of skilled workers can dampen productivity and slow growth. Yet, these challenges are not insurmountable — they demand dynamic leadership, sound policy-making, and the courage to innovate and adapt to changing realities.

However, the sad reality is that many of today's immigrants appear intent on challenging or undoing the very experiment that made the United States a beacon of opportunity. One is left to wonder why anyone would come to a country only to disparage the system that built the most powerful economy in history. Unlike the immigrants of earlier generations who valued self-reliance, hard work, and personal responsibility, some now advocate for a culture of dependence, believing that wealth redistribution can solve all social ills. They overlook a fundamental truth: in every system, it is the innovators, the risk-takers, and the diligent workers who drive progress and ultimately reap the rewards of their labor.

New Yorkers face a crucial test in the coming elections. The city already carries roughly $300 billion in debt, and new taxes will disproportionately hurt the middle class. The very wealthy have options to relocate. The city budget has ballooned to some $112 billion, with excessive and wasteful spending in many corners. We should ask ourselves: do we want leaders with primarygoal is to redistribute the wealth and who speak openly about "de-commodifying" housing—a euphemism, some fear, for eroding private property rights? Do we really want to upend the very system that built New York, entrusting it to those who had no stake in building it?

History has shown that no nation can thrive by undermining the very principles that built its success. Although imperfect, capitalism has proven to be the most effective engine for innovation, progress, and human advancement, provided it is guided by integrity, discipline, and a sense of shared responsibility. The challenges America faces today, from debt and division to disillusionment, call for leadership rooted in vision, prudence, and respect for the hard-won values that shaped this great nation. Let us remember that freedom and prosperity are not entitlements, but trusts handed down by generations who toiled and sacrificed.

Preserving them requires courage, wisdom, and faith in the enduring promise of the American spirit.

# ഇന്ത്യയുടെ വ്യോമയാന മികവറിയിച്ച് ടർബോ ട്രെയ്നർ–40

ബെംഗളൂരു: ഇന്ത്യ തദ്ദേശീയമായി നിർമിച്ച പരിശീലന വിമാനത്തിന്റെ കന്നിപ്പറക്കൽ പരീക്ഷണം വിജയകരമായി. ഹിന്ദുസ്ഥാൻ ടർബോ ട്രെയ്നർ-40 പരമ്പരയിലെ ആദ്യ പതിപ്പായ ടിഎച്ച്-4001 ആണ് ഇന്ത്യയുടെ വ്യോമയാന മികവറിയിച്ചത്.

വ്യോമസേനയ്ക്കുവേണ്ടി ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡാണ് വിമാനം നിർമിച്ചത്. വ്യോമസേനാ പൈലറ്റുമാർക്ക് പരിശീലനം നൽകാനുള്ള വിമാനം രാത്രിദൗത്യങ്ങളിൽ സുഗമമായി ഉപയോഗിക്കാനാകും. കാലാവസ്ഥയുടെ സ്വഭാവം തിരിച്ചറിഞ്ഞു പറക്കൽ ക്രമീകരിക്കാനും സംവിധാനമുണ്ട്.

# SEEKING BRIDEGROOM

*We are Pentecostal ( Knanaya background) parents seeking proposals for our daughter who is doing internship at Pushpagiri Dental College Thiruvalla. Her date of birth September 21st, 2000 and she is 5.6 inches in height. She holds a US passport ( she is a US Citizen) and was born and brought up in India. We are attending an independent church in Kerala. Looking for Medical doctors or Equivalent for our daughter.
Interested parties please Email: **joyofthelord567@gmail.com** or for more information in USA call **405-850-0011**

*Syrian Christian parents settled in USA invites proposal for their daughter 41-year, 5 feet 3-inch, dental professor working in a State University in the USA. Spirit filled and Pentecostal church members (legally divorced). Seeking suitable alliance from parents of educated and spiritual candidates. Only from USA. Contact on WhatsApp **+ 1 609 410 3076.**

*Pentecostal parents seeking proposals for their daughter (D.O.B = 29-08-1999) (B.Sc Nursing), born again, baptized & Spirit filled, now working as Staff Nurse in MOH, Saudi Arabia. Looking for proposals from parents of Pentecostal spirit filled and qualified boy.
If interested, please contact or WhatsApp @ **+91 9447440441.**

*Kerala CSI parents invite proposals for their daughter, (29 years, M.Com, CA Inter), presently working as an auditor with a company in Philadelphia. Please contact WhatsApp **+91 9349553125**

*Seeking proposals for Pentecostal girl (35/5'5") born again, baptized, living in the US, Software Engineer, PhD student (Machine Learning). Grew up in middle-east and India before moving to the US. Looking for born again, baptized, God fearing, professionally qualified boys. If interested, please contact **+91 95443 89214** (WhatsApp or call) or **+1 224 537 8569**

*Christian Parents settled in USA inviting marriage proposals for their daughter US Citizen, aged 47 years (date of birth 09/13/1977) never married. Passed her M.S. in Orthopedics from CMC VELLORE. Now Working as Pediatric Ortho surgeon at Children, s hospital, Nebraska. She is 5.04 feet tall, and good looking. God fearing, smart and family oriented. We are looking for qualified professionals preferably born again. Interested parties please contact with full details with a current photo.
Email: **marijohn2002@yahoo.co.in**

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Ange-

**Visit Our Website:**
**www.keralaexpress.com for Matrimonial**

# SEEKING BRIDE

*Parents looking for match for Their Son 30 yrs U.S citizen, Working for N.J. Transit South Indian Catholic Cast no bar Pefe Medical Pro. In N.Y. Or N.J. Please contact **917 880 9045.**

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at
**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email: **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:
**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

## SEEKING BRIDEGROOM CONTD.....

les, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

**Visit Our Website:**
**www.keralaexpress.com**
**for Matrimonial Advt.**

# നിര്യാതരായി

## ജോസഫ് മാത്യു

**വാഴൂർ ഈസ്റ്റ്:** മുണ്ടയ്ക്കൽ (ജോസ് ബ്രദേഴ്സ് പൊൻകുന്നം) ജോസഫ് മാത്യു (91) അന്തരിച്ചു. ഭാര്യ എരുമേലി ഞള്ളിമാക്കൽ പരേതയായ തെയ്യാമ്മ ജോസ്. മക്കൾ: പരേതനായ സാജു, ആൻസൽ, ഷേർളി, സാബു, റോയി (യുഎസ്). മരുമക്കൾ: കുഞ്ഞുമോൾ ഇടപ്പറമ്പിൽ പാലാ, സുനു കുളങ്ങര നാലുകോടി, മാനുവൽ തോമസ് ചെമ്പകശേരിൽ കൊല്ലം, സിസി മംഗലത്തുകരോട്ട് പൊൻകുന്നം, പുഷ്പ കുടക്കച്ചിറ കുടിയാൻമല.

## ഡോ. വി.കെ.എസ്. മേനോൻ

**കോഴിക്കോട്:** മാനേജ്മെന്റ് വിദഗ്ദ്ധൻ ഡോ. വി.കെ. എസ് മേനോൻ (വടക്കേ കുറുപ്പത്ത് ശ്രീരഞ്ജന മേനോൻ -90) അന്തരിച്ചു. ഭാര്യ സാവിത്രി എസ്. മേനോൻ. മക്കൾ: പ്രസാദ് മേനോൻ (പൂണെ), പ്രകാശ് മേനോൻ (യുഎസ്), പ്രശാന്ത് മേനോൻ (അബുദാബി), മരുമക്കൾ: രുക്മിണി, രേണു, പ്രിയ.

## റേയ്ച്ചൽ വർഗീസ്

**വെച്ചൂച്ചിറ:** ചെറുകര കുഴിയിൽ റേയ്ച്ചൽ വർഗീസ് (85) അന്തരിച്ചു. ഇടമൺ വാകത്താനം ഉള്ളൂരിക്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വി.വി. വർഗീസ്. മക്കൾ: ഏബ്രഹാം വർഗീസ് (റിട്ട എൻജി), സി.വി. മാത്യു (റിട്ട. സീനിയർ സൂപ്രണ്ട് കെഎസ്ഇബി), ജോൺസൺ വർഗീസ് (യുഎസ്), ഷീന ബിനോയ് (റിട്ട. നേഴ്സ്), ഷീബ സി. വർഗീസ് (ഫിസിയോതെറാപ്പിസ്റ്റ്), മരുമക്കൾ: ഫ്രാഗി. പി. ജോസഫ് (റിട്ട. അദ്ധ്യാപകൻ), മറിയാമ്മ മാത്യു (റിട്ട.നേഴ്സ്), സൂസൻ വർഗീസ് (യുഎസ്), ബിനോയ് ജോൺ, റെൻജോ (മിഷൻസ് ഇന്ത്യ, തിരുവല്ല).

**കോട്ടപ്പടി:** സെ. ജോർജ് ഇംഗ്ലീഷ്മീഡിയം സ്കൂൾ മുൻ അദ്ധ്യാപിക കണ്ണോത്തുകുടിയിൽ കൺമണി പോൾ (62) അന്തരിച്ചു.

## പി.വി. വർഗീസ്



**തിരുവല്ല/ഡാളസ്:** കവിയൂർ ആഞ്ഞിലിത്താനം പുതുപ്പറമ്പിൽ പി.വി. വർഗീസ് (ബേബി -95) അന്തരിച്ചു. ഭാര്യ കിഴക്കൻ മുത്തൂർ പാട്ടപ്പറമ്പിൽ കുടുംബാംഗം പരേതയായ അന്നമ്മ വർഗീസ്. മക്കൾ: സാറാമ്മ വർഗീസ് (ലിസി), തമ്പി വർഗീസ് (ഡാളസ്), മാത്യു വർഗീസ്, എബി വർഗീസ് (ഡാളസ്, കുന്നന്താനം ഗ്രാമപഞ്ചായത്ത് മുൻ അംഗം), ബിന്ദു സൂസൻ (മസ്കറ്റ്). മരുമക്കൾ: മാവേലിക്കര ചെറുകോൽ തുലുക്കാശേരിൽ എം. രാജൻ (റിട്ട.സുബേദാർ ഇന്ത്യൻ ആർമി), മല്ലപ്പള്ളി മേലേക്കുറ്റ് ഏലിയാമ്മ (മോളി-ഡാളസ്), കൊട്ടാരക്കര ചെങ്ങമനാട് തൊണ്ടുവിള പുത്തൻവീട്ടിൽ ഓമന മാത്യു, കവിയൂർ പച്ചക്കുളത്ത് സൂസൻ വർഗീസ് (ഡാളസ്), ആഞ്ഞിലിത്താനം പാലപ്പള്ളിൽ തോമസ് വർഗീസ് (രാജു-മസ്കറ്റ്). സഹോദരങ്ങൾ: പരേതരായ ചിന്നമ്മ വർഗീസ് (കീഴ്വായ്പൂർ മരുതൂർ), അമ്മിണി പെരുമ്പാവൂർ തോമ്പ്ര, പി.വി. ചെറിയാൻ (കുഞ്ഞുമോൻ ഡാളസ്), പി.വി. ജോൺ (മിഷൻസ് ഇന്ത്യ ഡാളസ്), പൊന്നമ്മ കുര്യൻ (പതിക്കൽ കീഴില്ലം, ഡാളസ്).

**ആനിക്കാട് ഈസ്റ്റ്:** പാലാപ്പറമ്പിൽ പി.ജെ. ജോസഫിന്റെ ഭാര്യ തങ്കമ്മ ജോസഫ് (80) അന്തരിച്ചു.

**അമയന്നൂർ:** മാത്തിൽപറമ്പിൽ എ.ഐ. മാത്യു (കുഞ്ഞ് -65) അന്തരിച്ചു.

**ഇളങ്ങുളം:** തെക്കെയിൽ സിറിയക് മാത്യു (ബാബു-77) അന്തരിച്ചു.

## ലൈല അനീഷ് അന്തരിച്ചു




ന്യൂയോർക്ക്: ന്യൂയോർക്ക് ഐലൻഡിയയിൽ താമസിക്കുന്ന തിരുവനന്തപുരം ഇടവക്കോട് മാമംഗലത്ത് അനീഷ് കെ.വിയുടെ ഭാര്യ ലൈല അനീഷ് (61) അന്തരിച്ചു. ഇരവിപേരൂർ ചക്കുംമൂട്ടിൽ പരേതരായ സി.എം. ജോർജ്-മറിയാമ്മ ദമ്പതികളുടെ മകളാണ് പരേത. മകൻ: അബിജിത്. മരുമകൾ: റിയ. സഹോദരങ്ങൾ: പരേതനായ വർഗീസ് മാത്യു, ലിസിയാമ്മ വർഗീസ് (തിരുവല്ല), ജേക്കബ് വർഗീസ് (യുഎസ്), ജോൺ വർഗീസ് (ഇരവിപേരൂർ), റെജി വർഗീസ് (യുഎസ്). ഒക്ടോബർ 27-ന് തിങ്കളാഴ്ച രാവിലെ 9 മണി മുതൽ സംസ്കാര ശുശ്രൂഷകൾ ആരംഭിക്കുന്നതും പൈൻലോൺ മെമ്മോറിയൽ പാർക്ക് (2030 Wellwood Ave, Farmingdale, NY 11735) സെമിത്തേരിയിൽ മൃതദേഹം സംസ്കരിക്കുന്നതുമാണ്. ലൈവ് സ്ട്രീം ലിങ്ക്: https://youtube.com/live/bRf_MZLuF08?feature=share

## വി.സി. ഫ്രാൻസിസ്

**മാമ്മൂട്:** മങ്കൊമ്പ് വാലയിൽ വി.സി. ഫ്രാൻസിസ് (അപ്പച്ചൻകുട്ടി-81) അന്തരിച്ചു. ഭാര്യ ആലപ്പുഴ പള്ളിപ്പറമ്പിൽ ആലീസ് ഫ്രാൻസിസ്. മക്കൾ: പ്രിയ (അദ്ധ്യാപിക, പുളിങ്കുന്ന്), സിസ്റ്റർ മരിയ (അദ്ധ്യാപിക സെ. മേരീസ് എച്ച്എസ് ചമ്പക്കുളം), പയസ് (ദുബായ്), പ്രീമ (യുഎസ്). മരുമക്കൾ: ടോമിച്ചൻ വേലക്കളം (പുളിങ്കുന്ന്), നിഷ മണക്കളം എടത്വ (ദുബായ്), രഞ്ചു കാഞ്ഞിരക്കാട് അത്തിക്കയം (യുഎസ്).

**തുമ്പമൺ:** പിഡബ്ല്യുഡി റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ താഴയിൽ പുഷ്പവിളയിൽ പി.ടി. കോശി (തങ്കച്ചൻ-86) അന്തരിച്ചു.

## മാത്യു ഓട്ടപ്പള്ളിൽ



**ചാമക്കാല:** മാത്യു ഓട്ടപ്പള്ളിൽ (93) അന്തരിച്ചു. ഭാര്യ എലിസബത്ത് ഞീഴൂർ കണ്ണികുളത്തേൽ കുടുംബാംഗമാണ്. മക്കൾ: ഫിലിപ്പ് ഓട്ടപ്പള്ളിൽ (ലോസാഞ്ചലസ്), ജയ്നമ്മ മുടീക്കുന്നേൽ (മയാമി), സിസ്റ്റർ സുദീപ എസ്എംഐ, ഷൈനി നന്തികാട്ട് (ചിക്കാഗോ), മജു ഓട്ടപ്പള്ളിൽ (ചിക്കാഗോ). മരുമക്കൾ: ലില്ലി മുത്തോലത്ത്, സ്റ്റീഫൻ മുടീക്കുന്നേൽ, ജയ്മോൻ നന്തികാട്ട്, സോണിയ കണ്ടാരപ്പള്ളിൽ.

**തൃക്കൊടിത്താനം:** കിളിമല വെട്ടുവേലിൽ സ്നേഹമണി ജേക്കബ് (തങ്കമണി-73) അന്തരിച്ചു.

## ഒ.പി. ഉണ്ണൂട്ടി

**പങ്ങ:** റിട്ട. തഹസിൽദാർ ഉപ്പുമാക്കൽ (ഹിൽവ്യൂ) ഒ.പി. ഉണ്ണൂട്ടി (86) അന്തരിച്ചു. ഭാര്യ കല്ലൂപ്പാറ കാക്കനാട്ട് ഏലിയാമ്മ കുര്യൻ. മക്കൾ: ബിജു ഫിലിപ്പ് (തിരുവനന്തപുരം), ഡോ. ആൻസിമോൾ ജോർജ് (ബെംഗ്ളൂരു), അനു ബിൻസി ജോസഫ് (യുഎസ്). മരുമക്കൾ: സൈമോൾ ബിജു കണ്ടത്തിൽ (എടത്വ), ജോർജ് സി. ചെറിയചക്കാലയിൽ പാമ്പാടി (ബെംഗ്ളൂരു), ഇമ്മാനുവൽ ജോസഫ് പുത്തൻപുര മാറിക (യുഎസ്).

## കെ.ജി. ജോൺ

**കറുകച്ചാൽ:** കൂത്രപ്പള്ളി മിസംപടി കൈതച്ചിറ വില്ലയിൽ കെ.ജി. ജോൺ (ബാബു-84) അന്തരിച്ചു. ഭാര്യ പരേതയായ രാജമ്മ ജോൺ. മകൻ: റിബു ജോൺ (യുഎസ്).

**മൂവാറ്റുപുഴ:** പിരളിമറ്റം മാത്യു പാലമറ്റം (86) അന്തരിച്ചു.

## ടി.കെ. ബേബി ചേലമലയിൽ



**കിടങ്ങൂർ സൗത്ത്:** ചേലമലയിൽ ടി.കെ. ബേബി (79) അന്തരിച്ചു. ചേലമലയിൽ പരേതരായ കുര്യനും കുഞ്ഞേലിയുമാണ് മാതാപിതാക്കൾ. ഭാര്യ: കോട്ടയം എസ്.എച്ച്. മൗണ്ട് മുളകുമറ്റത്തിൽ കുടുംബാംഗമായ അന്നാമ്മ. മക്കൾ: ജോസിനി, ജോജിനി, ജോജിമോൻ, ജോമിനി. മരുമക്കൾ: കുഞ്ഞുമോൻ എള്ളങ്കിൽ (ഉഴവൂർ), സജി ഫിലിപ്പ് പള്ളിത്താഴത്ത് (കല്ലറ), റ്റെസി തെക്കേവഞ്ചിപ്പുരയ്ക്കൽ (പാലത്തുരുത്ത്), ബിനീഷ് ചാഴിലത്ത് (കിഴക്കേ നട്ടാശ്ശേരി). സഹോദരങ്ങൾ: പരേതനായ മാത്യു (കുട്ടപ്പൻ), പരേതയായ അന്നക്കുട്ടി, പരേതയായ മറിയക്കുട്ടി, ഫിലിപ്പ് (കുഞ്ഞുമോൻ).

## ലിസി മാത്യു

**പാലാ:** ചെമ്പകശേരിൽ മാത്യു സി. സിറിയക്കിന്റെ ഭാര്യ ലിസി മാത്യു (70) അന്തരിച്ചു. രാമപുരം മധുരംചേരി കുടുംബാംഗമാണ്. മക്കൾ: സിറിയക് മാത്യു (ഡെപ്യൂട്ടി സെക്രട്ടറി ധനകാര്യവകുപ്പ്), ജോസഫ് മാത്യു (യുഎസ്), മരുമക്കൾ: മഞ്ജു ജോർജ് കുമ്പടിയാംമാക്കൽ വേലത്തുശേരി (നേഴ്സിങ് ഓഫീസർ, ഹെൽത്ത് ഡിപ്പാർട്ടുമെന്റ്), മേഘന അൻഫോൻസ് മാത്യു പാമ്പയ്ക്കൽ ഇളംതോട്ടം (യുഎസ്).

## മറിയക്കുട്ടി ജോസഫ്

**നെല്ലിപ്പാറ:** ജനതാപ്പടി വയലിൽകരോട്ട് മറിയക്കുട്ടി ജോസഫ് (93) അന്തരിച്ചു. മേരികുളം കാരിമറ്റത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ജോർജ്, സിസ്റ്റർ പുഷ്പ (എസ്.എച്ച്. കോൺവന്റ് അരശുപറമ്പ്, തിരുവനന്തപുരം), ജോസ് (യുഎസ്), സണ്ണി (മുംബൈ), ബെന്നി, പരേതരായ സെബാസ്റ്റ്യൻ, സിബി, ഷാന്റി. മരുമക്കൾ: പാറക്കടവ് കൊട്ടാരത്തിൽ ലില്ലിക്കുട്ടി, എഴുകുംവയൽ ചെരിവിൽ മേരിക്കുട്ടി, ഇടിഞ്ഞമല കടുപ്പിൽ മോളി, തിടനാട് പുന്നക്കുഴിയിൽ മിനി, വലിയതോവാള വട്ടമറ്റം ആലീസ്.

**പാമ്പാടി-വെള്ളൂർ:** ബാബ്രോസ് ബേക്കറി ഉടമ ആലുങ്കൽ വി. വർഗീസ് (ബാബു-71) അന്തരിച്ചു.

**കുമ്മണ്ണൂർ:** റിട്ട. പോലീസ് എസ്ഐ കാരിക്കാട്ടിൽ കെ.പി. മൈക്കിൾ (84) അന്തരിച്ചു.

## മറിയാമ്മ കുരുവിള

**വളഞ്ഞവട്ടം:** ആലംതുരുത്തി പി.ഡബ്ല്യൂ.ഡി റിട്ട. അസി. എൻജിനീയർ പരേതനായ കാടുവെട്ടിൽ കെ.സി. കുരുവിളയുടെ ഭാര്യ മറിയാമ്മ കുരുവിള (തങ്കമ്മ-83) അന്തരിച്ചു. നാലുന്നാക്കൽ മൂലയിൽ കുടുംബാംഗമാണ്. മക്കൾ: ജോഷി (യുഎസ്), ജോമി (ദുബായ്), പരേതയായ കുസുമം (എൻജിനീയർ കെഎസ്ഇബി). മരുമക്കൾ: മാരാമൺ ആഞ്ഞിലിവേലിൽ റീനി (യുഎസ്), കങ്ങഴ പീടിയേക്കൽ സുമി, വൃന്ദാവനം കടിയൻകുന്നേൽ ബിജു (ദോഹ).

**പാലാ:** ഗവ. ഹയർ സെക്കൻഡറി സ്കൂൾ റിട്ട. അദ്ധ്യാപകൻ അയാഞ്ചിറകുന്നേൽ ഗോവിന്ദൻ (88) അന്തരിച്ചു.

**തീക്കോയി:** തെങ്ങനാക്കുന്നേൽ ജോസ് തോമസ് (കുഞ്ചെറു-54) അന്തരിച്ചു.

## മത്തായി തോമസ്



**ബെൻസേലം:** പുല്ലാട് വരയന്നൂർ ഉമ്മഴങ്ങത്ത് പരേതരായ തോമസ് വർഗീസിന്റെയും മറിയാമ്മ തോമസിന്റെയും മകൻ മത്തായി തോമസ് (80) ബെൻസേലത്ത് അന്തരിച്ചു. ഭാര്യ തട്ടയ്ക്കാട് കുമ്പനാട് പള്ളിക്കിഴക്കേതിൽ പരേതയായ മറിയാമ്മ മത്തായി. പരേതൻ ഫിലാഡൽഫിയ അസ്സൻഷൻ മാർത്തോമ്മാ ചർച്ച് ഇടവകാംഗമായിരുന്നു. മക്കൾ: മേബൽ, മേബിൾ, മേബി. മരുമക്കൾ: തോമസ് ചാണ്ടി, അജി ജോൺ, ഉമ്മൻ ഡാനിയേൽ.

**ആലപ്പുഴ:** ജില്ലാ സഹകരണ ബാങ്ക് റിട്ട. മാനേജർ കൈനകരി കാളാശേരി കെ.വി. തോമസ് (90) അന്തരിച്ചു.

**കടുത്തുരുത്തി:** പരേതനായ പരത്തനാൽ പി.എം. തോമസിന്റെ മകൻ ടി. സജിത്ത്കുമാർ (58) അന്തരിച്ചു.

## പി.എൻ. രാമചന്ദ്രൻ നായർ

**കോട്ടയം:** ദക്ഷിണ റെയിൽവേ റിട്ട. സ്റ്റേഷൻ സൂപ്രണ്ട് പുതുപ്പള്ളി ഇരവിനല്ലൂർ തുരുത്തിനായപ്പള്ളിൽ കിഴക്കേതിൽ (രാധാഭവൻ) പി.എൻ. രാമചന്ദ്രൻ നായർ (82) യുഎസിൽ അന്തരിച്ചു. ഭാര്യ പേരൂർ പടിഞ്ഞാറേ കുഴിമറ്റത്തിൽ രാധാമണി. മക്കൾ: ശ്യാം നായർ (യുഎസ്), സ്വപ്ന അജയ് (യുഎസ്). മരുമക്കൾ: സവിത ഷേണായ് നായർ (യുഎസ്), അജയ് കാർത്തിക് (ബെംഗ്ളൂരു).

## ഫിലിപ്പ് പി. ചാക്കോ

**നെടുമ്പ്രം:** കുവൈറ്റ് നാഷണൽ ബാങ്ക് മുൻ ഉദ്യോഗസ്ഥൻ വല്ലേലിൽ എൽ വില്ലയിൽ ഫിലിപ്പ് പി. ചാക്കോ (രാജു-73) അന്തരിച്ചു. ഭാര്യ കോഴഞ്ചേരി കോലത്ത് കണമൂട്ടിൽ മേരി ഫിലിപ്പ്. മക്കൾ: ലീന സൂസൻ ഫിലിപ്പ് (കാനഡ), ലിജു ഫിലിപ്പ് (ഓസ്ട്രേലിയ), ലിൻസ് ഫിലിപ്പ് (യുഎസ്). മരുമക്കൾ: റിനു ഫിലിപ്പ് (കാനഡ), അഞ്ജു തോമസ് (ഓസ്ട്രേലിയ), എമി വർഗീസ് (യുഎസ്).

## മേരി ജോസഫ്

**ആലപ്പുഴ:** സംവിധായകൻ സിബി മലയിലിന്റെ മാതാവ് ആലപ്പുഴ മലയിൽ മേരി ജോസഫ് (96) ബെംഗ്ളൂരുവിൽ അന്തരിച്ചു. കാഞ്ഞിരപ്പള്ളി കടമപ്പുഴ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.ജെ. ജോസഫ്. മറ്റു മക്കൾ: ജോസ് മലയിൽ (കോയമ്പത്തൂർ), ബാബു മലയിൽ (ബെംഗ്ളൂരു), ഡോ. റാണി ജോർജ് (യുഎസ്), ഡോ. അനിത ജോജി (മല്ലപ്പള്ളി). മരുമക്കൾ: ചെങ്ങന്നൂർ കാഞ്ഞിരത്തുമൂട്ടിൽ റോഹിണി, ആലുവ തേക്കാനത്ത് മുട്ടംതോട്ടിൽ ബാല, പൊൻകുന്നം പനയ്ക്കൽ ബംഗ്ലാവ് മായ, മല്ലപ്പള്ളി വാളക്കുഴി ഡോ. ജോജി ചെറിയാൻ, കുമരകം കല്ലറയ്ക്കൽ പരേതനായ റോമി ജോർജ്.

**പുനലൂർ:** പറങ്കിമാംമൂട്ടിൽ പരേതനായ സി.ഒ. വർഗീസിന്റെയും തുരുത്തി നേര്യംപറമ്പിൽ നാൻസിമ്മയുടെയും മകനും കോൺഗ്രസ് ബ്ലോക്ക് ജനറൽ സെക്രട്ടറിയുമായ വിപിൻ വി. വർഗീസ് (46) അന്തരിച്ചു.

**കോട്ടയം:** മറ്റീത്ര മോഹൻ ജേക്കബ് (80) അന്തരിച്ചു.

## കോശി ടി. കോശി അന്തരിച്ചു



**ചിക്കാഗോ:** ദീർഘകാലം ചിക്കാഗോയിൽ താമസക്കാരനായിരുന്ന കവിയൂർ പകലോമറ്റം തേമ്പിലാക്കൽ കോശി ടി. കോശി (90) അന്തരിച്ചു. ആച്ചിയമ്മ കോശി (മോനി) യാണ് ഭാര്യ. മക്കൾ: എലിസബത്ത് കോശി (ലിസ), അച്ചാമ്മ ആൻഡ്രൂസ് (ചോട്ടി). മരുമക്കൾ: ഡോ. അലക്സ് ടി. കോശി, ഡോ. ജെറി ആൻഡ്രൂസ്. സംസ്കാരശുശ്രൂഷകൾ ഇവൻസ്റ്റനിലുള്ള സെ. മേരീസ് സീറോമലങ്കര കാത്തലിക് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 31 വെള്ളി, നവംബർ 1 ശനി ദിവസങ്ങളിൽ നടക്കും.

## CAREGIVER WANTED IN CHICAGO SUBURB

ചിക്കാഗോയുടെ സബർബായ നോർത്ത് ലെയ്ക്കിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ വന്നും പോയും (7 days, 5 hours daily) പ്രായമുള്ള ഒരു അമ്മച്ചിയെ നോക്കുവാൻ ആളെ ആവശ്യമുണ്ട്.

**താല്പര്യമുള്ളവർ ബന്ധപ്പെടുക:**

**847-648-3300**

## LIVE-IN CAREGIVER OPPORTUNITY (ELMHURST, IL)

We are seeking a dependable and compassionate live-in caregiver to support our elderly parents in their home. They are moderately independent and require some assistance with daily living activities, along with light housekeeping duties and meal preparation.

The position includes a private bedroom and meals. Ideal candidates will be respectful, patient, and attentive to the needs of older adults.

Details of compensation can be discussed during the interview process.

**For inquiries or to express interest, please contact**

**Gisha Abraham at (847)477-1202 or gmabraham2628@gmail.com**

## DOMESTIC HELP NEED IN MICHIGAN

Family of 4 with 2 kids aged 9 and 5 seeking domestic help who can cook healthy Kerala food and help with light house cleaning. Lives in Michigan. Salary negotiable.

**Please contact**

**Jinu Mathew at 810-412-8554**

**for further details.**

## DOLLAR-GROCERY STORE FOR SALE

Dollar Store Grocery Store for sale in the Chicago West side area. Biggest 5000 Sq.Ft. store, $50,000.00 gross Sale a month. You can earn extra income on Gaming Machines. Very profitable business. Rent $ 3,200 a month. We don't sell tobacco and lottery. Too much improvement in business. Asking price $ 95,000.00 plus inventory or best offer. Interested people or serious buyers only.

**Call: 773-443-1733**

## CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call : 845 480 4721 or**

**email drmathai123@gmail.com**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

### *Favors Received*



*Inserted by: Firm Believer, New York*

### *Favors Received*



*Inserted by: Firm Believer, New York*

**Visit Our Website:** **www.keralaexpress.com for Classified Advt.**




# ‘ഫ്രണ്ട്സ്” റീ റിലീസിനൊരുങ്ങുന്നു

പുത്തൻ റിലീസുകളെപ്പോലെ തന്നെ ആരാധകർ ഇപ്പോൾ റീ റിലീസ് സിനിമകൾക്കും ഉണ്ട്. മോഹൻലാൽ, മമ്മൂട്ടി, രജനികാന്ത്, വിജയ്, സൂര്യ തുടങ്ങിയ താരങ്ങളുടെ സിനിമകൾ ഇപ്പോൾ പുത്തൻ സാങ്കേതിക വിദ്യയുടെ സഹായത്തോടെ വീണ്ടും ബിഗ് സ്ക്രീനിലേക്ക് എത്തുന്നുണ്ട്. തമിഴ് സിനിമകളിലെ റീ റിലീസുകളിൽ ഏറ്റവും നേട്ടമുണ്ടാക്കിയ ചിത്രങ്ങളിൽ പ്രധാനം വിജയ് ചിത്രങ്ങൾ ആയിരുന്നു. ഇപ്പോഴിതാ അത്തരത്തിലൊരു റീ റിലീസിന് തയാറെടുക്കുകയാണ് വിജയ്- സൂര്യ കൂട്ടുകെട്ടിലെ ബ്ലോക്ക് ബസ്റ്റർ ചിത്രം ഫ്രണ്ട്സ്. ചിത്രം റിലീസായതിന്റെ 24-ാം വർഷം വീണ്ടും തിയറ്ററുകളിലേക്ക് എത്തിക്കുകയാണ് ജാഗ്വാർ സ്റ്റുഡിയോസിന്റെ ബാനറിൽ ബി. വിനോദ് ജെയിൻ. മികച്ച 4 കെ ദൃശ്യ നിലവാരത്തിലും ശബ്ദത്തിലും പുനരവതരിപ്പിക്കുന്ന ചിത്രം നവംബർ 21-ന് പ്രേക്ഷകർക്ക് മുൻപിൽ എത്തും.



മലയാള സിനിമയിലെ വൻ ഹിറ്റുകളിലൊന്നായിരുന്നു സിദ്ദിഖ് സംവിധാനം ചെയ്ത ഫ്രണ്ട്സ്. മുകേഷ്, ജയറാം, ശ്രീനിവാസൻ, മീന, ദിവ്യ ഉണ്ണി എന്നിവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ച സിനിമ 1999-ലായിരുന്നു റിലീസായത്. സിദ്ദിഖ് തന്നെ ഈ സിനിമ 2001-ൽ തമിഴിലേക്ക് റീമേക്ക് ചെയ്യുകയും ചെയ്തു. വിജയ്, സൂര്യ, രമേഷ് ഖന്ന എന്നിവരാണ് തമിഴിൽ അഭിനയിച്ചത്. തമിഴിലും ചിത്രം സൂപ്പർ ഹിറ്റ് ആയി. സൂര്യയുടെയും വിജയ്‌യുടെയും കരിയറിൽ ചിത്രം വഴിത്തിരിവായി മാറി. സ്വർഗ ചിത്ര അപ്പച്ചൻ ആണ് ചിത്രത്തിന്റെ നിർമാതാവ്. ദേവയാനി, വിജയലക്ഷ്മി, അഭിനയശ്രീ, വടിവേലു, ശ്രീമാൻ, ചാർളി, രാജീവ്, രാധ രവി, സന്താന ഭാരതി, മദൻ ബോബ്, സരിത, എസ്.എൻ. ലക്ഷ്മി തുടങ്ങിയവരും ചിത്രത്തിൽ പ്രധാന വേഷങ്ങളിൽ എത്തുന്നുണ്ട്.

റീ റിലീസിംഗ് പടങ്ങളിൽ ഏറെ ശ്രദ്ധ നേടിയ ദേവദൂതൻ റീമാസ്റ്ററിംഗ് ജോലികൾക്ക് നേതൃത്വം നൽകിയ ഹൈ സ്റ്റുഡിയോസ് ആണ് ഫ്രണ്ട്സിന്റെ 4കെ മാസ്റ്ററിംഗ് ചെയ്യുന്നത്. ആക്ഷൻ കോമഡി രംഗങ്ങൾക്കൊപ്പം സംഗീതത്തിനും ഏറെ ശ്രദ്ധ നേടിയ ചിത്രത്തിൽ പളനി ഭാരതിയുടെ വരികൾക്ക് ഇളയരാജയാണ് സംഗീതം ഒരുക്കിയിരിക്കുന്നത്. ഛായാഗ്രഹണം: ആനന്ദക്കുട്ടൻ, എഡിറ്റിംഗ്: ടി. ആർ. ശേഖർ ആൻഡ് കെ. ആർ. ഗൗരീശങ്കർ, ഡയലോഗ്: ഗോകുല കൃഷ്ണൻ, ആർട്ട് മണി സുചിത്ര, ആക്ഷൻ: കനൽ കണ്ണൻ.

# രാമഴവില്ല് ചിത്രീകരണം പൂർത്തിയായി

മലയാളത്തിലെ മികച്ച സംവിധായരുടെ അസിസ്റ്റന്റ് ഡയറക്ടറായി പ്രവർത്തിക്കുകയും, കലാമൂല്യവും ശക്തവുമായ സന്ദേശവും നിറഞ്ഞ നിരവധി ഹ്യസ്വ ഫിലിമുമുകൾ മലയാളികൾക്ക് സമ്മാനിക്കുകയും ചെയ്ത ഫിലാഡൽഫിയായുടെ സ്വന്തം കലാകാരൻ സജു വർഗീസ്, അമേരിക്ക പശ്ചാത്തലമാക്കി സംവിധാനവും കാമറായും സംവിധാനം ചെയ്ത ഹ്രസ്വ ചിത്രം രാമഴവില്ല് ഫിലാഡൽഫിയയിൽ ചിത്രീകരണം പൂർത്തിയാക്കി. ചിത്രത്തിന്റെ ഫസ്റ്റ ലുക്ക് പോസ്റ്റർ നടൻ വിഷ്ണു ഉണ്ണികൃഷ്ണൻ പാലക്കാട് പ്രകാശനം ചെയ്തു.




ഫിലിപ്പ് തോമസാണ് കഥയും തിരക്കഥയും രചിച്ചിരിക്കുന്നത്. അക്കരക്കാഴ്ച്ചകൾ എന്ന വെബ് സീരീസിലൂടെയും നിരവധി സിനിമകളിലൂടെയും ഷോർട്ട് ഫിലിമുകളിലൂടെയും ശ്രദ്ധേയനായ അമേരിക്കൻ മലയാളി ജോസുകുട്ടി വലിയകല്ലുങ്കലാണ് ചിത്രത്തിന്റെ നായക വേഷം അണിയുന്നത്. ട്രൈസ്റ്റേറ്റ് ഏരിയായിൽ അറിയപ്പെടുന്ന നർത്തകിയായ ആശാ അഗസ്റ്റിൻ നായികയായി അഭിനയിക്കുന്നു. ഷാലു പുന്നൂസ്, ജോർജുകുട്ടി ജോർജ് എന്നിവർ ചിത്രത്തിൽ പ്രധാന വേഷങ്ങൾ അവതരിപ്പിക്കുന്നു. കെസിയ വിഷ്വൽ യുഎസ്എ അവതരിപ്പിക്കുന്ന രാമഴവില്ല് ഉടൻ പ്രേക്ഷകരുടെ മുമ്പിലെത്തും.

# ലോകത്തെ ആദ്യ എഐ മൂവി ‘ലൗയു’ പ്രദർശനത്തിനെത്തുന്നു

ലോകത്തെ ആദ്യ എഐ മൂവി ലൗയു അണിഞ്ഞൊരുങ്ങുന്നു. റോഷിക എന്റർപ്രൈസസിന്റെ ബാനറിൽ പവൻ കുമാർ നിർമിക്കുന്ന ഈ ചിത്രം എ. നാരായണ മൂർത്തി, രചനയും സംവിധാനവും നിർവഹിക്കുന്നു. ചിത്രീകരണം പൂർത്തിയായ സിനിമയുടെ ട്രെയിലർ റിലീസ് ചെയ്തു.



13 ഗാനങ്ങളാണ് ചിത്രത്തിലുള്ളത്. സാജു തുറവൂർ ആണ് ഗാനരചന. അജയ് വാര്യർ, രഞ്ജിനി ജോസ് എന്നിവരാണ് ആലാപനം. ആദ്യമാണ് ഒരു ചിത്രത്തിനു വേണ്ടി ഇത്രയും ഗാനങ്ങൾ ഉൾപ്പെടുത്തുന്നത്.

ചിത്രത്തിന്റെ മനോഹാരിത വർധിപ്പിക്കാൻ ഈ ഗാനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വ്യത്യസ്തമായൊരു പ്രണയ കഥയാണ് ഈ ചിത്രം പറയുന്നത്.

ഒരു ഗായകന്റെ പ്രണയ കഥ. കാമുകിയുടെ നന്മയ്ക്കുവേണ്ടി, സ്വന്തം ജീവിതം നോക്കാതെ പ്രണയം ഉപേക്ഷിച്ച, നന്മയുള്ള ഒരു കാമുകന്റെ കഥ.

ഇന്ത്യയിലെ എല്ലാ ഭാഷകളിലും, നിർമിക്കുന്ന ഈ ചിത്രം, പ്രേക്ഷകരെ വിസ്മയിപ്പിക്കും. നല്ലൊരു എന്റർടെയ്നറായാണ് ചിത്രം പ്രേക്ഷകരുടെ മുമ്പിലെത്തുന്നത്.

എഐ ക്രിയേറ്റർ- നൂതൻ, പിആർഒ അയ്മനം സാജൻ, വിതരണം- റോഷിക എന്റർപ്രെസസ്. ചിത്രം ഉടൻ തിയേറ്ററിലെത്തും.




# തിരക്കഥാകൃത്ത് ജയ് വിഷ്ണുവിന്റെ സിനിമായാത്രകൾ



പത്തനംതിട്ട കുമ്പഴയാണു ജയ് വിഷ്ണുവിന്റെ സ്വദേശം. എംബിഎയ്ക്കു ശേഷം ബംഗളൂരുവിലും കേരളത്തിലുമായി ജോലിയായിരുന്നു. സിനിമയിലെത്തണമെന്ന മോഹം പൂർത്തീകരിക്കാനായി ജോലി രാജി വെയ്ക്കുമ്പോൾ ഒരു കമ്പനിയുടെ കേരളാ സെയിൽസ് ഹെഡ് ആയിരുന്നു. അന്വേഷണം, സാജൻ ബേക്കറി, ചതുർമുഖം എന്നിങ്ങനെ ചില സിനിമകളിൽ അഭിനയിച്ചാണു തുടക്കം. അപ്പോഴേക്കും കൊറോണയായി, അഭിനയം മുടങ്ങി. എഴുതിയ സിനിമയും നടന്നില്ല.

ഷറഫുമായി മുമ്പുള്ള പരിചയം ഞാൻ എറണാകുളത്തു വന്ന ശേഷം ദൃഢമായി. ഒരേ വൈബിലുള്ള, ഒരേ പോലെ സിനിമ സംസാരിക്കുന്ന രണ്ടു പേർ തമ്മിലുള്ള സൗഹൃദം. ഞാനും മഹേഷ് ഗോപാലും ചേർന്നെഴുതിയ ഒരു കഥ ഷറഫിനു ഇഷ്ടമായി. അതാണു 'മധുര മനോഹര മോഹം'. അതു നല്ല രീതിയിൽ ഓടി. ഹിറ്റായി. ആ സിനിമയ്ക്കൊപ്പം കമിറ്റ് ചെയ്തതാണ് പെറ്റ് ഡിറ്റക്ടീവും. ഷറഫുദീൻ പ്രൊഡക്ഷൻസിനുവേണ്ടി ഞാൻ ഇതിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറുമാണ്. ഒപ്പം, ഇതിൽ കാട്ടാളൻ സുനി എന്ന വേഷവും അഭിനയിച്ചു.

നമ്മൾ കണ്ടിട്ടുള്ള പല സാമൂഹിക വിഷയങ്ങളും മധുരമനോഹര മോഹത്തിൽ രസകരമായി കാണിച്ചിട്ടുണ്ടെന്നേയുള്ളൂ. അതിനെ ഓവറാക്കാൻ ശ്രമിക്കുമ്പോഴോ അതിലേക്ക് സ്ട്രസ് കൊടുക്കുമ്പോഴോ ആണ് വിവാദങ്ങളും പ്രശ്നങ്ങളും ഉണ്ടാകുന്നത്. നമ്മൾ ആരുടെയും ഫീലിംഗ്സ് മുറിപ്പെടുത്താനോ അതുവെച്ച് പൊളിറ്റിക്സ് പറയാനോ സിനിമ ചെയ്യുന്നവരല്ലല്ലോ. എന്നാൽ കാണിക്കേണ്ടതു കാണിക്കുകയും വേണം. നമ്മൾ പറഞ്ഞതിന്റെ ഉദ്ദേശ്യശുദ്ധി ആളുകൾക്കു മനസ്സിലാകുന്നുവെന്നത് നല്ല കാര്യമാണ്.

പ്രേമിച്ച പെണ്ണിനെ കല്യാണം കഴിക്കാൻ ഡിറ്റക്ടീവാകുന്ന ചെറുപ്പക്കാരന്റെ കഥ പറയുന്ന കോമഡി എന്റർടെയ്നർ പെറ്റ് ഡിറ്റക്ടീവിന്റെ സംവിധാനം പ്രനീഷ് വിജയനാണ്. ഷറഫുദീനും അനുപമ പരമേശ്വരനുമാണ് പ്രധാന വേഷങ്ങളിൽ. മധുരമനോഹര മോഹത്തിന്റെ സഹ തിരക്കഥാകൃത്ത് ജയ് വിഷ്ണുവും ഹാപ്പി വെഡിംഗിന്റെ സഹ എഴുത്തുകാരൻ പ്രനീഷ് വിജയനും ചേർന്ന് തിരക്കഥയെഴുതി.

ഇതു പെറ്റ് ഡിറ്റക്ടീവിന്റെ കഥയാണ്. അതിനാൽ പെറ്റ്സിനു കഥയിൽ പ്രാധാന്യമുണ്ട്. എന്നാൽ പടം മുഴുവൻ പെറ്റ്സിന്റെ കഥയല്ലതാനും. പ്രണയവും ഫൈറ്റും ത്രില്ലിംഗ് സീക്വൻസുകളുമുള്ള അഡ്വഞ്ചർ കോമഡിയാണിത്.

എല്ലാവർക്കും പെറ്റ്സുണ്ടാകും. ചിലർക്കു പട്ടി, ചിലർക്കു പൂച്ച, ചിലർക്കു മറ്റു ജീവികൾ. കാണാതാകുന്ന പെറ്റ്സിനെ കണ്ടുപിടിക്കുന്ന ഒരു ഡിറ്റക്ടീവ്. അയാളിലേക്കു വരുന്ന പെറ്റ്സ് മിസിംഗ് കേസുകൾ. അതുമായി ബന്ധപ്പെട്ട മറ്റു കേസുകൾ. അങ്ങനെ പലപല കഥകൾ കോമഡി രീതിയിൽ പറഞ്ഞുപോകുന്ന സിനിമയാണു പെറ്റ് ഡിറ്റക്ടീവ്. ടോണി ജോസ് അലൂലയെന്ന ടൈറ്റിൽ വേഷത്തിൽ ഷറഫുദീൻ. ടോണിയുടെ അച്ഛൻ ജോസ് അലൂലയായി രഞ്ജി പണിക്കർ. ഇവരുടെ ഡിറ്റക്ടീവ് ഏജൻസിയിൽ ഷറഫുദീന്റെ സഹായിയാണ് ജോമോൻ ജ്യോതിറിന്റെ കഥാപാത്രം. ദാസനും, വിജയനും, സിഐഡി മൂസ... കോമഡിയായതും അല്ലാത്തതുമായ ധാരാളം ഡിറ്റക്ടീവുകളെ പ്രേക്ഷകർ കണ്ടു കഴിഞ്ഞതാണ്. അതിൽ നിന്നെല്ലാം വലിയ വ്യത്യസ്തത എന്നൊന്നും അവകാശപ്പെടുന്നില്ല. 2025-ൽ കൊച്ചിയിൽ ജീവിക്കുന്ന ഒരു ഡിറ്റക്ടീവിന്റെയും അയാളുടെ സഹായിയുടെയും കഥയാണിത്.

കൊറോണകാലത്തു ഫറഫുദീനും സുഹൃത്തുക്കളും ഫ്ളാറ്റിലായിരുന്നപ്പോൾ അവരുടെ കൂട്ടത്തിൽപ്പെട്ട ഒരാളുടെ പട്ടിക്കുട്ടിയെ കാണാതായി. നസ്റിയയും സൗബിനും ഉൾപ്പെടെയുള്ളവർ അതിനെ കണ്ടുപിടിക്കാൻ സമൂഹമാധ്യമങ്ങളിൽ ഫോട്ടോ ഷെയർ ചെയ്തിരുന്നു. അതിനെ പിന്നീടു തിരിച്ചുകിട്ടി. അതു കുറച്ചു കുട്ടികളുടെ കൈകളിലായിരുന്നു. ആ സംഭവത്തിന്റെ പശ്ചാത്തലത്തിൽ ഷറഫിനു തോന്നിയ ഒരാശയമാണ് പെറ്റ് ഡിറ്റക്ടീവ്. ആ സമയത്ത് ഷറഫ് പ്രനീഷുമായി വേറൊരു സിനിമയ്ക്കുള്ള ആലോചനകളിലായിരുന്നു. ഷറഫിന്റെ ആശയം മുൻ നിർത്തി ഈ കഥ എഴുതി തുടങ്ങുകയും ഒരു ഘട്ടത്തിൽ എന്നെക്കൂടി അതിലേക്ക് എഴുതാൻ വിളിക്കുകയുമായിരുന്നു. പ്രനീഷ് നല്ല ഹ്യൂമർ സെൻസുള്ള ആളായതിനാൽ ഒന്നിച്ചു




വർക്ക് ചെയ്യാൻ നല്ല വൈബാണ്.

ടോണി ജോസ് അലൂല ഏറെ എന്റർടെയ്നിംഗ് കഥാപാത്രമാണ്. ഫോഴ്സിലുള്ള ഒരാൽക്കു മാത്രമെ പെണ്ണിനെ കൊടുക്കൂ എന്ന് ടോണി പ്രേമിക്കുന്ന പെണ്ണിന്റെ അച്ഛൻ പറയുന്നു. ടോണിക്കറിയാവുന്ന ഫോഴ്സ് അച്ഛന്റെ ഡിറ്റക്ടീവ് ഫോഴ്സാണ്. അങ്ങനെ ഡിറ്റക്ടീവായ ഒരാളാണു ടോണി ജോസ് അലൂല. അനുപമ പരമേശ്വരനാണു ഷറഫിന്റെ പെയർ. ആർച്ചറി കോച്ചായ കൈകേയി മേനോൻ- അതാണു കഥാപാത്രം. കൈകേയിയും ടോണിയും തമ്മിലുള്ള പ്രണയം കഥയുടെ മറ്റൊരു സൈഡാണ്. അലൂല പിന്നീടു നടത്തുന്ന കേസുകളും മറ്റുമാണ് പടത്തിന്റെ കഥ കൊണ്ടുപോകുന്നത്. അത്ലറ്റിക് ബോഡിയുള്ള എനർജറ്റിക്കായ ഓടുകയും ചാടുകയും ചെയ്യുന്ന സുന്ദരിയായ ഒരുനടിയെയാണു പരിഗണിച്ചത്.

അനുപമ കുറേക്കാലമായി മലയാളത്തിൽ സിനിമകൾ ചെയ്തിരുന്നില്ല. അനുപമ ഷറഫിന്റെയും മറ്റും സുഹൃത്തായതിനാൽ സമീപിക്കാൻ എളുപ്പമായി. കഥ കേട്ടയുടനെ തന്നെ പടം ചെയ്യാമെന്നു സമ്മതിച്ചു. തിരക്കഥ റെഡിയാകും വരെ രണ്ടു മൂന്നു വർഷം കാത്തിരുന്നു അനുപമ ഈ പടം ചെയ്തു.

ഇൻവെസ്റ്റിഗേഷൻ കഥയുടെ ഭാഗമാണ്. പക്ഷേ ബ്രില്യന്റ് ഇൻവെസ്റ്റിഗേഷൻ എന്ന രീതിയിലല്ല അത്. കുട്ടികൾക്കുകൂടി മനസ്സിലാകുന്ന രീതിയിൽ, ഹ്യൂമർ മൂഡിൽ പോകുന്ന എല്ലാവരും ഇഷ്ടപ്പെടുന്ന ഇൻവെസ്റ്റിഗേഷൻ. ഇതിലെ കഥാപാത്രങ്ങളും അങ്ങനെതന്നെയാണ്. ഒരുപാടു കഥാപാത്രങ്ങളിലൂടെ രസകരമായി പോകുന്ന ഇൻവെസ്റ്റിഗേഷൻ. രജിത് മേനോൻ എന്ന പോലീസ് വേഷത്തിൽ വിനയ് ഫോർട്ടും ഒരു പ്രധാന വേഷത്തിൽ വിനായകനും സ്ക്രീനിലെത്തുന്നു. വിജയരാഘവൻ, പ്രേമലുവിലെ ശ്യാമോഹൻ, യൂട്യൂബേഴ്സായ സഞ്ജു, ലക്ഷ്മി, രോമാഞ്ചം ഫെയിം ജഗദീഷ് തുടങ്ങിയവരുമുണ്ട്.

സുഹൃത്ത് ബിബിൻ മോഹനൊപ്പം എഴുതിയ 'മധുവിധു'വിൽ പത്തനംതിട്ടയ്ക്കു പ്രാധാന്യമുണ്ട്. നവംബർ-ഡിസംബറിൽ റിലീസാകുന്ന ചിത്രം അടൂർ, തിരുവല്ല പശ്ചാത്തലത്തിലുള്ള ഫാമിലി കോമഡിയാണ്. സംവിധാനം വിഷ്ണു അരവിന്ദ്. അതിലും ഷറഫുദീനാണു നായകൻ. പത്തനംതിട്ടയുടെ പശ്ചാത്തലത്തിൽ ഇനിയും തിരക്കഥകൾ എഴുതുന്നുണ്ട്. കാരണം മറ്റൊന്നുമല്ല, സിനിമയ്ക്കൊരു ഫ്രഷ് ഫീൽ കിട്ടും. പിന്നെ എനിക്ക് ഏറ്റവും അറിയാവുന്ന ഒരു പ്രദേശവുമാണല്ലോ. നമുക്കറിയാവുന്ന കാര്യങ്ങളെക്കുറിച്ച് ഏറ്റവും നന്നായി എഴുതാൻ പറ്റുമെന്നാണ് എന്റെ വിശ്വാസം.

എഴുതിയ മൂന്നു ചിത്രങ്ങളും ലൈറ്റ് ഹാർട്ടഡ് കോമഡിയാണെങ്കിലും ഞാൻ ആക്ഷൻ ത്രില്ലർ ഫാനാണ്. മിഥോളജിയും ആക്ഷനും ത്രില്ലറുമൊക്കെ ചെയ്യാൻ താത്പര്യമുണ്ട്. ഒന്നുരണ്ടു വലിയ പടങ്ങളുടെ എഴുത്തിലും മറ്റു കാര്യങ്ങളിലുമാണ്. അടുത്ത വർഷംതന്നെ വലിയൊരു പടം ഉണ്ടാവട്ടെ എന്നാണ് ആഗ്രഹം.

# 'ധീര'ത്തിലെ ആദ്യഗാനം ഹിറ്റ്




ഇന്ദ്രജിത്ത് സുകുമാരൻ നായകനാകുന്ന 'ധീരം' എന്ന പുതിയ ചിത്രത്തിന്റെ ആദ്യ ഗാനം സമൂഹമാധ്യമങ്ങളിൽ ചർച്ചയായി. ടീസറിലെയും പോസ്റ്ററിലെയും വ്യത്യസ്തത ഗാനത്തിലും പരീക്ഷിച്ചത് വിജയമായെന്ന് അണിയറക്കാർ പറയുന്നു. ക്രൈം ഇൻ ഇൻവെസ്റ്റിഗേഷൻ മിക്സ് ആയി പ്രദർശനത്തിനെത്തുന്ന ചിത്രം സംവിധാനം ചെയ്യുന്നത് നവാഗതനായ ജിതിൻ ടി. സുരേഷ് ആണ്. ബി.കെ. ഹരിനാരായണന്റെ വരികൾക്ക് മണികണ്ഠൻ അയ്യപ്പ ഈണം പകർന്നിരിക്കുന്നു. മുരളി ഗോപി, സിത്താര കൃഷ്ണകുമാർ, ഉന്മേഷ് കൃഷ്ണ എന്നിവരാണ് ആലപിച്ചിരിക്കുന്നത്.

റെമോ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ എ. എസ്. റെമോഷ്, മലബാർ ടാക്കീസിന്റെ ബാനറിൽ ഹാരിസ് അമ്പഴത്തിങ്കൽ എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രത്തിന് ദീപു എസ്. നായർ, സന്ദീപ് സദാനന്ദൻ എന്നിവർ ചേർന്നാണ് തിരക്കഥ എഴുതിയിരിക്കുന്നത്.

അജു വർഗീസ്, ദിവ്യ പിള്ള, നിഷാന്ത് സാഗർ, രഞ്ജി പണിക്കർ, റെബ മോണിക്ക ജോൺ, സാഗർ സൂര്യ( പണി ഫെയിം), അവന്തിക മോഹൻ, ആഷിക അശോകൻ, സജൽ സുദർശൻ തുടങ്ങിയവരും പ്രധാന വേഷങ്ങളിലെത്തുന്നു.

### അടിമാലി മണ്ണിടിച്ചിൽ: ഒരു മരണം

# ദേശീയപാതാ നിർമാണം നിർത്തിവെച്ചു

അടിമാലി: ടൗണിൽനിന്ന് ഒന്നര കിലോമീറ്റർ അകലെ എട്ടുമുറിയിൽ ദേശീയപാതയോരത്തെ മലയിടിഞ്ഞു താഴേക്കു പതിച്ചു വീട്ടിൽ കുടുങ്ങിയ ദമ്പതികളിൽ ഭർത്താവിനു ദാരുണാന്ത്യം. അഞ്ച് മണിക്കൂർ നീണ്ട രക്ഷാപ്രവർത്തനത്തിനൊടുവിൽ ഭാര്യയെ ഗുരുതര പരുക്കുകളോടെ രക്ഷപ്പെടുത്തി. എൻ.കെ. ബിജുവാണ് (47) മരിച്ചത്. ബിജുവിന്റെ ഭാര്യ സി.എ. സന്ധ്യയെ (41) ആലുവ രാജഗിരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അപകടത്തിൽ അടിമാലി എട്ടുമുറി ലക്ഷംവീട് നഗറിലെ ആറ് വീടുകൾ പൂർണമായും മൂന്ന് വീടുകൾ ഭാഗികമായും തകർന്നു. ദുരന്തബാധിത പ്രദേശത്തെ 44 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ജില്ലാ ഭരണകൂടം തീരുമാനിച്ചു. ഒക്ടോബർ 25-ന് ശനിയാഴ്ച രാത്രി 10.15-നാണ് അടിമാലി എട്ടുമുറി ഭാഗത്ത് വലിയ ശബ്ദത്തോടെ, 50 അടി ഉയരത്തിലുള്ള മലയിടിഞ്ഞു താഴേക്കു പതിച്ചത്. ദേശീയപാതയുടെ നിർമാണ പ്രവർത്തനത്തിലെ അപാകത മൂലം മലയുടെ ഒരുഭാഗം വിണ്ടിരുന്നതിനാൽ ജില്ലാ ഭരണകൂടം ഇടപെട്ട് 22 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിരുന്നു.

അധികൃതരുടെ നിർദേശപ്രകാരം ബിജു തൊട്ടടുത്തുള്ള കുടുംബവീട്ടിലേക്കു മാറിയിരുന്നു. ആഹാരം കഴിക്കാനായി ഭാര്യ സന്ധ്യയുമൊത്ത് രാത്രി വീട്ടിലേക്ക് എത്തിയപ്പോഴാണ് മലയിടിഞ്ഞത്. വീട് നിലംപതിച്ചതോടെ കോൺക്രീറ്റ് പാളികൾക്ക് അടിയിൽ ബിജുവും സന്ധ്യയും അകപ്പെടുകയായിരുന്നു. ഒരാളുടെ മരണത്തിനിടയാക്കിയ അടിമാലിയിലെ മണ്ണിടിച്ചിലിനെത്തുടർന്ന് കൊച്ചി-ധനുഷ്കോടി ദേശീയപാത വീതികൂട്ടുന്ന എല്ലാ നിർമാണവും നിർത്തിവെക്കാൻ കളക്ടർ ഡോ. ദിനേശൻ ചെറുവാട്ട് ഉത്തരവിട്ടു. കൂടുതൽ മണ്ണിടിച്ചിൽ സാധ്യത മുന്നിൽക്കണ്ടാണിത്. സംഭവസ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ പ്രത്യേകസംഘത്തെയും നിയോഗിച്ചു. റോഡിലേക്കും വീടുകളിലേക്കും ഇടിഞ്ഞുവീണ മണ്ണ് നീക്കംചെയ്യുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

അശാസ്ത്രീയമായ മണ്ണെടുപ്പ്, കഴിഞ്ഞദിവസങ്ങളിലുണ്ടായ തീവ്രമഴ എന്നിവ കാരണമാണ് അടിമാലി ലക്ഷംവീട് നഗറിനുമുകളിൽ വൻദുരന്തമുണ്ടായത്. ശാസ്ത്രീയപഠനങ്ങളും മുന്നൊരുക്കവുമില്ലാതെയാണ് മണ്ണുമാറ്റിയത്.

ദേശീയപാതയുടെ നവീകരണവുമായി ബന്ധപ്പെട്ട് വാളറ മുതൽ രണ്ടാംമൈൽ പള്ളിവാസൽ വരെയുള്ള ദൂരത്തിൽ പലയിടങ്ങളിലും നടന്നത് അശാസ്ത്രീയ നിർമാണമെന്ന് നാട്ടുകാർ പരാതികൊടുത്തിരുന്നു. ഈ പരാതി മുഖവിലയെടുക്കാൻ കൂട്ടാക്കാത്തതാണ് ദുരന്തത്തിലേക്ക് നയിച്ചതെന്ന് നാട്ടുകാർ ആരോപിക്കുന്നു. എൻഎച്ച്എഐ, റവന്യൂ വിഭാഗം അധികൃതർക്കാണ് എട്ടുമുറിയിലെ നാട്ടുകാർ പരാതി നൽകിയത്.



എൻ.കെ. ബിജു

പാതയുടെ കട്ടിങ് സൈഡിൽനിന്ന് വൻതോതിൽ മണ്ണെടുക്കുമ്പോൾ വേണ്ട മുൻ കരുതൽ നടപടികളും ശാസ്ത്രീയ പരിശോധനകളും സ്വീകരിച്ചിരുന്നില്ല. 40 അടിയോളം ഉയരത്തിലാണ് പാതയുടെ നവീകരണവുമായി ബന്ധപ്പെട്ട് മണ്ണ് നീക്കിയത്. ഒട്ടും ഉറപ്പില്ലാത്ത മണ്ണാണെന്നറിഞ്ഞിട്ടും കരാറുകാർ ലാഘവത്തോടെയാണ് പണി നടത്തിയതെന്ന് നാട്ടുകാർ പറയുന്നു. റോഡിന് താഴത്തെ പാത തുരന്നതും മലയ്ക്ക് ആഘാതമുണ്ടാക്കി. 40 അടിയോളം ഉയരത്തിൽ മണ്ണ് നീക്കം ചെയ്തതിനും മുകൾ ഭാഗത്തായി 30 അടിയിലേറെ നീളത്തിൽ ഭൂമി വിണ്ടുകീറി. ഇതും നാട്ടുകാർ ചൂണ്ടിക്കാണിച്ചു.


24-ന് വെള്ളിയാഴ്ചയാണ് ഇവിടെ മണ്ണിടിച്ചിൽ ആരംഭിച്ചത്. 25-ന് പാതയിലേക്ക് വൻതോതിൽ മണ്ണിടിഞ്ഞതോടെ ഗതാഗതം ഒറ്റവരിയാക്കി. രാത്രിയോടെ മണ്ണ് നീക്കി ഗതാഗതം സുഗമമാക്കുന്നതിന് അധികൃതർ ഉറപ്പു നൽകിയെങ്കിലും മണ്ണിടിച്ചിൽ തുടർന്നു.

ഇതോടെ ഒറ്റവരി ഗതാഗതവും നിർത്തി. രാത്രി പത്തിനു പാതയുടെ കട്ടിങ് സൈഡിനു മുകളിൽ വിണ്ടുകീറിയിരുന്ന ഭാഗം ഉൾപ്പെടെ വൻതോതിൽ മല ഇടിഞ്ഞു റോഡിനു താഴേക്കു പതിച്ചതോടെയാണു വീടുകൾ പലതും മണ്ണിനടിയിലാകുകയും ബിജുവും ഭാര്യ സന്ധ്യയും വീടിന്റെ കോൺക്രീറ്റിന് ഇടയിൽപ്പെടുകയും ചെയ്തത്.

## ബെയ്ജിങ്ങിൽ ടാഗോറിന്റെ അർദ്ധകായ പ്രതിമ

ബെയ്ജിങ്: പ്രശസ്ത ചൈനീസ് ശില്പി യുവാൻ ഷികുൻ നിർമ്മിച്ച രവീന്ദ്രനാഥ ടാഗോറിന്റെ അർദ്ധകായപ്രതിമ ചൈനയുടെ തലസ്ഥാനമായ ബെയ്ജിങ്ങിലെ ഇന്ത്യൻ സ്ഥാനപതി കാര്യാലയത്തിൽ അനാച്ഛാദനം ചെയ്തു.

ഇന്ത്യൻ തത്വചിന്താ പാരമ്പര്യത്തിന്റെ പ്രചാരണം ലക്ഷ്യമിട്ട് 'സംഗമം' എന്ന പേരിൽ സ്ഥാനപതി കാര്യാലയം സംഘടിപ്പിച്ച സിമ്പോസിയത്തിന്റെ ഭാഗമായാണ് പ്രതിമ സ്ഥാപിച്ചത്.



# സൈബർ തട്ടിപ്പുകൾ തടയാൻ മൊബൈൽ വാലിഡേഷൻ പ്ലാറ്റ്ഫോം

കൊച്ചി: സൈബർ തട്ടിപ്പുകൾ തടയാൻ മൊബൈൽ നമ്പർ വാലിഡേഷൻ പ്ലാറ്റ്ഫോം അവതരിപ്പിക്കാൻ ടെലികോം വകുപ്പ് നടപടികൾ തുടങ്ങി. ഇത് ഉപയോഗിച്ച് ബാങ്കുകൾക്കും ഇതര ധനകാര്യ സ്ഥാപനങ്ങൾക്കും ഉപഭോക്തൃ ഐഡന്റിറ്റികൾ പരിശോധിക്കാൻ സാധിക്കും എന്നതാണ് ഏറ്റവും വലിയ സവിശേഷത.

മാത്രമല്ല, ഫിഷിംഗ് ഉൾപ്പെടെയുള്ള സൈബർ തട്ടിപ്പുകൾ വർദ്ധിക്കുന്നത് തടയാൻ പുതിയ സംവിധാനം വഴി ഒരു പരിധിവരെ സാധിക്കും എന്നാണ് ടെലികോം വകുപ്പിന്റെ പ്രതീക്ഷ.

ടെലികോം വകുപ്പിന്റെ ലൈസൻസുള്ള മൊബൈൽ ഓപ്പറേറ്റർമാർക്ക് മാത്രമായിരിക്കും പുതിയ സംവിധാനം ബാധകമാകുക.ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷ്വറൻസ് സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് സ്വമേധയാ ഇതിൽ പങ്കാളികളാകാമെന്നും ടെലികോം വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്.

മൊബൈൽനമ്പർ വാലിഡേഷൻ (എംഎൻവി) പ്ലാറ്റ്ഫോമിലൂടെ വിശദാംശങ്ങൾ പരിശോധിച്ച് മൊബൈൽ നമ്പർ ശരിയായ വ്യക്തിയുടേതാണോ എന്ന് പരിശോധിച്ച് ഉറപ്പിക്കാൻ കഴിയും.

ഏതാനും മാസങ്ങൾക്കുള്ളിൽ എംഎൻവി സംവിധാനം പൂർണമായും സജ്ജമാകും. ഇതോടെ പുതിയ അക്കൗണ്ടുകൾ തുറക്കുമ്പോൾ ഉപഭോക്താക്കളുടെ വിശദാംശങ്ങൾ പരിശോധിക്കാൻ ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഇൻഷ്വറൻസ് കമ്പനികൾക്കും സാധിക്കും. ഇതുവഴി സൈബർ തട്ടിപ്പുകൾ വലിയ തോതിൽ കുറയ്ക്കാൻ കഴിയും.

നിലവിൽ ബാങ്ക് അക്കൗണ്ടുകളുമായി ബന്ധിപ്പിച്ചിരിക്കുന്ന മൊബൈൽ നമ്പരുകൾ യഥാർത്ഥത്തിൽ അക്കൗണ്ട് ഉടമകളുടെ തന്നെയാണെന്ന് ഉറപ്പാക്കാൻ നിയമപരമായ ഒരു സംവിധാനവുമില്ല. ഈ പ്രശ്നത്തിനു പരിഹാരം കാണാനാണ് ടെലികോം സൈബർ സുരക്ഷാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നത്.

ഇതിലൂടെ ബാങ്കുകൾക്കും ഫിൻടെക് സ്ഥാപനങ്ങൾക്കും ടെലിഫോൺ നമ്പരുകളുടെ ഉടമസ്ഥാവകാശം ടെലികോം കമ്പനികളുമായി ബന്ധപ്പെട്ട് നേരിട്ട് പരിശോധിക്കാൻ എംഎൻവി സംവിധാനം വഴി കഴിയും.

ടെലികോം കമ്പനികൾ സ്വമേധയാ ഈ പ്ലാറ്റ്ഫോമിൽ പ്രവേശിച്ച് മറ്റുള്ളവർക്ക് പ്രയോജനകരമാക്കണമെന്നും വകുപ്പ് നിഷ്കർഷിക്കുന്നു. ഇ-കൊമേഴ്സ് സ്ഥാപനങ്ങൾ, ഭക്ഷ്യവിതരണ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ തുടങ്ങിയവയ്ക്ക് ഈ സംവിധാനത്തിൽ പ്രവേശിക്കണമെന്ന് നിർബന്ധമില്ല.

എന്നാൽ, ഈ സ്ഥാപനങ്ങൾക്കും മൊബൈൽ നമ്പറുകളുടെ ആധികാരികത പരിശോധിക്കണമെങ്കിൽ നിർദിഷ്ട ഫീസ് അടച്ച് അവർക്കും എംഎൻവി പ്ലാറ്റ്ഫോമിന്റെ ഭാഗമാകാൻ സാധിക്കും.

# അതിർത്തിയിൽ ഇന്ത്യൻ സേനാവ്യൂഹങ്ങൾ

ന്യൂഡൽഹി: അതിർത്തിയിലെ സർ ക്രീക്കിൽ സൈനികാഭ്യാസത്തിനുള്ള ഇന്ത്യയുടെ നീക്കം പാകിസ്ഥാനു കടുത്ത ആശങ്കയാകുന്നു.

കര, നാവിക, വ്യോമസേനകളുടെ പത്തുദിവസം നീളുന്ന സൈനികാഭ്യാസം 'ത്രിശൂൽ' അടുത്ത വ്യാഴാഴ്ച മുതൽ നവംബർ പത്തുവരെയാണു നടത്തുക.

ഇതേത്തുടർന്ന് അടുത്ത ചൊവ്വ, ബുധൻ ദിവസങ്ങളിൽ വ്യോമാതിർത്തിയിൽ പാകിസ്ഥാൻ നിയന്ത്രണങ്ങൾ പ്രഖ്യാപിച്ചു. രണ്ടുദിവസവും മധ്യ, തെക്കൻ വ്യോമപാതകളിലാണു നിയന്ത്രണം. ഇതിന്റെ കാരണം പാകിസ്ഥാൻ വ്യക്തമാക്കിയിട്ടില്ല. അതേസമയം, ഇന്ത്യൻ അതിർത്തിയിൽ സൈനികാഭ്യാസം പ്രഖ്യാപിച്ചേക്കുമെന്ന അഭ്യൂഹവും നിലനിൽക്കുന്നുണ്ട്.

ഗുജറാത്തിലെ സർ ക്രീക്ക് മേഖലയിലാണ് കര, വ്യോമ, നാവിക സേനകൾ അഭ്യാസത്തിനൊരുങ്ങുന്നത്. 96 കിലോമീറ്ററോളം നീളുന്ന ചതുപ്പുമേഖല ഇന്ത്യയെ സംബന്ധിച്ച് തന്ത്രപ്രധാനമാണ്.

കറാച്ചിയിലേക്കുള്ള സമുദ്രവ്യാപാരത്തിന് വെല്ലുവിളി സൃഷ്ടിക്കുക എന്നതാണ് സേനയുടെ പ്രധാനലക്ഷ്യം. ഒന്നിലേറെ യുദ്ധമുഖങ്ങൾ തുറക്കാമെന്ന സാധ്യത പാകിസ്ഥാന്റെ ആശങ്ക വർധിപ്പിക്കും.

## തെരുവുനായ നിയന്ത്രണം

(3-ാം പേജിൽനിന്നും)

ഡൽഹിയിലെ തെരുവുനായ വിഷയത്തിൽ സുപ്രീംകോടതി നേരിട്ട് ഇടപെട്ട് ഉത്തരവിറക്കിയിരുന്നു. അതു വൻതോതിൽ വിമർശനവിധേയമായിരുന്നു. തെരുവുനായ ശല്യം ഇല്ലാതാക്കാൻ കഴിയുന്ന അനിമൽ ബർത്ത് കൺട്രോൾ നടപ്പിലാക്കാനെടുത്ത നടപടിക്രമങ്ങളെക്കുറിച്ചായിരുന്നു കോടതി സത്യവാങ്മൂലം തേടിയത്. ഓഗസ്റ്റ് 22-നായിരുന്നു ഇത്. 27-ന് ജസ്റ്റിസുമാരായ വിക്രംനാഥ്. സന്ദീപ് മേത്ത, എൻ.വി. അൻജാരിയ എന്നിവരുടെ ബെഞ്ചാണ് കേസ് പരിഗണിച്ച് സത്യവാങ്മൂലം നൽകാത്ത സംസ്ഥാനങ്ങളിലെ ചീഫ് സെക്രട്ടറിമാരോട് ഹാജരാകാൻ നിർദേശം നൽകിയത്. ഈ സംസ്ഥാനങ്ങൾക്കു പുറമെ ഡൽഹി മുനിസിപ്പൽ കോർപറേഷൻ മാത്രമാണ് സത്യവാങ്മൂലം നൽകിയത്.

"സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിദേശ രാജ്യങ്ങളുടെ കണ്ണിൽ രാജ്യത്തിന്റെ പ്രതിച്ഛായ തകർന്നു എന്ന് ചിത്രീകരിക്കപ്പെടുന്നു. ഞങ്ങൾ വാർത്തകളും വായിക്കുന്നുണ്ട്" - ജസ്റ്റിസ് വിക്രംനാഥ് പറഞ്ഞു. അതേസമയം, ഡൽഹി സർക്കാർ എന്തുകൊണ്ടാണ് സത്യവാങ്മൂലം സമർപ്പിക്കാത്തതെന്ന് അഡീഷണൽ സോളിസിറ്റർ ജനറൽ അർച്ചന പഥക് ഡേവിനോട് ജസ്റ്റിസ് വിക്രംനാഥ് ചോദിച്ചു. ചീഫ് സെക്രട്ടറി വിശദീകരണം നൽകണം... അല്ലാത്തപക്ഷം പിഴ ചുമത്തുകയും നിർബന്ധിത നടപടികൾ സ്വീകരിക്കുകയും ചെയ്യും. എല്ലാ സംസ്ഥാനങ്ങൾക്കും/ കേന്ദ്രഭരണ പ്രദേശങ്ങൾക്കും നോട്ടീസുകൾ നൽകിയിരുന്നു... നിങ്ങളുടെ ഉദ്യോഗസ്ഥർ പത്രങ്ങളോ സമൂഹമാധ്യമങ്ങളോ വായിക്കാറില്ലേ? എല്ലാവരും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്... അവർക്ക് അറിവുണ്ടെങ്കിൽ മുന്നോട്ട് വരണം.

## പ്രസ്ക്ലബ് സമ്മേളനത്തിന്റെ വിജയശില്പികൾ

(25-ാം പേജിൽനിന്നും)

അവാർഡുകളും മെമന്റോകളും വിതരണം ചെയ്യുന്നതിന് സഹായിച്ച റെജി ജോർജിനും സുനിൽ നന്ദി അറിയിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, ഡോ. ജോൺ ബ്രിട്ടാസ് എംപി എന്നിവർ അയച്ച വിജയകാഹളങ്ങൾക്കും നന്ദി അറിയിച്ചു.

പുതിയ മാധ്യമരൂപങ്ങളുടെ ആവിർഭാവവും വളർച്ചയും നൂതന പ്രവർത്തനങ്ങളും മാധ്യമ വിമർശനത്തിന്റെയും വൈജ്ഞാനികവും വികാസ പരിണാമവുമായ അഭിരുചി/സംഘട്ടനങ്ങൾ എന്നിവരുടെ പ്രദർശനവേദി എന്ന നിലയിലാണ് 2025-ലെ ഈ മഹത്തായ കോൺഫറൻസിനെ എല്ലാവരും നോക്കിക്കണ്ടത് എന്നും സുനിൽ ട്രൈസ്റ്റാർ പറഞ്ഞു.

സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ രംഗങ്ങളിലെ നേതാക്കളും സഹൃദയരും ഒന്നിച്ചുകൂടി പരസ്പരം ആശയവിനിമയങ്ങൾ നടത്തിയെന്നതും ഇന്ത്യാ പ്രസ്ക്ലബിന് മാത്രം കഴിയുന്ന കാര്യമാണെന്ന് സുനിൽ ട്രൈസ്റ്റാർ അഭിമാനപുരസ്സരം സൂചിപ്പിച്ചു. ഇനിയും നല്ല ആശയങ്ങളും പ്രവർത്തനങ്ങളും കാഴ്ചവെക്കുവാൻ ഐക്യത്തോടും നിശ്ചയദാർഢ്യത്തോടും പ്രവർത്തിക്കുവാൻ ഇന്ത്യാ പ്രസ്ക്ലബിന് കഴിയട്ടെ എന്ന ആശംസയുമായി സുനിൽ ട്രൈസ്റ്റാർ പറഞ്ഞുനിർത്തി.

# ഹൂസ്റ്റണിൽ വ്യത്യസ്ത ശൈലിയിൽ ഒരു യുവജന തിരുനാൾ ആഘോഷം

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഫൊറോനാ ദേവാലയത്തിൽ പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ നടന്നുവരുന്ന പ്രധാന തിരുനാളിന്റെ ഭാഗമായി ഇടവകയിലെ എല്ലാ യുവജനങ്ങളും ചേർന്ന് നടത്തിയ തിരുനാൾ ഏറെ ശ്രദ്ധേയമായി.

പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ നടത്തപ്പെട്ട തിരുനാളിന് ഒക്ടോബർ എട്ടാം തീയതി ബുധനാഴ്ച വൈകിട്ട് 6.30-ന് വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവരുടെ കാർമ്മികത്വത്തിൽ കൊടിയേറ്റ് നടത്തപ്പെട്ടു. തുടർന്ന് ഒൻപത് ദിവസത്തെ നൊവേനയും ആറു ദിവസത്തെ ധ്യാനവും ആരാധനയും കുമ്പസാരവും നടന്നു. 2025 സെപ്റ്റംബർ 7-ന് കത്തോലിക്കാ തിരുസഭ വിശുദ്ധനായി പ്രഖ്യാപിച്ച വിശുദ്ധ കാർലോ അക്യൂറ്റസിന്റെ ആദ്യതിരുനാൾ ഒക്ടോബർ 12-ന് എല്ലാ







യുവജനങ്ങളും ചേർന്ന് ഇടവകയിൽ കൊണ്ടാടി. സീറോ മലങ്കര റീത്തിലുള്ള കുർബാനയും സീറോമലബാർ റീത്തിലെ റാസകുർബാനയും ഏറെ ശ്രദ്ധാർഹമായി.

ഒക്ടോബർ 18-ന് ശനിയാഴ്ച വിശുദ്ധ കുർബാനയ്ക്കും ശുശ്രൂഷകൾക്കും കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയുടെ പ്രസിഡണ്ടും തൃശൂർ







അതിരൂപതാദ്ധ്യക്ഷനുമായ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. സാൻ അന്റോണിയോ ഇടവക വികാരി ഫാ. ബോബൻ വട്ടംപുറത്ത് തിരുനാൾ സന്ദേശം നല്കി. തുടർന്ന് പരിശുദ്ധ അമ്മയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ട് ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ മെഴുകുതിരി കൈകളിലേന്തി ജപമാല പ്രദക്ഷിണം നടന്നു.

തിരുനാൾദിവസമായ ഒക്ടോബർ 19-ന് ഞായറാഴ്ച രാവിലെ 9.30-ന് ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഭക്തിനിർഭരവും ആഘോഷപൂർവകവുമായ റാസ കുർബാന നടന്നു. അതിൽ ദേവാലയം തിങ്ങിനിറഞ്ഞ ഇടവകാംഗങ്ങളുടെയും യുവജനങ്ങളുടെയും സജീവ സാന്നിദ്ധ്യവും ഉണ്ടായിരുന്നു.

ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് തിരുനാൾ സന്ദേശം നല്കി. തിരുനാൾ ഏറ്റെടുത്ത ഇടവകയിലെ യുവജനങ്ങളെ പിതാവ് അഭിനന്ദിച്ചു. ഊർജസ്വലതയോടും സജീവമായും ഇടവക പ്രവർത്തനങ്ങളിൽ മുഴുകുന്ന യുവജനതയെ കാണാൻ സാധിച്ചതിൽ സന്തോഷവും അഭിമാനവുമുണ്ടെന്ന് പിതാവ് ആമുഖമായി ഓർമ്മിപ്പിച്ചു. യുവജനങ്ങൾ മറിയത്തെപ്പോലെ ഈശോയെ ഹൃദയത്തിൽ സംഗ്രഹിച്ച് യേശുവിനു സാക്ഷികളാകുവാനും നവമാധ്യമങ്ങൾ പരമാവധി ഉപയോഗിച്ച് നന്മയുടെയും ക്രൈസ്തവ മൂല്യങ്ങളുടെയും പ്രചാരകരാകുവാനും മാർ ആൻഡ്രൂസ് താഴത്ത് ഉദ്ബോധിപ്പിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന മാർഗ്ഗങ്ങൾ പ്രചാരമാകുന്ന ഈ കാലത്ത് ഈവിധമായ രീതിയിലും യേശുവിനെ പ്രഘോഷിക്കുവാൻ യുവജനങ്ങൾ മുന്നോട്ടു വരണമെന്നും പിതാവ് തന്റെ സന്ദേശത്തിൽ പറഞ്ഞു.

ഒക്ടോബർ 19-ന് വൈകുന്നേരം 6.30-ന് കലാസന്ധ്യ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് ഇടവകയിലെ എല്ലാ കുട്ടികളും യുവജനങ്ങളും ചേർന്ന് അവതരിപ്പിച്ച അതിമനോഹരവും കണ്ണിനും കാതിനും ഇമ്പമേറുന്നതും മനസ്സുകളെ ത്രസിപ്പിക്കുന്നതുമായ ക്നാനായ



ക്രൈസ്തവ മൂല്യങ്ങൾ പകരുന്ന കലാസന്ധ്യ വർണ്ണാഭമായിരുന്നു. തുടർന്ന് രുചികരവും ഹൃദ്യവുമായ സ്നേഹവിരുന്നും ഉണ്ടായിരുന്നു.

തിരുനാൾ ദിവസങ്ങളിൽ എല്ലാ ദിവസവും വൈകുന്നേരം വിശുദ്ധ കുർബാനയും നൊവേനയും ഉണ്ടായിരുന്നു. ഒക്ടോബർ 11, 12 (ശനി, ഞായർ) ദിവസങ്ങളിൽ യുവജനങ്ങൾക്കും ഒക്ടോബർ 13-ന് തിങ്കൾ മുതൽ 15-ന് വ്യാഴം വരെ ഇടവകയിലെ എല്ലാവർക്കും വേണ്ടിയും വിശുദ്ധ കുർബാനയ്ക്കുശേഷം ഒൻപതു മണി വരെ ധ്യാനവും ആരാധനയും നടത്തപ്പെട്ടു. മിഷനറീസ് ഓഫ് അപ്പസ്തോലിക് ഗ്രേസ് യുകെയുടെ ബ്രദർ പ്രിൻസ് വിതയത്തിൽ, ജെറിൻ, നീതു, റോയ് തച്ചിൽ, ഷീബാ മുത്തോലത്ത് എന്നിവരാണ് ധ്യാനം നയിച്ചത്.


അഭിമാനത്തോടെ ഏറ്റെടുത്ത ഈ തിരുനാൾ ഊർജസ്വലതയോടും സ്നേഹത്തോടും സന്തോഷത്തോടും കൂടെ മനോഹരമാക്കുന്നതിനായി ഇടവകയിലെ യുവജനങ്ങളെല്ലാം ഏകമനസ്സോടെ രാവും പകലും കൈയും മെയ്യും ചേർന്ന് അലങ്കാരങ്ങളും ഒരുക്കങ്ങളും നടത്തി തിരുനാൾ വൻ വിജയമാക്കിയത് വിസ്മയകരമായ അനുഭവമായി.

ഒക്ടോബർ 18, 19 തീയതികളിലായി നടന്ന പ്രധാന തിരുനാളിന് കൈക്കാരന്മാരായ ജായിച്ചൻ തയ്യിൽപുത്തൻപുരയിൽ, ഷാജുമോൻ മുകളേൽ, ബാബു പറയംകാലായിൽ, ജോപ്പൻ പൂവപ്പാടത്ത്, ജെയിംസ് ഇടുക്കുതറയിൽ, പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജോസ് പുളിക്കത്തൊട്ടിയിൽ, സിസ്റ്റർ റെജി എസ്ജെസി, ബിബി തെക്കനാട്ട്, യുവജന പ്രതിനിധി ജെഫ് പുളിക്കത്തൊട്ടിയിൽ, ഡിആർഇ ജോൺസൺ വട്ടമറ്റത്തിൽ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂടാരയോഗ ഭാരവാഹികൾ, യുവജനങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മിറ്റികളായി തിരുനാൾ ഭംഗിയാക്കുന്നതിനായി നേതൃത്വം നല്കി.

ഇവയ്ക്കു നേതൃത്വം നല്കിയ എല്ലാവരെയും വികാരി ഫാ. അബ്രാഹം മുത്തോലത്ത്, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ എന്നിവർ അഭിനന്ദിച്ചു.








Published by **Grace Publications Inc.** Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**